# സിഐടിയു സന്ദേശം

സിഐടിയു സംസ്ഥാന കമ്മിറ്റി പ്രസിദ്ധീകരണം

2020 സെപ്റ്റംബർ വോള്യം : 9 ലക്കം: 1



എഡിറ്റോറിയൽ ബോർഡ്

ചെയർമാൻ
ആനത്തലവട്ടം ആനന്ദൻ

എഡിറ്റർ
എളമരം കരീം

കെ.ഒ. ഹബീബ്, പി. നന്ദകുമാർ, കെ ചന്ദ്രൻപിള്ള





ഹിന്ദുരാഷ്ട്രത്തെ കുറിച്ചുള്ള പ്രാഥമിക മിഥ്യകൾ
പ്രഭാത് പട്നായിക്
07

അതിവേഗത്തിലുള്ള ജനാധിപത്യത്തെ തകർക്കൽ 11
പി.സായ്നാഥ്





വടി കൊടുത്ത് അടി വാങ്ങിയ പ്രതിപക്ഷം
ആനത്തലവട്ടം ആനന്ദൻ 14





ഇന്ത്യയുടെ ഏറ്റവും വലിയ നിശബ്ദതയാണ്
ഗോപാലകൃഷ്ണ ഗാന്ധി
24

26 സാമ്പത്തിക കുഴപ്പങ്ങളെ പിടിച്ചുനിർത്തുന്ന പോംവഴികൾ






പ്രൊഫ. ജയതിഘോഷ്

ഇത് അട്ടകളുടെ കാലം
30 എ.സിയാവുദീൻ





36
തൊഴിലാളികൾക്ക് ദുരിതം അതിസമ്പന്നർക്ക് നല്ല കാലം
ജോസ് ടി എബ്രഹാം

തൊഴിൽനിയമ നശീകരണം പോരാട്ടം ശക്തിപ്പെടുത്തുക
42 എൻ. പത്മലോചനൻ

തൊഴിലാളികളെ പിഴുതെറിയൽ
46 സജി വർഗീസ്



അച്ചടി
പി.കൃഷ്ണപിള്ള മെമ്മോറിയൽ പ്രിന്റിംഗ് & പബ്ലിഷിംഗ് കമ്പനി, തിരുവനന്തപുരം

# രാജ്യം തകർച്ചയിലേക്ക്

ഇന്ത്യയുടെ സാമ്പത്തിക നില ഗുരുതരമായ അവസ്ഥയെയാണ് നേരിടുന്നത്. 2020-21 സാമ്പത്തിക വർഷത്തിന്റെ ആദ്യപാദം (2020 ഏപ്രിൽ, മെയ്, ജൂൺ) ജിഡിപി വളർച്ച 23.9 ശതമാനം ഇടിവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കോവിഡ് ബാധ തടയാൻ, ഏർപ്പെടുത്തിയ ലോക്ഡൗൺ ഇതിന് ഒരു കാരണമാണെങ്കിലും ഏക കാരണമല്ല. നോട്ട് നിരോധനത്തിന് ശേഷം ജിഡിപി വളർച്ച തുടർച്ചയായി താഴോട്ടായിരുന്നു. ഇപ്പോൾ പുറത്ത് വന്ന കണക്കുകൾ പൂർണമായും ശരിയാവാനിടയില്ല. ഇന്ത്യൻ ജിഡിപിയുടെ 50 ശതമാനം സംഭാവന ചെയ്യുന്ന അനൗപചാരിക മേഖലയിലെ സ്ഥിതി, പൂർണമായും വിലയിരുത്തിയ ശേഷമുള്ള റിപ്പോർട്ടല്ല ഇത്. സാമ്പത്തിക വളർച്ചയിലെ ഇടിവ് ഇപ്പോൾ പറഞ്ഞതിനേക്കാൾ കൂടുതലാവാനാണ് സാധ്യത. ലോകത്തിലെ ഏറ്റവും പിന്നോക്കം പോയ സമ്പദ്ഘടനയായി ഇന്ത്യ മാറിയിരിക്കുന്നു.

കൃഷി ഒഴികെയുള്ള എല്ലാ മേഖലകളിലും പുറകോട്ടടിയുണ്ടായെന്നാണ് സർക്കാരിന്റെ കണക്കുകൾ കാണിക്കുന്നത്. കാർഷിക മേഖലയിൽ, ഈ സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ 3.4 ശതമാനം വളർച്ചയുണ്ടായതായാണ്, സർക്കാരിന്റെ അവകാശവാദം. ഇത് തന്നെ ചോദ്യം ചെയ്യപ്പെട്ടിട്ടുണ്ട്. വ്യവസായ - സേവന മേഖലകളിലെല്ലാം വളർച്ച കുറഞ്ഞു. വ്യവസായ ഉൽപാദന മേഖലയിൽ വളർച്ച കുറഞ്ഞത് 39.3 ശതമാനമാണ്. നിർമാണ മേഖലയിൽ 50.3 ശതമാനം, വ്യാപാര - വാണിജ്യ -ട്രാൻസ്പോർട് - കമ്യൂണിക്കേഷൻസ് മേഖല 47 ശതമാനം എന്ന തോതിൽ വളർച്ചാ ഇടിവുണ്ടായി. കാർഷിക മേഖല ഒഴികെയുള്ള ഈ മൂന്ന് മേഖലകളിലാണ്, ഇന്ത്യയിലെ തൊഴിലാളികളുടെ മുക്കാൽ പങ്കും ജോലി ചെയ്യുന്നത്. ഈ മേഖലകളിലെ വളർച്ചാ ഇടിവ് ദശലക്ഷക്കണക്കിന് തൊഴിലുകൾ നഷ്ടപ്പെടുത്തി.

ഉപഭോഗം, നിക്ഷേപം എന്നീ രംഗങ്ങളിലും കുത്തനെ ഇടിവുണ്ടായി. ജനങ്ങളുടെ ഉപഭോഗത്തിൽ 25 ശതമാനം കുറവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മൂലധന രൂപീകരണവും നിക്ഷേപവും പകുതി കണ്ട് കുറഞ്ഞു. ഇറക്കുമതിയിലും കുറവുണ്ടായത് മാത്രമാണ് അല്പം ആശ്വാസം നൽകുന്നത്. തൊഴിൽ നഷ്ടപ്പെട്ട ദശലക്ഷക്കണക്കിന് ജനങ്ങൾക്ക് അവശ്യവസ്തുക്കൾ വാങ്ങാനുള്ള വരുമാനം പോലും ഇല്ലാതായി. ലോക്ഡൗൺ കാലത്ത് പാവപ്പെട്ട ജനങ്ങൾക്ക് പ്രതിമാസം 7500 രൂപ വീതം 6 മാസക്കാലം നൽകണമെന്ന ട്രേഡ് യൂണിയനുകളുടെയും ഇടത്പക്ഷ പാർടികളുടെയും ആവശ്യം സർക്കാർ അംഗീകരിച്ചില്ല. ജനങ്ങളുടെ കൈകളിൽ പണം എത്തിച്ചിരുന്നുവെങ്കിൽ, കമ്പോള ഉപഭോഗം മേൽ കാണിച്ച വിധം ഇടിയുമായിരുന്നില്ല. ഉപഭോഗം ഉത്തേജിപ്പിച്ചിരുന്നെങ്കിൽ ഉൽപാദന മേഖലയെയും പിടിച്ചു നിർത്താമായിരുന്നു.

ഇന്ത്യൻ സമ്പദ്ഘടന കൊറോണ ബാധിക്കുന്നതിന് മുമ്പ് തന്നെ, വളർച്ചാമുരടിപ്പ് നേരിടുകയായിരുന്നു. കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷക്കാലവും ജിഡിപി വളർച്ച കുറിഞ്ഞു. 2019-20 ൽ ജിഡിപി വളർച്ച 4.2 ശതമാനം മാത്രമായിരുന്നു. 2017-18 ന്റെ അവസാന പാദം (2018 ജനുവരി മാർച്ച്) 8.1 ശതമാനമായിരുന്നു ജിഡിപി വളർച്ച,

പതുക്കെ താഴോട്ട് പോയി. 2019-20 ന്റെ അവസാന പാദം (2020 ജനുവരി മാർച്ച്) 3.1 ശതമാനമായി കുറഞ്ഞു. 2017 -18 മുതൽ തുടർച്ചയായി 8 പാദങ്ങളിൽ ജിഡിപി വളർച്ച കുറവ് രേഖപ്പെടുത്തി. 2020-21 സാമ്പത്തിക വർഷം ജിഡിപി വളർച്ചാ നിരക്കിൽ രണ്ട ക്ക സംഖ്യയുടെ കുറവുണ്ടാവുമെന്നുറപ്പാണ്. ഈ വളർച്ചാ ഇടിവിന് കൊറോണയെ യും ലോക്ക്ഡൗണിനെയും മാത്രം കുറ്റം പറയാനാവില്ല.

മുമ്പ് 1979- 80 ൽ ജിഡിപി വളർച്ച യിൽ 5.2 ശതമാനം കുറവുണ്ടായി. ഇപ്പോ ഴത്തെ വളർച്ചാ കുറവ്, അക്കാലത്തെക്കാളും ഗുരുതരമാണ്. സമ്പദ്ഘടനയുടെ പ്രധാന മേഖലകളിലെല്ലാം വളർച്ച കുറഞ്ഞു. ലോക കമ്പോള പ്രതിസന്ധി കയറ്റു മതിയെയും ബാധിച്ചു. സർക്കാരിന്റെ ഇടപെടലിലൂടെ മാത്രമെ ഗുരുതരമായ ഈ സാഹചര്യത്തെ നേരിടാൻ കഴിയൂ. മോഡി സർക്കാർ പിന്തുടരുന്ന നവ ഉദാരവൽ ക്കരണ നയങ്ങളിൽ കാതലായ മാറ്റങ്ങൾ വരുത്തിയാലെ സർക്കാർ ഇടപെടൽ ശക്തമാവൂ. സമ്പദ്ഘടനയുടെ സുപ്രധാന മേഖലകളിൽ സർക്കാരിന്റെ ഇടപെടൽ ഒഴിവാക്കുക എന്നതാണ് ഉദാരവൽക്കരണ നയത്തിന്റെ ശാസന. നിക്ഷേപവും, ഉൽപാദനവും, സേവനങ്ങളും, കമ്പോളവും എല്ലാം കമ്പോള ശക്തികളെ ഏൽപി ക്കണമെന്നതാണ് ഉദാരവൽക്കരണ നയം. ഈ നയത്തിന്റെ അടിസ്ഥാനത്തിലാ ണ്. വ്യവസായ കാർഷിക ഉൽപാദന മേഖലക്ക് പുറമെ, വിദ്യാഭ്യാസം, ആരോഗ്യം, ഗതാഗതം, വാർത്താ വിനിമയം തുടങ്ങിയ സേവന മേഖലകളിൽ നിന്ന് പോലും സർ ക്കാർ പിന്മാറുക എന്ന നയം, ഇന്ത്യ ഉൾപ്പെടെയുള്ള മുതലാളിത്ത രാജ്യങ്ങൾ നടപ്പാ ക്കിക്കൊണ്ടിരിക്കുന്നത്. ഈ നയങ്ങൾ സൃഷ്ടിച്ച ദുരന്തമാണ്, ഇന്ത്യൻ സമ്പദ്ഘടന നേരിടുന്നത്.

കോവിഡ് കാലത്ത്, തൊഴിൽ നഷ്ടപ്പെട്ട് വരുമാനമില്ലാതായ കോടിക്കണ ക്കിന് ജനങ്ങളെ സഹായിക്കാൻ ഫലപ്രദമായ ഒരു നടപടിയും കേന്ദ്ര സർക്കാർ സ്വീ കരിച്ചില്ല. ലോകത്തിലെ പല രാജ്യങ്ങളും കോവിഡ് കാല പ്രതിസന്ധിയെ നേരിടാൻ ജനങ്ങൾക്ക് ആശ്വാസം നൽകുന്ന പാക്കേജുകൾ പ്രഖ്യാപിച്ചു. ജിഡിപിയുടെ 10 ശതമാനം മുതൽ 21 ശതമാനം വരെ ഉൾക്കൊള്ളുന്ന പാക്കേജുകൾ നടപ്പാക്കപ്പെട്ടു. എന്നാൽ ഇന്ത്യയുടെ പാക്കേജ് 20 ലക്ഷം കോടി രൂപയാണെന്നാണ് പ്രഖ്യാപിക്കപ്പെ ട്ടതെങ്കിലും സർക്കാർ ചെലവഴിക്കുന്നത് ജിഡിപിയുടെ 1 ശതമാനം തുക മാത്രമായി രുന്നു. ജനങ്ങളുടെ കൈകളിൽ പണം എത്തിച്ച്, കമ്പോളത്തെ ഉത്തേജിപ്പിക്കുന്ന ലക്ഷ്യം സർക്കാരിനുണ്ടായിരുന്നില്ല. ഈ നടപടികളാണ്, രാജ്യത്തെ ഗുരുതരമായ പ്രതിസന്ധിയിലേക്ക് തള്ളിവിട്ടത്.

'ആത്മനിർഭർ ഭാരത് അഭിയാൻ' എന്നാണ്. സർക്കാർ കോവിഡ് പ്രതിസ ന്ധിയെ നേരിടാൻ പ്രഖ്യാപിച്ച പദ്ധതി. "ഭാരതത്തിന്റെ സ്വയം പര്യാപ്തത കൈവ രിക്കൽ" എന്നാണ് പോലും ഇതിനർത്ഥം. എന്നാൽ, ഈ പ്രഖ്യാപനത്തിന് മറവിൽ തന്ത്ര പ്രധാന മേഖലകളിലേതുൾപ്പെടെ പ്രധാന പൊതുമേഖലാ സ്ഥാപനങ്ങളെ ല്ലാം സ്വകാര്യകുത്തകകളെ ഏൽപ്പിക്കുന്ന നടപടികളാണ് സർക്കാർ സ്വീകരിക്കുന്ന ത്. വൈദ്യുതി, റെയിൽവെ, കൽക്കരി, പെട്രോളിയം, ആണവോർജം, ബഹിരാകാശ ഗവേഷണം, തുറമുഖങ്ങൾ, ഇൻഷുറൻസ് തുടങ്ങിയ മേഖലകളിലെ, പൊതു മേഖലാ സ്ഥാപനങ്ങളെല്ലാം സ്വകാര്യവൽക്കരിക്കാനാണ് സർക്കാർ തീരുമാനം. തിരുവന ന്തപുരം ഉൾപ്പെടെ 6 വിമാനത്താവളങ്ങൾ അദാനിക്ക് 50 വർഷത്തേക്ക് പാട്ടത്തിന് നൽകുന്നു. ലാഭകരമായി പ്രവർത്തിക്കുന്ന ബിപിസിഎൽ വിൽക്കുന്നു. എൽഐസി യുടെ ഓഹരികൾ വിൽക്കുന്നു. കോവിഡ് കാലത്ത്, ലോകത്ത് ഒരു രാജ്യവും സ്വകാ

ര്യവൽക്കരണം നടത്തുന്നില്ല. ആരോഗ്യ മേഖലയിൽ നിന്ന് സർക്കാർ പിന്മാറി, സ്വകാര്യ ഹെൽത്ത് ഇൻഷുറൻസ് കമ്പനികളെ കാര്യങ്ങൾ ഏൽപിച്ചതിന്റെ ദുരന്തമാണ് ലോക ജനത ഇപ്പോൾ അനുഭവിക്കുന്നത്. ബ്രിട്ടീഷ് പ്രധാനമന്ത്രി ബോറിസ് ജോൺസൺ പറഞ്ഞത് " ഞാനൊരു കമ്യൂണിസ്റ്റുകാരനല്ല, എന്നാൽ സുപ്രധാന മേഖലകളിൽ സർക്കാർ ഇടപെടൽ അനിവാര്യമാണ്" എന്നാണ്. സ്വകാര്യവൽക്കരിച്ച ആരോഗ്യ മേഖലയെ പൊതുമേഖലയിലേക്ക് തിരികെ കൊണ്ട് വരാൻ ചില രാജ്യങ്ങൾ ആലോചിക്കുന്നു. മുതലാളിത്ത വ്യവസ്ഥ തന്നെ ചോദ്യം ചെയ്യപ്പെടുന്ന കാലത്ത്, മോഡി സർക്കാർ പൊതു മേഖല മുഴുവൻ വിറ്റ് തുലക്കുകയാണ്. ഇവരാണ്, ഏതാനും വർഷങ്ങൾ മുമ്പ് വരെ, "സ്വദേശി" മുദ്രാവാക്യം വിളിച്ച് നടന്നത്.

കേന്ദ്ര സർക്കാരിന്റെ വിനാശകരമായ നയങ്ങൾക്ക് ബദൽനയങ്ങളാണ്, കേരളത്തിലെ ഇടത്പക്ഷ ജനാധിപത്യ മുന്നണി സർക്കാർ ഉയർത്തുന്നത്. സാമൂഹ്യ ക്ഷേമ പെൻഷൻ, പ്രതിമാസം 100 രൂപ കൂടി വർധിപ്പിച്ച് 1400 രൂപയാക്കി. കോവിഡ് ദുരന്തത്തെ നേരിടുന്ന ജനങ്ങൾക്ക് സൗജന്യ ഭക്ഷ്യ കിറ്റ് നൽകുന്നു. നിത്യോപയോഗ സാധനങ്ങളുടെ വില വർധനവ് തടയുന്നു. ആരോഗ്യ മേഖല ശക്തിപ്പെടുത്തി, ഏത് അടിയന്തിര സാഹചര്യത്തെയും നേരിടാൻ പ്രാപ്തമാക്കി. വിദ്യാഭ്യാസ മേഖല പൊതുമേഖലയിൽ വലിയ വളർച്ച നേടി. പൊതു മേഖലയെ സംരക്ഷിക്കുന്ന നടപടികൾ സ്വീകരിക്കുന്നു. തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നു.

ബിജെപി യുടെ നേതൃത്വത്തിലുള്ള കേന്ദ്ര സർക്കാരും ബിജെപിയും കോൺഗ്രസും ഭരിക്കുന്ന സംസ്ഥാന സർക്കാരുകളും ജനവിരുദ്ധ നയങ്ങളുമായി മുന്നോട്ടു പോവുമ്പോൾ കേരളം വേറിട്ട് നിൽക്കുന്നു. കോവിഡ് പ്രതിരോധത്തിനും അന്താരാഷ്ട്ര അംഗീകാരം നേടിയെടുക്കാൻ കേരളത്തിന് സാധിച്ചു. ഈ ബദലിനെ തകർക്കാനാണ് കോൺഗ്രസ് നേതൃത്വത്തിലുള്ള യുഡിഎഫും, ബിജെപിയും സംസ്ഥാനത്ത് ശ്രമിക്കുന്നത് എൽഡിഎഫ് സർക്കാരിനെ തകർക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ രണ്ട് ശക്തികളും ഒരുമിച്ച് ശ്രമിക്കുന്നത്. സംഘപരിവാർ ഉയർത്തുന്നവർഗീയ ഭീഷണിയെപ്പോലും അവഗണിച്ച് അവരോട് തോളുരുമ്മി നിൽക്കുന്ന കോൺഗ്രസ് മുസ്ലീം ലീഗ് പാർടി നേതാക്കന്മാർ, സങ്കുചിതമായ രാഷ്ട്രീയ ലക്ഷ്യങ്ങൾക്കപ്പുറം ജനങ്ങളുടെ താല്പര്യങ്ങളെക്കുറിച്ച് ചിന്തിക്കുന്നേയില്ല. ഇന്ത്യയിലെ തൊഴിലാളികളുടെ അവകാശങ്ങൾ കവർന്നെടുക്കുന്ന മൂന്ന് ലേബർ കോഡുകൾ നടപ്പ് പാർലമെന്റ് സമ്മേളനം പാസാക്കാൻ പോവുന്നു. ഈ കാര്യത്തിനൊന്നും യുഡിഎഫിന് യാതൊരു ഉൽക്കണ്ഠയുമില്ല. ഈ യാഥാർത്ഥ്യം തിരിച്ചറിയാനും ഇടത്പക്ഷ ജനാധിപത്യമുന്നണിയെയും സർക്കാരിനെയും സംരക്ഷിക്കാനും എല്ലാ തൊഴിലാളികളും രംഗത്തിറങ്ങണം. ആസന്നമായ തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിൽ എൽഡിഎഫിനെ വിജയിപ്പിക്കാൻ എല്ലാവരും സജ്ജരാകണം.



# ഹിന്ദുരാഷ്ട്രത്തെക്കുറിച്ചുള്ള പ്രാഥമിക മിഥ്യകൾ



**ഹിന്ദു രാഷ്ട്രമെന്നാൽ എന്താണ് അർഥമാക്കുന്നത്? ഹിന്ദുരാഷ്ട്രം എന്ന വാക്കിന്റെ അർഥം ഹിന്ദു സ്റ്റേറ്റ് എന്നാണ്. അതായത് ഹിന്ദു സമുദായത്തിന് ഗുണമുണ്ടാകുന്ന ഹിന്ദു രാഷ്ട്രം. ഇത് തീർച്ചയായും പ്രാഥമികമായ ഒരു മിഥ്യാധാരണയാണ്. വാസ്തവത്തിൽ ഹിന്ദുക്കളെയും മുസ്ലിങ്ങളെയും ഒരു പോലെ അടിച്ചമർത്തുന്ന, അവരിൽ നിന്ന് ജനാധിപത്യ അവകാശങ്ങൾ കവർന്നെടുക്കുന്ന, ഇന്ത്യൻ രാഷ്ട്ര ഘടനയുടെ ഫെഡറൽസ്വഭാവം നശിപ്പിക്കുന്ന, മുസ്ലിങ്ങളെക്കാൾ ഏറെ ഹിന്ദുക്കൾ അന്താരാഷ്ട്ര ഫിനാൻസ് മൂലധനത്തിന്റെയും ആഭ്യന്തര കോർപറേറ്റ് ദുഷ് പ്രഭുത്വത്തിന്റെ യും അഭൂതപൂർവമായ ചൂഷണ ങ്ങൾക്കിരയാവുന്ന ഒന്നാവും ഈ ഹിന്ദു രാഷ്ട്രം.**



പ്രഭാത് പട്നായിക്

നമുക്കറിയാവുന്നതു പോലെ ബിജെപി ഒരു വരേണ്യ ഹിന്ദു പാർട്ടിയാണ്. ഹിന്ദു രാഷ്ട്രം സ്ഥാപിക്കുന്നതിൽ വിശ്വസിക്കുന്ന ഫാസിസ്റ്റ് സംഘടനയായ രാഷ്ട്രീയ സ്വയം സേവക് സംഘിന്റെ രാഷ്ട്രീയ മുന്നണിയാണത്.ഭരണഘടനയുടെ നാലതിരിനുള്ളിൽ നിൽക്കേണ്ടതുകൊണ്ട് ബിജെപി തങ്ങളുടെ ഈ കാഴ്ചപ്പാടിനെ തുറന്നു സ്വീകരിക്കാതെ തന്നെ ഈ കാഴ്ചപ്പാട് യാഥാർഥ്യമാക്കാനാണ് ശ്രമിക്കുന്നത്. എന്നാൽ ഹിന്ദു രാഷ്ട്രമെന്നാൽ എന്താണ് അർഥമാക്കുന്നത്? മതനിരപേക്ഷതയെ അട്ടിമറിക്കാനും മുസ്ലിങ്ങളെ രണ്ടാം തരം പൗരമാരാക്കി ഇകഴ്ത്തിക്കാണിക്കാനുമാണ് അവർ ലക്ഷ്യം വയ്ക്കുന്നത് എന്ന കാര്യം സുവ്യക്തമാണ്. പലരും വിശ്വസിക്കുന്നത് ഹിന്ദുരാഷ്ട്രം എന്ന വാക്കിന്റെ അർഥം ഹിന്ദു സ്റ്റേറ്റ് എന്നാണ്. അതായത് ഹിന്ദു സമുദായത്തിന് ഗുണമുണ്ടാകുന്ന ഹിന്ദു രാഷ്ട്രം.

ഇത് തീർച്ചയായും പ്രാഥമികമായ ഒരു മിഥ്യാധാരണയാണ്. വാസ്തവത്തിൽ ഹിന്ദുക്കളെയും മുസ്ലിങ്ങളെയും ഒരു പോലെ അടിച്ചമർത്തുന്ന, അവരിൽ നിന്ന് ജനാധിപത്യ അവകാശങ്ങൾ കവർന്നെടുക്കുന്ന, ഇന്ത്യൻ രാഷ്ട്ര ഘടനയുടെ ഫെഡറൽസ്വഭാവം നശിപ്പിക്കുന്ന, മുസ്ലിങ്ങളെക്കാൾ ഏറെ ഹിന്ദുക്കൾ അന്താരാഷ്ട്ര ഫിനാൻസ് മൂലധനത്തിന്റെയും ആഭ്യന്തര കോർപറേറ്റ് ദുഷ്പ്രഭുത്വത്തിന്റെയും അഭൂതപൂർവമായ ചൂഷണങ്ങൾക്കിരയാവുന്ന ഒന്നാവും ഈ ഹിന്ദു രാഷ്ട്രം. ചുരുക്കത്തിൽ ഈ ഹിന്ദു രാഷ്ട്രമെന്നത് ഹിന്ദു ആധിപത്യ രാഷ്ട്രമല്ല മറിച്ച് അത് മൂലധന കുത്തകകൾക്ക് ആധിപത്യമുള്ള ഒരു രാജ്യമാകും. ഹിന്ദുക്കൾക്ക് മുമ്പത്തെക്കാൾ മെച്ചപ്പെട്ട ഒരവസ്ഥയല്ല ആ സ്റ്റേറ്റിൽ ഉണ്ടാകുക മറിച്ച് മൂലധന കുത്തകകൾക്ക് സ്വൈരവിഹാരം ലഭിക്കുന്നതോടെ മുസ്ലീങ്ങൾക്കെന്ന പോലെ ഹിന്ദുക്കൾക്കും അത് ദുരിതമാകും.

എന്നാൽ ദീർഘകാലമായി ശക്തിപ്രാപിക്കുന്നു എന്ന് വാദിക്കപ്പെടുന്ന മൂലധന കുത്തകകൾ എന്തുകൊണ്ടാണ് സമൂഹത്തിലും രാജ്യഘടനയിലും പിടിമുറുക്കുന്നതിനു വേണ്ടി തെരഞ്ഞെടുപ്പുകളിൽ ഹിന്ദു വരേണ്യതയുടെ പിന്തുണയ്ക്കുവേണ്ടി നിലകൊള്ളുന്നതിന്റെ ആവശ്യമെന്താണ്? അതിന്റെ കാരണം കിടക്കുന്നത് ആഗോള മുതലാളിത്തം നേരിടുന്ന പ്രതിസന്ധി ഇന്ത്യയിൽ ഒരുവേള അതിരൂക്ഷമാണെന്ന വസ്തുതയിലാണ്. നിലവിൽ കുത്തകകളുടെ ഭരണത്തിന് കൊടുക്കുന്ന താങ്ങ് അത്ര ബലമുള്ളതല്ല. വളർച്ചയുടെ ഗുണഫലം ജനങ്ങൾക്ക് വലിയ തോതിൽ ലഭിക്കുമെന്ന വാഗ്ദാനം കള്ളമാണെന്ന് വളരെ പണ്ടു തന്നെ ബോധ്യമായ കാര്യമാണ്. മെച്ചപ്പെട്ട ജിഡിപിയിൽനിന്ന് നികുതി നയത്തിലൂടെ വിഭവസമാഹരണം നടത്തി പാവപ്പെട്ടവർക്കുവേണ്ടി ചെലവിടാൻ കഴിയുമെന്നായിരുന്നു പതിനൊന്നാം പദ്ധതിരേഖയിലൂടെ ഗവൺമെന്റ് ആഘോഷമായി നൽകിയ വാഗ്ദാനം പൊള്ളയായിരുന്നു. വാസ്തവത്തിൽ വരുമാനവും സമ്പത്തും തമ്മിലുള്ള അസമത്വം അതിനുശേഷം കുതിച്ചുയരുന്നതാണ് കണ്ടത്. ഈ പ്രതിസന്ധിക്കിടെ തൊഴിലില്ലായ്മ കഴിഞ്ഞ അഞ്ചു പതിറ്റാണ്ടിലെ ഏറ്റവും ഉയർന്ന നിലയിൽ എത്തി. മഹാമാരി പടരുംമുമ്പേ ഈ സ്ഥിതി രൂക്ഷമായിരുന്നു. ഗ്രാമീണ ഇന്ത്യയിലെ ദുസ്ഥിതി കൂടുതൽ രൂക്ഷമായതോടെ ഉപഭോഗ ചെലവ് സംബന്ധിച്ച നാഷണൽ സാംപിൾ സർവെ സ്ഥിതിവിവരക്കണക്കുകൾ കേന്ദ്രസർക്കാർ ഒരാത്മാർഥതയുമില്ലാതെ ഒളിച്ചുവച്ചു. ഗ്രാമീണ ഇന്ത്യയിലെ പ്രതിശീർഷ ഉപഭോഗച്ചെലവിന്റെ നിരക്ക് 2011-12 മുതൽ 2017-18 വരെയുള്ള കാലത്ത് ഒമ്പതു ശതമാനം കുറഞ്ഞു എന്നാണ് ഇത് കാണിക്കുന്നത്! ഗുരുതരമായവിധം ജനങ്ങളെ പിഴിഞ്ഞൂറ്റിയെടുക്കുന്നത് മഹാമാരിയുടെ ലാഞ്ചന പോലും ഇല്ലാത്തകാലത്തുതന്നെ തീ



**മൂലധന കുത്തകകൾ എന്തുകൊണ്ടാണ് സമൂഹത്തിലും രാജ്യഘടനയിലും പിടിമുറുക്കുന്നതിനു വേണ്ടി തെരഞ്ഞെടുപ്പുകളിൽ ഹിന്ദു വരേണ്യതയുടെ പിന്തുണയ്ക്കുവേണ്ടി നിലകൊള്ളുന്നതിന്റെ ആവശ്യമെന്താണ്? അതിന്റെ കാരണം കിടക്കുന്നത് ആഗോള മുതലാളിത്തം നേരിടുന്ന പ്രതിസന്ധി ഇന്ത്യയിൽ ഒരുവേള അതിരൂക്ഷമാണെന്ന വസ്തുതയിലാണ്. മെച്ചപ്പെട്ട ജിഡിപിയിൽനിന്ന് നികുതി നയത്തിലൂടെ വിഭവസമാഹരണം നടത്തി പാവപ്പെട്ടവർക്കുവേണ്ടി ചെലവിടാൻ കഴിയുമെന്നായിരുന്നു പതിനൊന്നാം പദ്ധതിരേഖയിലൂടെ ഗവൺമെന്റ് ആഘോഷമായി നൽകിയ വാഗ്ദാനം പൊള്ളയായിരുന്നു.**



**ധനമൂലധനത്തിന്റെ ആജ്ഞകളെ ഈ സർക്കാർ പിൻപറ്റുന്നത് ഹിന്ദുത്വത്തെ ഒരു പുകമറയാക്കിക്കൊണ്ടാണ്.ഹിന്ദുത്വം ആരുടെയും വയറു നിറയ്ക്കില്ല. പക്ഷേ ധനമൂലധനത്തിന് വൻതോതിൽ ഇളവു നൽകിയതിൽ നിന്ന് രാജ്യത്തിന്റെ ശ്രദ്ധ തിരിക്കുന്ന കാര്യത്തിൽ അയോധ്യയിലെ ഒരു ക്ഷേത്രത്തിന്റെ ഭൂമി പൂജ സുപ്രധാനമാണ് താനും.**

വ്രമായിരുന്നു. കോവിഡ് മഹാമാരി വന്നതോടെ കാര്യങ്ങൾ അങ്ങേയറ്റം ദയനീയമായി.

അവിടം കൊണ്ടു തീരുന്നില്ല. സമ്പദ്ഘടനയെ ചൂഴ്ന്നുനിൽക്കുന്ന ഈ പ്രതിസന്ധിക്ക് നവലിബറൽ സംവിധാനത്തിൽ മറുമരുന്നില്ലാത്തതുകൊണ്ട് സ്വാഭാവികമായും ആഗോള ധനമൂലധനം ഈ വസ്തുത അംഗീകരിച്ചു തരില്ല. നവലിബറൽ നയങ്ങൾ സൃഷ്ടിച്ച പ്രതിസന്ധി തീർക്കാൻ അതേ നയങ്ങൾ തന്നെ വീണ്ടും തീവ്രമായി അടിച്ചേൽപ്പിക്കുയാണ്. അതിനുവേണ്ടിയാണ് ട്രേഡ് യൂണിയനുകളെ നിർവീര്യമാക്കലും ആദിവാസികളുടെ ഭൂമി തട്ടിയെടുക്കലും പൊതുമേഖലയിലെ ആസ്തികളുടെ സ്വകാര്യവൽക്കരണവും മൂലധന ശക്തികൾക്ക് സർക്കാർ വൻതോതിൽ പണം തന്നെ കൈമാറ്റം ചെയ്തു കൊടുക്കലുമെല്ലാം. ഈ നടപടികൾ അതീവ ശുഷ്കാന്തിയോടെയാണ് മോഡി സർക്കാർ പിന്തുടരുന്നത്. ഈ നടപടികൾ ആവേശപൂർവം നടപ്പാക്കുന്ന സർക്കാരിന് ശാസ്ത്രത്തെക്കുറിച്ച് വലിയ ധാരണയില്ലെന്ന് മാത്രമല്ല, ധനമൂലധനത്തിന്റെ ആജ്ഞകൾ ചോദ്യംചെയ്യാതെ അതിന് മുതുകു വളച്ചു കൊടുക്കുകയും ചെയ്യുന്നു. ഈ സമ്മർദങ്ങൾക്കും ആജ്ഞകൾക്കും പൊതുജന പിന്തുണ സംഘടിപ്പിച്ചു നൽകാനും സർക്കാരിന് കഴിയുന്നു. അവരുടെ ആവശ്യങ്ങൾ പൂർണതയോടെ നടപ്പാക്കിക്കൊടുക്കുകയാണ് ബിജെപി സർക്കാർ. അർഥശാസ്ത്രത്തെക്കുറിച്ച് സർക്കാരിനുള്ള ജ്ഞാനം ശൂന്യമാണ്. അതുകാണ്ടുതന്നെ ധനമൂലധനത്തിന്റെ താളത്തിനൊത്ത് തുള്ളുകയും ധനമൂലധനത്തെ 'സമ്പത്തുത്പാദകർ' എന്ന് കാപട്യലേശമില്ലാതെ വിശേഷിപ്പിക്കുകയും ചെയ്യുന്നു. അതേസമയം ധനമൂലധനത്തിന്റെ ആജ്ഞകളെ ഈ സർക്കാർ പിൻപറ്റുന്നത് ഹിന്ദുത്വത്തെ ഒരു പുകമറയാക്കിക്കൊണ്ടാണ്.ഹിന്ദുത്വം ആരുടെയും വയറു നിറയ്ക്കില്ല. പക്ഷേ ധനമൂലധനത്തിന് വൻതോതിൽ ഇളവു നൽകിയതിൽ നിന്ന് രാജ്യത്തിന്റെ ശ്രദ്ധ തിരിക്കുന്ന കാര്യത്തിൽ അയോധ്യയിലെ ഒരു ക്ഷേത്രത്തിന്റെ ഭൂമി പൂജ സുപ്രധാനമാണ് താനും.

ഈ വസ്തുതകൾ ശ്രദ്ധിക്കണം. സാർവദേശീയ തൊഴിലാളി വർഗം ഒരു നൂറ്റാണ്ടായി നടത്തിയ സമരങ്ങളെ നിരാകരിച്ചുകൊണ്ട് കഴിഞ്ഞ കുറേ ആഴ്ചകളിൽ ബിജെപി ഭരിക്കുന്ന സംസ്ഥാനങ്ങളിൽ തൊഴിലാളികളുടെ തൊഴിൽ സമയം പ്രതിദിനം പന്ത്രണ്ട് മണിക്കൂറാക്കി വർധിപ്പിച്ചിരുന്നു. മാത്രവുമല്ല, വൻകിട പദ്ധതികൾക്കുള്ള പാരിസ്ഥിതികാഘാത നിർണയം അപ്രസക്തമാക്കുകയും ചെയ്തു. 1.45 കോടി രൂപയാണ് മൂലധന ശക്തികൾക്ക് പണമായി കൈമാറിയത്. കൊളോണിയൽ ഭരണകാലത്ത് നൽകിയ വാഗ്ദാനം ലംഘിച്ചുകൊണ്ട് കൽക്കരി പോലുള്ള പ്രകൃതി വിഭവങ്ങൾ വരെ സ്വകാര്യവൽക്കരിക്കുന്ന ഘട്ടമെത്തി. ഇപ്പോൾ ആലോചിക്കുന്നത് റെയിൽവെയുടെ സ്വകാര്യവൽക്കരണമാണ്. മൂലധന ശക്തികൾക്കും ഫിനാൻസിയർമാർക്കും ഇത്രയും മെച്ചപ്പെട്ട ഒരു കാലം ഉണ്ടായിട്ടില്ല. അതേസമയം ആദിവാസികൾ ഉൾപ്പെടെ തൊഴിലെടുക്കുന്ന മനുഷ്യർ ഏതുസമയവും പുറന്തള്ളപ്പെടുന്ന അവസ്ഥയിലാണ്. അഭൂതപൂർവമായ മഹാദാരിദ്ര്യത്തിന്റെ പിടിയിലാണവർ.

> **ഇന്ത്യയിലെ മുസ്ലിങ്ങൾ ജോലിയുടെയും വിദ്യാഭ്യാസത്തിന്റെയും കാര്യത്തിൽ ഹിന്ദുക്കളേക്കാൾ വളരെ പിന്നോക്കം നിൽക്കുന്നവരാണ്. മുസ്ലിങ്ങളെ ജോലികളിൽ നിന്നും മറ്റാനുകൂല്യങ്ങളിൽ നിന്നും ഒഴിവാക്കുന്നതുകൊണ്ട് ഹിന്ദുക്കൾക്ക് സ്വാഭാവികമായും അവ കൂടുതലായി ലഭിക്കുമല്ലോ; അപ്പോൾ ഹിന്ദു വരേണ്യതാവാദം കൊണ്ട് ഹിന്ദുക്കൾക്ക് പ്രയോജനം ലഭിക്കില്ല എന്നെങ്ങനെ പറയാൻ സാധിക്കും?**

നരേന്ദ്ര മോഡി സർക്കാരിന്റെ മുതലാളിത്താനുകൂല നയങ്ങളൊന്നും ഈ പ്രതിസന്ധിയെ മറികടക്കാൻ പ്രാപ്തമല്ലെന്ന് മാത്രമല്ല, ആ നയങ്ങൾ പ്രതിസന്ധി കൂടുതൽ മൂർഛിപ്പിക്കാനേ കാരണമാകൂ. ആഭ്യന്തരമായി ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്കുള്ള കുറഞ്ഞ ഡിമാന്റ് മൂലമുള്ള പ്രതിസന്ധി മറികടക്കാനുള്ള ശ്രമങ്ങൾ ഡിമാൻഡ് കൂടുതൽ ഇടിയാനേ സഹായിക്കൂ. മൂലധന ശക്തികൾക്ക് കോടികൾ കൈമാറുന്നതു മൂലം തൊഴിലാളികൾക്കുമേലുള്ള നികുതി ഭാരം വർധിപ്പിക്കും. ധനമൂലധനം അടിച്ചേൽപ്പിക്കുന്ന അതിരുകൾക്കുള്ളിലാണ് ധനകമ്മി തുടരുന്നതെങ്കിൽ വേതനത്തിന്റെ വിതരണം തൊഴിലെടുക്കുന്നവരിൽനിന്ന് ഗണ്യമായി മുതലാളിമാരിലേക്ക് പോകും. ഇത് ഡിമാൻഡിൽ കൂടതൽ ഇടിവുണ്ടാക്കും. കാരണം ഒരു രൂപകൊണ്ട് മുതലാളിമാരുടെ ഉപഭോഗത്തെക്കാൾ കൂടുതലാണ് തൊഴിലാളികളുടെ ഉപഭോഗം. വലിയ നിക്ഷേപങ്ങൾ തേടിപ്പോകുന്നത് ഫലത്തിൽ നിക്ഷേപം കുറയാനാണ് ഇടയാക്കുക. മറ്റുള്ള നടപടികളുടെ കാര്യത്തിലും ഇതുതന്നെ പറയാനാകും. ഫലത്തിൽ ഈ നടപടികളെല്ലാം വേതനത്തിന്റെ വിതരണം തൊഴിലാളിവർഗത്തിൽനിന്ന് മൂലധന ശക്തികൾക്ക് അനുകൂലമായി മാറുന്നതിനാണ് കാരണമാകുന്നതോടെ പ്രതിസന്ധി വീണ്ടും മൂർഛിക്കും.

ചുരുക്കത്തിൽ ഈ കാരണങ്ങൾകൊണ്ടുതന്നെ ജനങ്ങളിൽ കാലങ്ങളായി അമർഷം രൂപപ്പെട്ടുവരുന്നുണ്ട്.കൂടുതൽ കൂടുതൽ അടിമച്ചമർത്തലുകളിലൂടെയാണ് ഈ രോഷത്തെ മറികടക്കാൻ സർക്കാർ ശ്രമിക്കുന്നത്. ഒപ്പം ജനങ്ങളുടെ ശ്രദ്ധ തിരിക്കാനായി രാമക്ഷേത്രത്തിന്റെ നിർമാണം, അതിന്റെ ഉദ്ഘാടനം പോലുള്ളവ സജ്ജമാക്കി വയ്ക്കുകയുംചെയ്യും. ഹിന്ദുത്വത്തിന് മേൽ ഊന്നൽ നൽകുന്നത് ഇത്തരം ശ്രദ്ധതിരിക്കലുകൾക്കുവേണ്ടിയാണ്. തൊഴിലെടുക്കുന്ന മനുഷ്യരെ ഭിന്നിപ്പിക്കുകയാണ് ലക്ഷ്യം. പ്രത്യേകിച്ചും സർക്കാരിനെതിരെ തൊഴിലാളികൾക്കിടയിൽ പ്രത്യേകിച്ച് ഭൂരിപക്ഷ മതക്കാരിൽ രൂപപ്പെടുന്ന അമർഷം വഴിതിരിച്ചുവിടുന്നതുകൊണ്ടാണ് അധികാരത്തിൽ തുടരാനാവശ്യമായ വോട്ട് ബിജെപിക്ക് ലഭിക്കുന്നത്. ധനമൂലധനത്തിന് ഊട്ടി വളർത്താൻ ഏറ്റവും സൗകര്യപ്രദമായ പ്രത്യയശാസ്ത്രമാണ് ഹിന്ദു വരേണ്യത. സാമ്പത്തിക പ്രതിസന്ധിയുടെ കാലത്ത് ധനമൂലധനത്തിന് ഹിന്ദുത്വശക്തികളുമായി സഖ്യം ചേരും. അല്ലെങ്കിൽ അതിന്റെ ആധിപത്യത്തിനും അധികാരാരോഹണത്തിനും അത് ഭീഷണി സൃഷ്ടിക്കും. ഹിന്ദു വരേണ്യതയും ഹിന്ദുരാഷ്ട്രവുമൊന്നും ഹിന്ദുക്കളുടെ ക്ഷേമത്തിന് ഉതകുന്നതല്ല. അത് തീർച്ചയായും ധനമൂലധനത്തിന്റെ ക്ഷേമത്തിനു വേണ്ടിയുള്ളതാണ്. അതുകൊണ്ടുതന്നെയാണ് ധനമൂലധനം സാധ്യമായ എല്ലാ മാർഗത്തിലൂടെയും ഹിന്ദുത്വശക്തികളെ പിന്തുണയ്ക്കുന്നത്. എന്നാൽ തീർച്ചയായും ഇങ്ങനെയൊരു ചോദ്യമുയർന്നേക്കാം, മുസ്ലിങ്ങൾക്ക് തൊഴിലിലും മറ്റ് ആനകൂല്യങ്ങളും നിഷേധിക്കപ്പെടുന്നുണ്ടോ എന്നും വലിയൊരു പങ്ക് ഹിന്ദുക്കൾക്ക് ഈ ഹിന്ദു വരേണ്യതയുടെ ഗുണം ലഭിക്കുന്നില്ലേ എന്നുമുള്ള ചോദ്യം. പക്ഷെ അപ്പോൾ മറ്റൊരു ചോദ്യം ഉയരുന്നു മുസ്ലിങ്ങളെ ജോലികളിൽ നിന്നും മറ്റാനുകൂല്യങ്ങളിൽ നിന്നും ഒഴിവാക്കുന്നതുകൊണ്ട് ഹിന്ദുക്കൾക്ക് സ്വാഭാവികമായും അവ കൂടുതലായി ലഭിക്കുമല്ലോ; അപ്പോൾ ഹിന്ദു വരേണ്യതാവാദം കൊണ്ട് ഹിന്ദുക്കൾക്ക് പ്രയോജനം ലഭിക്കില്ല എന്നെങ്ങനെ പറയാൻ സാധിക്കും? നമ്മുടെ വാദത്തിനുള്ള ഈ എതിർവാദം പ്രസക്തമാകുന്നത് ഇരയാക്കപ്പെടുന്ന ന്യൂനപക്ഷം ജോലികളോ, വിദ്യാഭ്യാസസ്ഥാപങ്ങളിലെ സീറ്റുകളോ ഒക്കെ തങ്ങളുടെ ജനസംഖ്യയ്ക്ക് ആനുപാതികമല്ലാതെ കൂടുതലായി നേടിയെടുക്കുന്ന അവസ്ഥയിലാണ്; ഉദാഹരണത്തിന് പല കിഴക്കൻ ആഫ്രിക്കൻ രാജ്യങ്ങളിലും ഇന്ത്യൻ വംശജർ ചെയ്തിരുന്നത് പോലെ. എന്നാൽ, ഈ ന്യൂനപക്ഷം പാർശ്വവത്കൃതർ കൂടിയാകുന്ന സാഹചര്യങ്ങളിൽ ഇന്ത്യയിലെ മുസ്ലിങ്ങൾ ജോലിയുടെയും വിദ്യാഭ്യാസത്തിന്റെയും കാര്യത്തിൽ ഹിന്ദുക്കളേക്കാൾ വളരെ പിന്നോക്കം നിൽക്കുന്നവരാണ്. ഇത്തരമൊരു ഇരയാക്കൽ കൊണ്ട് ഹിന്ദുക്കൾക്കും യാതൊരു മെച്ചവും ഉണ്ടാവുകയില്ല. ചുരുക്കിപ്പറഞ്ഞാൽ, ഹിന്ദു രാഷ്ട്രത്തിലേക്കുള്ള ചായ്‌വ് ബാധിക്കുന്നത് തൊഴിൽചെയ്തു ജീവിക്കുന്നവരെയാണ് അത് ഹിന്ദുക്കളായാലും മുസ്ലിങ്ങളായാലും. അത് ഹിന്ദുക്കളെ സഹായിക്കും എന്ന ആശയം ഒരു തെറ്റിധാരണ മാത്രമാണ്. എത്രയും വേഗം ഈ തെറ്റിദ്ധാരണ മാറുന്നുവോ, അത്രയും നല്ലത്.

## ഇന്ത്യ കണ്ടു കൊണ്ടിരിക്കുന്നത്

# അതിവേഗത്തിലുള്ള ജനാധിപത്യത്തെ തകർക്കൽ

പി സായ്നാഥ്

കോവിഡ് 19 കഴിഞ്ഞ മുപ്പതു വർഷത്തെ സംഭവ വികാസങ്ങൾ നോക്കി കാണാനും വിശകലനം ചെയ്യാനുമുള്ള ഒരവസരമായിരിക്കുകയാണ്. തീ നമ്മുടെ പടിവാതിക്കലെത്തിയിരിക്കുകയാണെന്ന് അപ്പോഴാണ് മനസിലാക്കാൻ കഴിഞ്ഞത്. പാർലമെന്ററി ജനാധിപത്യത്തിന്റെ അതിവേഗത്തിലുള്ള പൊളിച്ചടുക്കലാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. ഇപ്പോഴത്തെ സ്ഥിതിയുമായി താരതമ്യം ചെയ്താൽ അടിയന്തിരാവസ്ഥ ഒന്നുമല്ല. ഇവിടെ പ്രവർത്തിക്കുന്ന ഒരു പാർലമെന്റില്ല, സംസ്ഥാന അസംബ്ലികളില്ല. മുഖ്യമന്ത്രിമാർ പ്രവർത്തിക്കുന്നത് കേന്ദ്ര സർക്കാരിന്റെ ദാക്ഷിണ്യത്തിലാണ്. സംസ്ഥാനങ്ങൾക്ക് കൊടുക്കേണ്ട ജിഎസ്ടി ഫണ്ടു പോലും കൊടുക്കാതെ അവരെ ഞെരുക്കുകയാണ് കേന്ദ്ര സർക്കാർ. സ്വകാര്യമായി രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു പിഎം കെയേഴ്സ് ഫണ്ടിലേക്ക് സംസ്ഥാനങ്ങളുടെ പണമുൾപ്പെടെ ഒഴുകുകയാണ്.

ചരിത്രത്തിനെക്കുറിച്ച് ഒരു ബോധ്യവുമില്ലാതെ ബിജെപിയും കോൺഗ്രസും ഭരിക്കുന്ന സംസ്ഥാനങ്ങൾ തൊഴിൽ സമയം ദീർഘിപ്പിക്കുകയും തൊഴിൽ നിയമങ്ങൾ പൊളിച്ചെഴുതുകയുമാണ്. അമേരിക്കയിലെ മുതലാളിമാർ തൊഴിൽ സമയം എട്ടുമണിക്കൂറാക്കി ചുരുക്കാൻ സമ്മതിച്ചതിന് ഒരു കാരണം എട്ടുമണിക്കൂർ ജോലി ചെയ്താൽ അതിനു ശേഷം ഒരു മനുഷ്യന്റെ ഉല്പാദന ശേഷി കുറയും എന്നതു കൊണ്ടുകൂടിയാണ്.

ഇന്ത്യ സാമൂഹ്യ മത മൗലികവാദികളുടെയും സാമ്പത്തിക കമ്പോള മൗലികവാദികളുടെയും പിടിയിലമർന്നിരിക്കുകയാണ്. ഇവർ ഒത്തു ചേരുന്നത് കുത്തക മാധ്യമങ്ങളുടെ കിടക്കയിലാണ്. കുത്തക മാധ്യമങ്ങളാണ് മുഖ്യധാരാമാധ്യമങ്ങളും എന്നു കാണണം. കോവിഡ് 19 ഇന്ത്യൻ സമൂഹത്തിന്റെ കൃത്യമായ ഒരു കിടപ്പ് നമുക്ക് കാട്ടിതരുന്നുണ്ട്. ഇന്ത്യയിലെ പ്രമാണി വർഗത്തിന്റെ (Elite) ചിന്താഗതിയുടെ ഒരു തലച്ചോർ സ്കാനും (Brain Scan) മാധ്യമങ്ങളുടെ ചിന്താഗതിയുടെ തലച്ചോർ സ്കാനും കോവിഡ് 19 തരുന്നുണ്ട്. ഇന്ത്യയിലെ ഒരു പ്രധാനപ്പെട്ട ടെലിവിഷൻ എഡിറ്റർ അദ്ദേഹത്തിന്റെ ഒരു ഓൺലൈൻ പരിപാടിയിൽ പറഞ്ഞത് 'ഒരു അപകട കാലം നാം പാഴാക്കികളയരുത്' എന്നാണ്. ഇതാണ് തൊഴിൽ നിയമങ്ങൾ പരിഷ്കരിക്കാൻ പറ്റിയ കാലം എന്നാണദ്ദേഹം പറഞ്ഞത്. ഈ സമീപനം കാണിക്കുന്നത് സാധാരണക്കാരോടും തൊഴിലാളികളോടുമുള്ള ഇന്ത്യൻ വരേണ്യവർഗത്തിന്റെ ക്രൂരവും കരുണയില്ലാത്തതുമായ പിടിച്ചുപറി സ്വഭാവമാണ്. നേരത്തെ പത്രപ്രവർത്തനത്തിന്റെയും രാഷ്ട്രീയത്തിന്റെയും സത്തയെന്നാൽ, മറ്റുള്ളവർ നേരിടുന്ന പ്രശ്നങ്ങൾ ഞാൻ നേരിടുന്നില്ലെങ്കിലും ഞാൻ അതിനെക്കുറിച്ച് വിഷമമുള്ളവനായിരുന്നു എന്നാണ്. നീതിയെന്നാൽ നീതി നിഷേധിക്കുന്നവർക്കു മാത്രമായുള്ളതല്ല എല്ലാവർക്കും അവകാശപ്പെട്ടതാണ്. ഒരു തലമുറ വളർന്നുവന്നത് 'ടൈംസിന്റെ സപ്ലിമെന്റിൽ' കാണുന്നതാണ് പത്രപ്രവർത്തനമെന്നും നവലിബറലിസം അല്ലാതെ മറ്റൊരു സാമ്പത്തിക ശാസ്ത്രവും ലോകത്തില്ല എന്ന നിലയിലാണ്. കോവിഡ് കാലത്തെ കൂടിയേറ്റ തൊഴിലാളികൾ നേരിട്ട പ്രതിസന്ധിയും ദുരിതവും പത്രപ്രവർത്തകരുടെ മനസിൽ പ്രത്യേകിച്ച് ചെറുപ്പക്കാരായ പത്രപ്രവർത്തകരിൽ വലിയ ഒരാഘാതമാണേൽപിച്ചത്. അഞ്ചുവർഷക്കാലയളവിലെ ഒരു പഠനം പറയുന്നത് 69% ഗ്രാമീണ ജനങ്ങൾ ജീവിക്കുന്ന ഗ്രാമീണ പ്രദേശങ്ങളിലെ വിഷയങ്ങൾക്കായി ശാരാശരി ഒരു ദേശീയ പത്രത്തിന്റെ മുൻപേജ് ചിലവിഴിക്കുന്നത് 0.67% സ്ഥലം മാത്രമാണ്.

2020 മാർച്ച് 25 നു ശേഷം 1000 ത്തോളം പത്രപ്രവർത്തകർക്ക് ജോലി നഷ്ടപ്പെട്ടു. ജനങ്ങൾക്ക് അവരുടെ സേവനം ആവശ്യമുള്ള സമയത്താണ് ഇത് സംഭവിക്കുന്നത്. മീഡിയക്കമ്പനികളുടെ ലാഭത്തിൽ വലിയ കുറവു വന്നിട്ടില്ല. പക്ഷെ ജോലിക്കാരെ പറഞ്ഞുവിടാൻ അവർ ഇത് അവസരമാക്കുകയാണ്. പാവപ്പെട്ടവരെക്കുറിച്ചും അവരുടെ ദുരിതങ്ങളെക്കുറിച്ചും കണ്ണീരൊഴുക്കുന്ന സമയത്തു തന്നെയാണ് സ്വന്തം തൊഴിലാളികളെ പത്രമുതലാളിമാർ പിരിച്ചുവിട്ടത്. ഇന്ത്യയിലെ ഏറ്റവും വലിയ മാധ്യമ മുതലാളി തന്നെയാണ് ലോകത്തെ തന്നെ ഏറ്റവും വലിയ ഒരു മുതലാളി എന്നതും ശ്രദ്ധേയം.

# ജിഡിപി ഇടിവ് ഭയാനകം

## രഘുറാം രാജൻ



ഏപ്രിൽ - ജൂൺ പാദത്തിൽ ഇന്ത്യയുടെ മൊത്തം ആഭ്യന്തരോൽപാദനം (ജിഡിപി) മൈനസ് 23.9 ശതമാനം ഇടിഞ്ഞെന്നത് ഭയപ്പെടുത്തുന്നതെന്ന് ആർബിഐ മുൻ ഗവർണർ രഘുറാം രാജൻ. കോവിഡ് നാശം വിതച്ച അമേരിക്ക, ഇറ്റലി എന്നീ രാജ്യങ്ങളേക്കാൾ മോശമാണ് ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ പ്രകടനം. ഇറ്റലിയിൽ ജിഡിപിയിൽ വന്ന കുറവ് 12.4 ശതമാനവും അമേരിക്കയിൽ 9.5 ശതമാനവും മാത്രം. അസംഘടിത മേഖലയിലെ കണക്കുകൾ കൂടി വരുമ്പോൾ ഇന്ത്യയുടെ ജിഡിപി ചിത്രം കൂടുതൽ മോശമാകും. കേന്ദ്ര സർക്കാർ അലംഭാവം വെടിയണം, സമ്പദ് വ്യവസ്ഥ തിരിച്ചു വിടിക്കാൻ നടപടി വേണമെന്നും അദ്ദേഹം സാമൂഹ്യ മാധ്യമങ്ങളിലൂടെ ആവശ്യപ്പെട്ടു.




### ആശ്വാസ നടപടികൾ അപര്യാപ്തം

കോവിഡിനെ നിയന്ത്രിക്കുന്നതു വരെ ഇന്ത്യയിൽ പണം ചെലവഴിക്കൻ ദുർബലമായി തുടരും. സമ്പർക്ക സാധ്യത കൂടുതലുള്ള റെസ്റ്റോറന്റുകളും അനുബന്ധ തൊഴിലിടങ്ങളുമെല്ലാം മന്ദഗതിയിൽ തുടരും. ഇവിടെ സർക്കാരിന്റെ ആശ്വാസം പ്രധാനമാണെങ്കിലും നടപടി അപര്യാപ്തമാണ്. ഉത്തേജക പാക്കേജിറക്കാനുള്ള ലക്ഷ്യത്തോടെ വിഭവം സംഭരിക്കാനാണ് ശ്രമിക്കുന്നത്. തോൽവി സ്വയം വിളിച്ചു വരുത്തുന്ന തന്ത്രമാണിത്. സമ്പദ്‌വ്യവസ്ഥ രോഗിയായി പരിഗണിച്ച് എത്രയും വേഗം ആശ്വാസം നൽകുകയും രോഗത്തോട് പൊരുതുകയുമാണ് വേണ്ടത്. ആശ്വാസ നടപടിയില്ലെങ്കിൽ ആളുകൾ ഭക്ഷണമൊഴിവാക്കും. കുട്ടികളെ പഠിക്കാൻ വിടാതെ ജോലിക്ക് അയക്കുകയോ ഭിക്ഷ യാചിക്കാൻ വിടുകയോ ചെയ്യും. സ്വർണം പണയം വയ്ക്കും ഇഎംഐ കുടിശികയും വാടക കുടിശികയുമൊക്കെ പെരുകും. ചെറുകിട വ്യവസായ തൊഴിലാളികൾക്ക് കൂലി കൊടുക്കുന്നത് നിർത്തും. അതല്ലെങ്കിൽ അടച്ചുപൂട്ടും. രോഗിയുടെ ശരീര ശോഷണമാണ് ഇതിലൂടെയെല്ലാം സംഭവിക്കുക. ചുരുക്കത്തിൽ രോഗത്തെ നിയന്ത്രിക്കുമ്പോഴും രോഗി വെറും പുറംതൊലി മാത്രമാകും.

### ഉത്തേജക പാക്കേജിന് ഫലമില്ല

സാമ്പത്തിക ഉത്തേജനം ടോണിക് പോലെയാണ്. രോഗം ഇല്ലാതാകുമ്പോൾ രോഗക്കിടക്കയിൽ നിന്ന് വേഗത്തിൽ പുറത്തുകടക്കാൻ അത് രോഗിയെ സഹായിക്കും. എന്നാൽ രോഗി തീർത്തും ദുർബലനായി കഴിഞ്ഞാൽ പിന്നെ ഉത്തേജനം കൊണ്ട് പ്രയോജനമില്ല. കൂടുതൽ ആസൂത്രിതമായി വിഭവം വിനിയോഗിക്കാൻ സർക്കാരിനാകണം. ആലോചനാപൂർവം സജീവമായി പ്രവർത്തിക്കുന്ന സർക്കാർ ഇതിനാവശ്യമാണ്. തുടക്കത്തിൽ ചില ബഹളം കാട്ടിയതൊഴിച്ചാൽ ഇപ്പോൾ സ്വയം പിൻവലിഞ്ഞ നിലയിലാണ് - രഘുറാം രാജൻ പറഞ്ഞു.

# പാർലമെന്റിൽ കർഷക വിരുദ്ധ തൊഴിലാളി വിരുദ്ധ ബില്ലുകൾ

കോവിഡ് 19 മൂലം പാർലമെന്റിന്റെ വർഷകാല സമ്മേളനം പകുതി ദിവസങ്ങളിലേക്ക് വെട്ടിക്കുറക്കുകയും ചോദ്യോത്തരവേള ഒഴിവാക്കുകയും ചെയ്തു. എന്നാൽ ജനവിരുദ്ധ പ്രത്യേകിച്ച് കർഷക വിരുദ്ധ തൊഴിലാളി വിരുദ്ധ ബില്ലുകൾ അവതരിപ്പിക്കുന്നതിലും പാസാക്കുന്നതിലും ഒരു കുറവും വരുത്തിയിട്ടില്ല. ചെറുകിട കർഷകരെ തകർക്കുന്ന കാർഷിക മേഖല പരിഷ്കാരങ്ങളുമായി ബന്ധപ്പെട്ട് മൂന്നു ബില്ലുകൾ, സഹകരണ മേഖലയെ ധനമൂലധനത്തിന് അടിയറവക്കുന്ന ബാങ്കിംഗ് റെഗുലേഷൻ നിയമ ഭേദഗതി ബിൽ, തൊഴിൽ നിയമങ്ങൾ പരിഷ്കരിക്കാൻ മൂന്നു തൊഴിലാളി വിരുദ്ധ ലേബർ കോഡ് ബില്ലുകൾ തുടങ്ങിയവയാണ് അവയിൽ ചിലത്.

2020 ജൂൺ മാസത്തിൽ ലോക്ഡൗൺ കാലത്ത് കാർഷിക മേഖല പരിഷ്കാരം സംബന്ധിച്ച് മൂന്ന് ഓർഡിനൻസുകൾ കൊണ്ടുവന്നു. അവശ്യവസ്തു നിയമം, കാർഷിക വസ്തുക്കളുടെ വ്യാപാരവും വിപണനവും സംബന്ധിച്ചത്, കാർഷിക വസ്തുക്കളുട വിലയും കാർഷിക സേവനങ്ങളും സംബന്ധിച്ചത് എന്നിവയാണ് ആ ഓർഡിനൻസുകൾ. ആ മൂന്ന് ഓർഡിനൻസുകളും നിയമമാക്കാനുള്ള ബില്ലുകളാണ് പാർലമെന്റ് തുടങ്ങിയ സെപ്തംബർ 14 ന് തന്നെ അവതരിപ്പിച്ചത്. ഈ മൂന്നു നിയമങ്ങളും ചെറുകിട കൃഷിക്കാരെ ക്ഷീണിപ്പിക്കുന്നതും കുത്തക കൃഷി പ്രോത്സാഹിപ്പിക്കുന്നതുമാണ്.



സംസ്ഥാനങ്ങളുടെ അഭിപ്രായം ചോദിക്കാതെയാണ് കേന്ദ്രം ഈ നിയമം നടപ്പിലാക്കുന്നത്. അഗ്രികൾച്ചറൽ പ്രൊഡ്യൂസ് മാർക്കറ്റിംഗ് കമ്പനികളെ ഈ നിയമങ്ങൾ ക്രമേണ ക്ഷീണിപ്പിക്കുകയും അവരുടെ പ്രവർത്തനം അസാധ്യമാക്കുകയും ചെയ്യും. കാർഷിക വസ്തുക്കൾ സ്വകാര്യ വ്യാപാരികൾ വാങ്ങി പൂഴ്ത്തി വക്കുന്ന അവസ്ഥയുണ്ടാകും. ക്ഷാമകാലങ്ങളിൽ അവശ്യവസ്തുക്കൾക്ക് സ്വകാര്യ കുത്തകകൾ കൃത്രിമ ക്ഷാമം സൃഷ്ടിക്കുകയും ഭീമമായ വില ഈടാക്കുകയും ചെയ്യും. ഈ നില കർഷകരെ മാത്രമല്ല ഉപഭോക്താക്കളെയും ബാധിക്കും. കർഷകർക്ക് ഇപ്പോൾ ലഭ്യമായിക്കൊണ്ടിരിക്കുന്ന മിനിമം താങ്ങുവില ക്രമേണ ഇല്ലാതാകുന്നു. എല്ലാം സ്വകാര്യ കമ്പോളത്തിന്റെ പ്രത്യേകിച്ച് കുത്തകകളുടെ നിയന്ത്രണത്തിലേക്കു മാറും. കാർഷിക മേഖലയിൽ പുതിയ സാങ്കേതിക വിദ്യയുടെ ഉപയോഗം വർധിപ്പിക്കാനും കർഷകരെ ഇടനിലക്കാരിൽ നിന്നും രക്ഷിക്കാനും മറ്റുമാണെന്നാണ് സർക്കാർ വാദം. യഥാർത്ഥത്തിൽ സംഭവിക്കാൻ പോകുന്നത് നേരെ വിപരീതമായ സംഗതികളാണ്. ചെറുകിട കൃഷിക്കാർക്ക് പുതിയ സാങ്കേതിക വിദ്യകൾ എത്തിപ്പിടിക്കാൻ സാമ്പത്തിക കഴിവുണ്ടാകില്ല. അവരുടെ കൃഷിയിടങ്ങൾ കുത്തകകൾ അടിയറവെക്കാൻ അവർ നിർബന്ധിതരാകും.

### ബാങ്കിംഗ് റെഗുലേഷൻ അമന്റ്മെന്റ് ബിൽ

ബാങ്കിംഗ് റെഗുലേഷൻ അമൻമെന്റ് ബിൽ 2020 ലോകസഭ സെപ്തംബർ 16 ന് പാസാക്കി. ഈ ബില്ലും 2020 ജൂൺ മാസത്തിൽ കൊണ്ടുവന്ന ഒരു ഓർഡിനൻസ് നിയമമാക്കി പാർലമെന്റിന്റെ അംഗീകാരം വാങ്ങാനാണ്. സഹകരണ ബാങ്കുകളെ പൂർണമായി റിസർവ് ബാങ്കിന്റെ നിയന്ത്രണത്തിൽ കൊണ്ടു വരുന്നതാണ് ഈ ബിൽ. അമിതാധികാര പ്രയോഗത്തിന്റെ മറ്റൊരു ഉദാഹരണം. സഹകരണ ബാങ്കുകളെയും രാജ്യത്തെയും വിദേശത്തെയും ധനമൂലധനത്തിന് അടിയറ വയ്ക്കും ഈ നിയമം. സംസ്ഥാന സർക്കാരുകളുടെ സഹകരണ മേഖലയിലെ നിയന്ത്രണം വളരെ പരിമിതമാകും. രാജ്യമാകെ കർഷകരുടെ പ്രതിഷേധം അലയടിക്കുകയാണ്. എൻഡിഎ ഘടകകക്ഷിയായ ശിരോമണി അകാലിദൾ പ്രതിനിധിയായി കേന്ദ്ര മന്ത്രിസഭയിലുള്ള ശ്രീമതി ഹൻസിമേത് കൗർ ബില്ലിൽ പ്രതിഷേധിച്ച് രാജിവച്ചു. ഇതു കാരണം ഹരിയാന ബിജെപി സർക്കാരിന്റെ ഭാവി തന്നെ അപകടത്തിലാണ്.

# വടി കൊടുത്ത് അടി വാങ്ങിയ പ്രതിപക്ഷം



ആനത്തലവട്ടം ആനന്ദൻ

**രാജ്യത്തിന്റെ സമ്പത്ത് തട്ടിയെടുക്കാനും തൊഴിലാളികളും ദുർബല ജനവിഭാഗങ്ങളും പൊരുതി നേടിയ ജീവിത സൗകര്യങ്ങൾ കവർന്നെടുക്കാനും ജനങ്ങളുടെ രക്ഷകരാകേണ്ട ഭരണകൂടം ശ്രമിക്കുന്നു. ജനങ്ങൾക്ക് പ്രതിഷേധിക്കാനോ തൊഴിലാളികൾക്ക് പണിമുടക്കാനോ കോവിഡ് നിയന്ത്രണങ്ങൾ അനുവദിക്കുന്നില്ല. കേന്ദ്ര നടപടികൾക്ക് ഏലേലുയ്യ പാടുന്ന കോൺഗ്രസ്, ബിജെപി കക്ഷികൾ കേരളത്തിൽ രോഗികളുടെ എണ്ണം വർധിപ്പിക്കാനും മരണസംഖ്യ പെരുകാനും കിണഞ്ഞു ശ്രമിക്കുകയാണ്. യുഡിഎഫും ബിജെപിയും തോളോടു തോൾ ചേർന്ന് നിന്ന് കേരളത്തിൽ നടത്തുന്ന അക്രമ സമരങ്ങൾ, കേരളത്തേയും ജനങ്ങളേയും ദ്രോഹിക്കലും, മോദി സർക്കാരിന് പിന്തുണ പ്രഖ്യാപിക്കലുമാണ്.**

1978ൽ തിരുവനന്തപുരം ജില്ലയിൽ ഒരു രാത്രിയിൽ ജനങ്ങൾ മുഴുവൻ സുഖനിദ്രയിലാണ്ടിരിക്കുമ്പോൾ ഒരു മഹാ പ്രളയമുണ്ടായി. പിറ്റേന്ന് പകലും വെള്ളം കയറിക്കൊണ്ടേയിരുന്നു. തോരാത്ത മഴയും. അപ്രതീക്ഷിതമായുണ്ടായ ആ വെള്ളപ്പൊക്കത്തിലും പ്രകൃതിക്ഷോഭത്തിലും ഏറ്റവും കൂടുതൽ നാശമുണ്ടായത് തീരദേശ മേഖലയിലായിരുന്നു. വീടുകൾ തകർന്നു, മരങ്ങൾ കടപുഴകി വീണു, രക്ഷപ്പെടാൻ മാർഗമില്ലാതെ എങ്ങും ദീനരോദനങ്ങൾ മാത്രം. എന്റെ ഗ്രാമവും അതിൽപെട്ടിരുന്നു. അപ്രതീക്ഷിതമായുണ്ടായ ഈ ദുരന്തത്തിൽപ്പെട്ടവരുടെ ജീവൻ രക്ഷിക്കാൻ കയ്യും മെയ്യും മറന്ന് അതാതു പ്രദേശങ്ങളിലെ സന്മനസുള്ള ചെറുപ്പക്കാർ അഹോരാത്രം പ്രവർത്തിച്ചു, ആളുകളുടെ ജീവൻ രക്ഷിച്ചു. അതുകൊണ്ട് ആൾ നാശം കുറവായി. എന്നാൽ മറ്റൊരു കൂട്ടർ ആളൊഴിഞ്ഞ വീടുകൾ കുത്തിത്തുറന്നു വിലപിടിപ്പുള്ള സർവവും മോഷ്ടിച്ചു. കോഴിയും ആടും അവരുടെ മദ്യസേവക്കു ഭക്ഷണമായി. തെങ്ങിലെ തേങ്ങയും വാഴക്കുലയും കവർന്നെടുത്തു. വെള്ളപ്പൊക്കവും മഹാമാരിയും ഇക്കൂട്ടർക്ക് സുവർണാവസരമായി. ഇത്തരക്കാരെ തീവണ്ടി മറിഞ്ഞിടത്തും ബസപകടം സംഭവിക്കുന്നിടത്തും പുരക്ക് തീപിടിക്കുന്നിടത്തും ഉത്സവപറമ്പുകളിലും കാണാൻ കഴിയും, കൊള്ളയടിക്കാൻ.

1978 ലെ വെള്ളപ്പൊക്കം ഓർക്കാൻ ഇടയായത്, ഇന്ന് നമ്മുടെ രാജ്യം ഏർപ്പെട്ടിരിക്കുന്ന മഹാദുരന്തത്തിൽ ജനങ്ങൾ ജീവൻ രക്ഷിക്കാൻ സർക്കാർ നിർദ്ദേശങ്ങളെല്ലാം പാലിച്ചും സർക്കാരിന്റെയും സന്നദ്ധ സംഘടനകളുടെയും സഹായം കൊണ്ടു മാത്രം ജീവൻ നിലനിർത്തി സാമൂഹ്യ അകലം പാലിച്ച്, മറ്റുള്ളവർക്ക് കോവിഡ് 19 എന്ന വൈറസ് പകരാതിരിക്കാനും സ്വന്തം ജീവൻ രക്ഷിക്കാനും കഴിഞ്ഞ എട്ടു മാസമായി വ്യതമനുഷ്ഠിച്ചു കഴിയുകയാണ്.

## കോവിഡ് , കൊള്ളയടിക്കാൻ അവസരം

എന്നാൽ വീണു കിട്ടിയ ഒരവസരമായിട്ടാണ് ഈ മഹാമാരിയെ നരേന്ദ്രമോദി സർക്കാർ കാണുന്നത്.

ദശാബ്ദങ്ങളായി രാജ്യം കൈവരിച്ച സമ്പത്ത് തട്ടിയെടുക്കാനും തൊഴിലാളികളും ദുർബല ജനവിഭാഗങ്ങളും പൊരുതി നേടിയ ജീവിത സൗകര്യങ്ങൾ കവർന്നെടുക്കാനും ജനങ്ങളുടെ രക്ഷ



**ഇന്ത്യയിൽ രോഗവ്യാപനവും മരണസംഖ്യയും പെരുകുകയാണ്. ലോക സമ്പദ്വ്യവസ്ഥ സ്തംഭനത്തിലാണ്. തൊഴിലും വരുമാനവും നഷ്ടപ്പെട്ടിരിക്കുന്നു. തൊഴിലില്ലായ്മ പെരുകുകയാണ്. ലോകമാകെ 265 കോടി ജനങ്ങളെ പട്ടിണിയിലേക്ക് തള്ളിവിടുകയാണ്. എല്ലാ വെല്ലുവിളികൾക്കും മറുമരുന്നായി കണ്ടിരുന്നത് വിപണിയും കോർപറേറ്റുകളേയുമായിരുന്നല്ലോ? ആരോഗ്യ സംരക്ഷണം സ്വകാര്യ ഇൻഷ്വറൻസു കമ്പനികൾക്കും മരുന്നു കമ്പനികൾക്കുമായി വിട്ടുകൊടുത്തു. അതിന്റെ തിക്തഫലം വികസിത മുതലാളിത്ത രാജ്യങ്ങളും ഈ നയം സ്വീകരിച്ച ഇന്ത്യയെ പോലുള്ള രാജ്യങ്ങളും അനുഭവിക്കുകയാണ്.**

കരാകേണ്ട ഭരണകൂടം ശ്രമിക്കുന്നു. ജനങ്ങൾക്ക് പ്രതിഷേധിക്കാനോ തൊഴിലാളികൾക്ക് പണിമുടക്കാനോ കോവിഡ് നിയന്ത്രണങ്ങൾ അനുവദിക്കുന്നില്ല. കേന്ദ്ര നടപടികൾക്ക് ഏലേലുയ്യ പാടുന്ന കോൺഗ്രസ്, ബിജെപി കക്ഷികൾ കേരളത്തിൽ രോഗികളുടെ എണ്ണം വർധിപ്പിക്കാനും മരണസംഖ്യപെരുകാനും കിണഞ്ഞു ശ്രമിക്കുകയാണ്. ഇവിടെ അത് കുറയുന്നതിൽ കടുത്ത പ്രതിഷേധമവർക്കുണ്ട്. യുഡിഎഫും ബിജെപിയും തോളോടു തോൾ ചേർന്ന് നിന്ന് കേരളത്തിൽ നടത്തുന്ന അക്രമ സമരങ്ങൾ, കേരളത്തേയും ജനങ്ങളേയും ദ്രോഹിക്കലും, ജനങ്ങളേയും രാജ്യത്തേയും കൊള്ളയടിച്ചുകൊണ്ടിരിക്കുന്ന മോദി സർക്കാരിന് പിന്തുണ പ്രഖ്യാപിക്കലുമാണ്.

## കോവിഡിനെ കേന്ദ്രം നേരിട്ട രീതി

കോവിഡ് 19 ലോകത്ത് 210 രാജ്യങ്ങളിലായി വ്യാപിച്ചിരിക്കുന്നു. രോഗവ്യാപനവും മരണസംഖ്യയും പെരുകുകയാണ്. ലോക സമ്പദ്വ്യവസ്ഥ സ്തംഭനത്തിലാണ്. തൊഴിലും വരുമാനവും നഷ്ടപ്പെട്ടിരിക്കുന്നു. തൊഴിലില്ലായ്മ പെരുകുകയാണ്. ലോകമാകെ 265 കോടി ജനങ്ങളെ പട്ടിണിയിലേക്ക് തള്ളിവിടുകയാണ്. പരിഹാര നടപടികൾ സ്വീകരിച്ചില്ലെങ്കിൽ പട്ടിണി കിടന്ന് മരിക്കുമെന്ന് ലോക ഭക്ഷ്യ കാര്യ പരിപാടി വെളിപ്പെടുത്തുന്നു. എല്ലാ വെല്ലുവിളികൾക്കും മറുമരുന്നായി കണ്ടിരുന്നത് വിപണിയും കോർപറേറ്റുകളേയുമായിരുന്നല്ലോ? കഴിഞ്ഞ 3 ദശാബ്ദകാലമായി നടപ്പാക്കിയ നവ ഉദാരവൽക്കരണ നയത്തിന്റെ സംഭാവനയാണത്. ആരോഗ്യ സംരക്ഷണം സ്വകാര്യ ഇൻഷ്വറൻസു കമ്പനികൾക്കും മരുന്നു കമ്പനികൾക്കുമായി വിട്ടുകൊടുത്തു.

അതിന്റെ തിക്തഫലം വികസിത മുതലാളിത്ത രാജ്യങ്ങളും ഈ നയം സ്വീകരിച്ച ഇന്ത്യയെ പോലുള്ള രാജ്യങ്ങളും അനുഭവിക്കുകയാണ്.

ജനുവരിയിൽ കോവിഡ് വൈറസ് കണ്ടു തുടങ്ങി. ഇന്ത്യയാകട്ടെ മാർച്ചു മാസം വരെ വേറെ തിരക്കിലായിരുന്നു. ഫെബ്രുവരിയിൽ ഇന്ത്യ സന്ദർശിക്കുന്ന അമേരിക്കൻ പ്രസിഡന്റ് ട്രംപിനു സ്വീകരണം ഒരുക്കൽ. അതിനു ശേഷം മധ്യപ്രദേശിൽ കോൺഗ്രസ് ഗവൺമെന്റിനെ അട്ടിമറിച്ചു ബിജെപി സർക്കാരുണ്ടാക്കൽ, തുടർന്ന് പാർലമെന്റ് സമ്മേളനം തുടർച്ചയായി മാർച്ച് 23 വരെ ചേരൽ, മാർച്ച് 23 അർധ രാത്രിയിൽ 21 ദിവസത്തെ ലോക്ഡൗൺ യാതൊരു മുന്നറിയിപ്പും കൂടാതെയുള്ള പ്രഖ്യാപനം.

പിറ്റേന്നു മുതൽ ജീവിതത്തിലെ സമസ്ത മേഖലയുടേയും സ്തംഭനം. വിമാന സർവ്വീസ്, തീവണ്ടി



**കോവിഡ് കാലത്ത് മുകേഷ് അംബാനി ഏഷ്യയിലെ 4ാമത്തെ സമ്പന്നനായി വളർന്നു. 1770 കോടി ഡോളറിൽ നിന്ന് 4990 കോടി ഡോളറിന്റെ വളർച്ച. സമ്പന്നർക്ക് കോവിഡ് ഒരു ദോഷവും വരുത്തിയില്ല. അതേ സമയം തൊഴിലാളികൾക്ക് കോവിഡ് സമ്മാനിച്ചതോ, 15 കോടി പേർക്ക് ഉള്ള തൊഴിൽ നഷ്ടപ്പെട്ടു. 14 കോടി കുടിയേറ്റ തൊഴിലാളികൾക്ക് ട്രക്ക് ഇടിച്ചും തീവണ്ടി കയറിയും മരിക്കാൻ അവസരം നൽകി.**

ഗതാഗതം, ബസ് സർവ്വീസ് എല്ലാ ഗതാഗത മാർഗങ്ങളും സ്തംഭിച്ചു. ഫാക്ടറികളും ആഫീസുകളും നിശ്ചലമായി. അന്നന്ന് പണിയെടുത്ത് അഷ്ടിക്കു വകനേടിയിരുന്ന കോടിക്കണക്കിന് ദരിദ്ര നാരായണന്മാർ അന്നം കിട്ടാതെ നടുറോഡിലിറങ്ങി.

സഹായിക്കേണ്ട സർക്കാർ അനങ്ങുന്നില്ല. ഏറെ സമ്മർദ്ദങ്ങൾക്കു ശേഷം ജിഡിപിയുടെ 10% ഉത്തേജക പാക്കേജ് പ്രഖ്യാപിച്ചു. ഇതിൽ 1% മാത്രമേ സർക്കാർ ഖജനാവിൽ നിന്നു ചെലവഴിക്കുന്നുള്ളൂ. അത് ആനവായിൽ അമ്പഴങ്ങ പോലെയുള്ള ഫലമേ ഉണ്ടാക്കിയുള്ളൂ.

തുടർന്ന് ഗവണ്മെന്റിന്റെ ശ്രദ്ധ പള്ളിപൊളിച്ചിടത്ത് രാമക്ഷേത്രത്തിന് ശിലാന്യാസം നടത്തലാണ്. രാമരാജ്യം സ്ഥാപിക്കാൻ. ആഗസ്റ്റ് 5 ന് അത് നിർവഹിച്ചു. പിന്നീടിങ്ങോട്ട് സ്വീകരിക്കുന്ന നടപടികൾ അതിസമ്പന്നന്മാരെ സഹായിക്കാനും ഏഴു ദശാബ്ദങ്ങളായി ജനങ്ങൾ നേടിയവ മുഴുവൻ തകർക്കാനുമാണ്.

കോവിഡ് കാലത്ത് മുകേഷ് അംബാനി ഏഷ്യയിലെ 4ാമത്തെ സമ്പന്നനായി വളർന്നു. 1770 കോടി ഡോളറിൽ നിന്ന് 4990 കോടി ഡോളറിന്റെ വളർച്ച. സമ്പന്നർക്ക് കോവിഡ് ഒരു ദോഷവും വരുത്തിയില്ല.

അതേ സമയം തൊഴിലാളികൾക്ക് കോവിഡ് സമ്മാനിച്ചതോ, 15 കോടി പേർക്ക് ഉള്ള തൊഴിൽ നഷ്ടപ്പെട്ടു. 14 കോടി കുടിയേറ്റ തൊഴിലാളികൾക്ക് ട്രക്ക് ഇടിച്ചും തീവണ്ടി കയറിയും മരിക്കാൻ അവസരം നൽകി.

8 മണിക്കൂർ ജോലി 12 മണിക്കൂർ ആയി ഉയർത്താൻ കോൺഗ്രസ് , ബിജെപി ഭരിക്കുന്ന സംസ്ഥാനങ്ങൾ നിയമ ഭേദഗതി പാസാക്കി. 44 തൊഴിൽ നിയമങ്ങൾ തൊഴിലാളി സംരക്ഷണത്തിനുള്ളത് ഭേദഗതി ചെയ്തു 4 കോഡുകളാക്കി പാസാക്കാൻ ഇത്തവണ ചേരുന്ന പാർലമെന്റിൽ ലിസ്റ്റു ചെയ്യപ്പെട്ടിരിക്കുന്നു. ഇത് തൊഴിലാളികളുടെ വരുമാനം കുറയ്ക്കാനും മുതലാളിമാരുടെ സമ്പത്ത് വർധിപ്പിക്കാനുമാണ്.

## പൊതുസ്വത്ത് തൂക്കി വില്ക്കുന്നു

സ്വാതന്ത്ര്യാനന്തര ഇന്ത്യ വളർത്തിയെടുത്ത പൊതുമേഖലാ സ്ഥാപനങ്ങൾ ഒന്നൊന്നായി കോർപറേറ്റുകൾക്ക് തുച്ഛ വിലക്ക് വിൽക്കുന്നു. കൽക്കരി ഖനികൾ, നവരത്ന കമ്പനികൾ, ONGC, BPCL തുറമുഖങ്ങൾ, വിമാനത്താവളങ്ങൾ, വിമാനങ്ങൾ, പട്ടാളക്കാർക്കുവേണ്ടി ഉല്പന്നങ്ങൾ നിർമ്മിക്കുന്ന ബെമൽ, BHEL, ISRO,റെയിൽവെ, യുദ്ധോപകരണങ്ങൾ നിർമ്മിക്കുന്ന ഓർഡിനൻസ് ഫാക്ടറി, ഹിന്ദുസ്ഥാൻ ലാറ്റക്സ്, ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ചുരുക്കത്തിൽ കടലും കരയും ആകാശവും ഭൂമിയും ഭൂമിക്കടിയിലുള്ള പ്രകൃതി വിഭവങ്ങളും എല്ലാം കോർപറേറ്റുകൾക്ക് നൽകുകയാണ്. ഈ കച്ചവടങ്ങളിലെല്ലാം വൻ തുക കമ്മീഷൻ കിട്ടും. യുദ്ധത്തിൽ മരിച്ചുവീഴുന്ന പട്ടാളക്കാരുടെ മൃതദേഹം അടക്കം ചെയ്യാനുള്ള ശവപ്പെട്ടി വാങ്ങിയതിൽ പോലും കമ്മീഷൻ അടിച്ച പാരമ്പര്യമുള്ളവരാണിവർ. കോവിഡ് 19

രാജ്യം വിൽക്കാനുള്ള അവസരമായാണ് കേന്ദ്ര സർക്കാർ കാണുന്നത്. ഈ ജനദ്രോഹ, രാജ്യദ്രോഹ നടപടികൾക്കെതിരെ കേരളത്തിലെ യുഡിഎഫിനോ ബിജെപിക്കോ പ്രതിഷേധമോ സമരമോയില്ല. കോവിഡ് വ്യാപനവും മരണ നിരക്കും അമേരിക്കയേയും ബ്രസീലിനേയും പിന്നിലാക്കി ഇന്ത്യ മുന്നോട്ടു കുതിക്കുന്നതിലും പ്രതിഷേധമില്ല. അവരുടെ സമരം കേരളത്തിനെതിരാണ്. എൽഡിഎഫ് സർക്കാരിനെതിരാണ്. ഇവിടുള്ള ജനങ്ങൾക്കെതിരാണ്.

## കേരളം ചെയ്യുന്നതെന്ത്

വുഹാനിൽ കോവിഡ് വൈറസ് കണ്ടത് ജനുവരിയിലാണ്. അപ്പോൾ മുതൽ കേരളം മുന്നൊരുക്കങ്ങൾ നടത്തി. മെയ് മാസമായപ്പോൾ കോവിഡ് രോഗികളില്ലാതായി. തുടർന്ന് അയൽ സംസ്ഥാനങ്ങളിൽ നിന്നും അന്യ രാജ്യങ്ങളിൽ നിന്നുമുള്ള മലയാളികളുടെ വരവ് രോഗികളുടെ എണ്ണം വർധിപ്പിച്ചു. സാമൂഹിക അകലം പാലിക്കാതിരിക്കാൻ പ്രതിപക്ഷ പാർടികൾ ശ്രമം തുടങ്ങി. ഇന്ത്യയിലെ ഐസിഎംആറും കേന്ദ്രആരോഗ്യ വകുപ്പും വേൾഡ് ഹെൽത്ത് ഓർഗനൈസേഷനും ദേശീയ - വിദേശീയ മാധ്യമങ്ങളും കേരളത്തെ പ്രകീർത്തിച്ചു. ആരോഗ്യ മന്ത്രിക്ക് അഭിനന്ദനങ്ങൾ ചൊരിഞ്ഞു. മുഖ്യമന്ത്രിയുടെ വൈകുന്നേരത്തെ വാർത്താ സമ്മേളനം ദൃശ്യമാധ്യമങ്ങളുടെ റേറ്റിംഗ് വർധിപ്പിച്ചു. ലോകമെങ്ങുമുള്ള മലയാളികളുടെ ശ്രദ്ധാകേന്ദ്രമായി. ലോകത്ത് ഏറ്റവും കൂടുതൽ വാർത്താ സമ്മേളനം നടത്തിയ ഭരണാധികാരി പിണറായി വിജയനെന്ന കീർത്തി നേടി. എൽഡിഎഫിനെ നിരന്തരം എതിർക്കുന്ന ഏഷ്യാനെറ്റ് ചാനൽ നടത്തിയ അഭിപ്രായ സർവേയിൽ ജനസമ്മിതിയിൽ പിണറായി വിജയൻ ഒന്നാമനായി കണ്ടു. എൽഡിഎഫിന് തുടർ ഭരണം ലഭിക്കുമെന്ന് സർവേഫലം വെളിപ്പെടുത്തി. ഇതെല്ലാം ഇവർ ഉയർത്തിയ സ്പ്രിംഗ്ലർ, ബെവ്കോ ആരോപണങ്ങൾക്കു ശേഷമാണ്.

ഇതോടെ യുഡിഎഫിന്റെയും ബിജെപിയുടെയും സമനില തെറ്റി. നട്ടാൽ കുരുക്കാത്ത നുണക്കഥകളും അഴിമതി ആരോപണങ്ങളുടെയും ഭാണ്ഡക്കെട്ടുകൾ ദിവസേന അഴിച്ചുവച്ചു. സ്വർണകള്ളക്കടത്ത്, മയക്കുമരുന്ന്, ലൈഫ് പദ്ധതി ഇതെല്ലാം അഴിമതിയുടെ പര്യായമായും മുഖ്യമന്ത്രിയുടെ ആഫീസും മുഖ്യമന്ത്രിയുമായും ബന്ധപ്പെടുത്തിയും കഥകൾ മെനഞ്ഞുണ്ടാക്കി. മാധ്യമങ്ങൾ അവ പ്രചരിപ്പിക്കുക മാത്രമല്ല നന്നായി പ്രോത്സാഹിപ്പിക്കുകയും ചെയ്തു. അവസാന ആയുധമായി സർക്കാരിൽ അവിശ്വാസം രേഖപ്പെടുത്തി പ്രമേയം അവതരിപ്പിച്ചു.

## പൊളിഞ്ഞുപോയ അവിശ്വാസം

മൂന്നര മണിക്കൂർ നീണ്ടു നിന്ന മുഖ്യമന്ത്രിയുടെ മറുപടി കേരളത്തിനും ജനങ്ങൾക്കും വേണ്ടി നാലു വർഷകാലം ചെയ്തതും, ശേഷിക്കുന്ന കാലം ചെയ്യാൻ പോകുന്ന കാര്യങ്ങളും വിശദീകരിക്കുന്നതു കേട്ടു. അതിൽ തങ്ങളുടെ മണ്ഡലത്തിൽ നടന്നതും നടക്കാൻ പോകുന്ന വികസന പദ്ധതികളുടെ പട്ടികകളും, സാകൂതം കേട്ടു പ്രതിപക്ഷം സമയം പോയതറിഞ്ഞില്ല. മൃഷ്ടാന്ന സദ്യ ഉണ്ട് മൂന്ന് ഇനം പായസം കഴിച്ചു മയക്കത്തിലായി.

**സ്വാതന്ത്ര്യാനന്തര ഇന്ത്യ വളർത്തിയെടുത്ത പൊതുമേഖലാ സ്ഥാപനങ്ങൾ ഒന്നൊന്നായി കോർപറേറ്റുകൾക്ക് തുച്ഛവിലക്ക് വിൽക്കുന്നു. കൽക്കരി ഖനികൾ, നവരത്ന കമ്പനികൾ, ONGC, BPCL, തുറമുഖങ്ങൾ, വിമാനത്താവളങ്ങൾ, വിമാനങ്ങൾ, പട്ടാളക്കാർക്കുവേണ്ടി ഉല്പന്നങ്ങൾ നിർമ്മിക്കുന്ന ബെമൽ, BHEL, ISRO, റെയിൽവെ, യുദ്ധോപകരണങ്ങൾ നിർമ്മിക്കുന്ന ഓർഡിനൻസ് ഫാക്ടറി, ഹിന്ദുസ്ഥാൻ ലാറ്റക്സ്, ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ചുരുക്കത്തിൽ കടലും കരയും ആകാശവും ഭൂമിയും ഭൂമിക്കടിയിലുള്ള പ്രകൃതി വിഭവങ്ങളും എല്ലാം കോർപറേറ്റുകൾക്ക് നൽകുകയാണ്.**



**എൽഡിഎഫ് അധികാരത്തിലേറി നാലര വർഷമാകുന്നു. ഇതിനിടയിൽ ഉണ്ടായ പ്രതി സന്ധികൾ ഓർക്കുന്നത് നന്നായിരിക്കും. ഓഖി ദുരന്തം, നിപാ വൈറസ്, 2018 ലും 2019 ലും ഉണ്ടായ മഹാ പ്രളയവും ദുരന്തങ്ങളും വരുത്തിയ വലിയ ആൾനാശവും 33000 കോടിയിലധികം രൂപയുടെ നാശനഷ്ടങ്ങളും. കേരളം തകർന്നു പോയതാണ്. അതിൽ നിന്ന് ഒരു നവകേരളം കെട്ടിപ്പടുക്കാൻ ഈ ഗവണ്മെന്റു സ്വീകരിച്ച നടപടികൾ ആർക്കാണ് വിസ്മരിക്കാൻ കഴിയുക.**

വരുന്ന തെരഞ്ഞെടുപ്പിലും മത്സരിക്കാൻ തങ്ങളുടെ മണ്ഡലത്തിൽ നടക്കാൻ പോകുന്ന കോടിക്കണക്കിനു രൂപയുടെ വികസന പദ്ധതികൾ ഹ്രദിസ്ഥമാക്കി കഴിഞ്ഞപ്പോഴാണ് ഈ ഗവണ്മെന്റിനെതിരായാണല്ലോ അവിശ്വാസം കൊണ്ടു വന്നതെന്ന ജാള്യത അവർക്കു തന്നെ തോന്നിയിരിക്കും. പെട്ടന്നവർ ഞെട്ടിയുണർന്ന്, സർക്കാർ രാജിവയ്ക്കണം പുറത്തുപോകണം എന്നു പറയാനാണല്ലോ തങ്ങൾ അവിശ്വാസം കൊണ്ടു വന്നത്, അത് ഓർമ്മിപ്പിച്ചില്ലെങ്കിൽ സഭക്കു പുറത്ത് അനുയായികൾ വിടില്ല. ബഹളം ഉണ്ടാക്കാൻ ഒരുമ്പെട്ടു. കോവിഡിനെക്കുറിച്ചുള്ള സംശയങ്ങൾക്കു മറുപടി വേണ്ടേ വേണ്ട. ഞങ്ങൾക്ക് ഇനി ഒന്നും കേൾക്കണ്ട. പ്രസംഗം നിർത്തിയാൽ മതി. ഞങ്ങൾക്കു പോകണം അങ്ങിനെ വടി കൊടുത്ത് അടി വാങ്ങി, നിരാശരായി മടങ്ങേണ്ടി വന്നു.

## സെക്രട്ടറിയേറ്റിലെ തീപിടിത്തം

പിറ്റേന്നാണ് സെക്രട്ടറിയേറ്റിൽ ഷോർട്ട് സർക്യൂട്ടിന്റെ ഫലമായി ഒന്നോ രണ്ടോ ഫയലുകൾ കത്തിയത്. അര ബക്കറ്റ് വെള്ളം കൊണ്ട് സെക്രട്ടറിയേറ്റിലെ ജീവനക്കാർ തന്നെ 5 മിനിറ്റിനകം തീയണച്ചു.

പക്ഷേ നിമിഷങ്ങൾക്കകം പ്രതിപക്ഷ നേതാവും ബിജെപി പ്രസിഡന്റും അനുയായികളും സെക്രട്ടറിയേറ്റിനു മുന്നിലെത്തി സെക്രട്ടറിയേറ്റിൽ അനുയായികളുമായി തള്ളികയറി തീയിട്ടതാണെന്നു വരുത്താനും പോലീസുമായി ഏറ്റുമുട്ടാനും തയാറായി. അവരെ പിരിച്ചുവിടാൻ മൂന്നോ നാലോ ടാങ്ക് വെള്ളം ഉപയോഗിക്കേണ്ടി വന്നു.

തലേന്ന് നിയമസഭയിൽ മൂക്കുകുത്തി വീണ പ്രതിപക്ഷം, വീണിടത്തു നിന്ന് എഴുന്നേല്ക്കാനുള്ള കച്ചിതുമ്പായി സെക്രട്ടറിയേറ്റിലെ തീ പിടിത്തത്തിൽ കയറി പിടിച്ചു. രണ്ടു മൂന്നു ദിവസം മാധ്യമങ്ങളും ആഘോഷിച്ചു. സ്വർണകടത്തിന്റെ ഫയലുകൾ കത്തിച്ചതാണ് മുഖ്യമന്ത്രിക്കു പങ്കുണ്ട്, ഉടൻ രാജിവയ്ക്കണം എന്നെല്ലാം പുകിലുകളാണ് കാട്ടിയത്. ഓഫ് ചെയ്യാതെ പോയ ഒരു പഴയ ഫാൻ പൊട്ടി വീണതിൽ നിന്നാണ് തീ പൊരി വീണതെന്ന് സംശയരഹിതമായി അന്വേഷണ സംഘം റിപ്പോർട്ടു ചെയ്തിരിക്കുന്നു. അങ്ങനെ തീ വച്ചതിന്റെ ചീട്ട് കീറി. പ്രതിപക്ഷം ഇതിവിടെ അവസാനിപ്പിക്കാൻ പോകുന്നില്ല. അടുത്ത മെയ് മാസം വരെ, തെരഞ്ഞെടുപ്പു വരെ, വ്യാജ ആരോപണങ്ങളുമായി അവർ മുന്നോട്ടു പോകും. പക്ഷേ ജനങ്ങൾ അതെല്ലാം അവരുടെ ജീവിതാനുഭവത്തിന്റെ വെളിച്ചത്തിൽ പുച്ഛിച്ചു തള്ളുമെന്ന് ഉറപ്പാണ്.

## എന്താണ് ജനങ്ങളുടെ ജീവിതാനുഭവം

എൽഡിഎഫ് അധികാരത്തിലേറി നാലര വർഷമാകുന്നു. ഇതിനിടയിൽ ഉണ്ടായ പ്രതിസന്ധികൾ ഓർക്കുന്നത് നന്നായിരിക്കും. ഓഖി ദുരന്തം, നിപാ വൈറസ്, 2018 ലും 2019 ലും ഉണ്ടായ മഹാ പ്രളയവും ദുരന്തങ്ങളും വരുത്തിയ വലിയ ആൾനാശവും 33000 കോടിയിലധികം രൂപയുടെ നാശനഷ്ടങ്ങളും. കേരളം തകർന്നു പോയതാണ്. അതിൽ നിന്ന് ഒരു നവകേരളം കെട്ടിപ്പടുക്കാൻ ഈ ഗവണ്മെന്റു സ്വീകരിച്ച നടപടികൾ ആർക്കാണ് വിസ്മരിക്കാൻ കഴിയുക. ഈ വർഷം ആരംഭത്തിൽ ലോകമാകെ ഗ്രസിച്ച കോവിഡ് 19 മഹാമാരിയുടെ ആക്രമണം. ലോകത്താകെ ലക്ഷക്കണക്കിന് പേർ മരിക്കുകയും രോഗം പിടിച്ചു നട്ടം തിരിയുകയും ചെയ്യുന്നു. മരണ നിരക്കിലും രോഗവ്യാപനത്തിലും അമേരിക്കയും ബ്രസീലും കഴിഞ്ഞാൽ ഇന്ത്യയായിരുന്നു. അതിപ്പോൾ ഒന്നാം സ്ഥാനത്തേക്കു കുതിക്കുന്നു. ഇന്ത്യയിൽ മരണ നിരക്ക് 4 മുതൽ 10% വരെയുള്ളപ്പോഴും കേരളം 0.4 ശതമാനമായി നിലനിർത്തുന്നു. രോഗികളുടെ എണ്ണം ഒരു ലക്ഷമാകുമ്പോഴും രോഗമുക്തി നേടിയവരുടെ എണ്ണം 75838 ആയി ഉയരുന്നു. കഴിഞ്ഞ മാർച്ചു മുതൽ ആഫീസുകളും വ്യവസായ ശാലകളും തൊഴിലിടങ്ങളും പഴയതു

പോലെ പ്രവർത്തിക്കുന്നില്ല. മാസങ്ങൾ ട്രാൻസ്പോർട്ട് സർവ്വീസ് നിർത്തിവച്ചു. സർക്കാരാഫീസുകൾ കുറെക്കാലം അടച്ചിട്ടു. ജീവനക്കാർ വീട്ടിലിരിക്കുന്നു. ലക്ഷക്കണക്കിനു തൊഴിലാളികൾ പണിയെടുത്തിരുന്ന അസംഘടിത പരമ്പരാഗത മേഖല, നിർമാണ മേഖല എല്ലാം സ്തംഭനത്തിലാണ്. ഈ പശ്ചാത്തലത്തിലും ഒരാളും പട്ടിണി കിടക്കാതെ ഭക്ഷണം കഴിക്കാനുള്ള സൗജന്യ റേഷനും നിത്യോപയോഗ സാധനങ്ങളുടെ കിറ്റുകളും വീടുകളിൽ എത്തിച്ചു. 88 ലക്ഷം കുടുംബങ്ങളിലാണ് അരിയും മറ്റു നിത്യോപയോഗ സാധനങ്ങളും സൗജന്യമായി നൽകിയത്. ജീവനക്കാർക്ക് പണിയില്ലെങ്കിലും മുടങ്ങാതെ ശമ്പളം, വണ്ടി ഓടിയില്ലെങ്കിലും ശമ്പളവും ബോണസും, മുൻ വർഷം ലഭിച്ച ബോണസു തന്നെ പണിയില്ലാതിരുന്ന ഈ ഓണക്കാലത്തും എല്ലാ വിഭാഗം തൊഴിലാളികൾക്കും നൽകി. റേഷൻ കടവഴി കാർഡിന്റെ നിറവ്യത്യാസമില്ലാതെ എല്ലാവർക്കും സൗജന്യ കിറ്റുകൾ. 58 ലക്ഷം കുടുംബങ്ങൾക്ക് സാമൂഹ്യ ക്ഷേമ പെൻഷൻ, യുഡിഎഫ് കാലത്ത് 35 ലക്ഷം കുടുംബങ്ങൾക്ക് 600 രൂപ നൽകിയിരുന്നത് 1300 രൂപയായി ഉയർത്തി നൽകി. ആഗസ്റ്റു മുതൽ 1400 ആയി വർധിപ്പിച്ചു മാസം തോറും നൽകുമെന്നും മുഖ്യമന്ത്രി പ്രസ്താവിച്ചു. സൗജന്യമായി കിറ്റുകൾ, വരുന്ന 4 മാസകാലം തുടർച്ചയായി നൽകുമെന്നും അറിയിച്ചിട്ടുണ്ട്. കോവിഡ് ചികിത്സ ഭാരിച്ച ചെലവുള്ളതാണ്. കേരളത്തിൽ അതെല്ലാം സർക്കാർ ആശുപത്രികളിലൂടെ നിർവഹിക്കുന്നു. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലോ മറ്റു രാജ്യങ്ങളിലോ ചികിത്സ സ്വകാര്യ ആശുപത്രികളിലാണ്. കർണാടക 25 ലക്ഷം രൂപയും മറ്റു സംസ്ഥാനങ്ങൾ തരാതരം പോലെയും ഒരു കോവിഡ് രോഗിയിൽ നിന്ന് പിഴിയുന്നു. പണം കൊടുക്കാൻ കഴിയാത്തവർ മരിക്കലെ മാർഗമുള്ളു. ഇവിടെ ഗ്രാമങ്ങളിലും പട്ടണങ്ങളിലും സർക്കാർ സംവിധാനമുണ്ട്. സൗജന്യ ചികിത്സ നൽകയും അതിനുള്ള പണം സർക്കാർ ചെലവഴിക്കുകയും ചെയ്യുന്നു.

## കണ്ണഞ്ചിപ്പിക്കുന്ന വികസനം

ഈ അടിയന്തിര ബാധ്യതകൾ നിർവഹിക്കുമ്പോൾ തന്നെ നവ കേരളം കെട്ടിപ്പടുക്കാനുള്ള ബൃഹത്തായ വികസന പ്രവർത്തനങ്ങൾ കേരളത്തിലുടനീളം അരലക്ഷം കോടിയിലധികം രൂപ മുടക്കി നിർവിഘ്നം നടപ്പാക്കി വരുന്നു. സർക്കാരിന്റെ വരുമാനം നികുതി പണമാണ്. അത് ജിഎസ്ടി വന്നതോടെ കേന്ദ്രം കയ്യിലാക്കി. മാസാമാസം തരേണ്ട പണം അവർക്ക് തോന്നുമ്പോഴാണ് തരുന്നത്. ഈ ദുരന്തങ്ങളിലൊന്നും

**കോവിഡ് പശ്ചാത്തലത്തിലും ഒരാളും പട്ടിണി കിടക്കാതെ ഭക്ഷണം കഴിക്കാനുള്ള സൗജന്യ റേഷനും നിത്യോപയോഗ സാധനങ്ങളുടെ കിറ്റുകളും വീടുകളിൽ എത്തിച്ചു. 88 ലക്ഷം കുടുംബങ്ങളിലാണ് അരിയും മറ്റു നിത്യോപയോഗ സാധനങ്ങളും സൗജന്യമായി നൽകിയത്. ജീവനക്കാർക്ക് പണിയില്ലെങ്കിലും മുടങ്ങാതെ ശമ്പളം, വണ്ടി ഓടിയില്ലെങ്കിലും ശമ്പളവും ബോണസും, മുൻ വർഷം ലഭിച്ച ബോണസു തന്നെ പണിയില്ലാതിരുന്ന ഈ ഓണക്കാലത്തും എല്ലാ വിഭാഗം തൊഴിലാളികൾക്കും നൽകി. റേഷൻ കടവഴി കാർഡിന്റെ നിറവ്യത്യാസമില്ലാതെ എല്ലാവർക്കും സൗജന്യ കിറ്റുകൾ. 58 ലക്ഷം കുടുംബങ്ങൾക്ക് സാമൂഹ്യ ക്ഷേമ പെൻഷൻ, യുഡിഎഫ് കാലത്ത് 35 ലക്ഷം കുടുംബങ്ങൾക്ക് 600 രൂപ നൽകിയിരുന്നത് 1300 രൂപയായി ഉയർത്തി നൽകി.**

സംസ്ഥാനത്തെ സഹായിക്കുന്നുമില്ല. സന്മനസുള്ള കുറെ മനുഷ്യർ നൽകുന്ന ഉദാരമായ സംഭാവനകളും സന്നദ്ധ പ്രവർത്തകരുടെ സേവനവും തൊഴിലാളി യുവജനസംഘടനകൾ സമാഹരിച്ചതും വരുമാനത്തിന്റെ അംശം നീക്കി വച്ചതുമാണ് സർക്കാരിനു സഹായമായി കിട്ടിയത്.

ഇതുപോലൊരു ആപൽസന്ധിയിൽ രാഷ്ട്രീയ ജാതിമതവ്യത്യാസമില്ലാതെ സർക്കാരിനു പിന്നിൽ അണിനിരന്ന് ജനങ്ങളെയും നാടിനെയും രക്ഷിക്കാനുള്ള കടമ നിർവഹിക്കേണ്ട പ്രതിപക്ഷ പാർടികൾ രാപകൽ വ്യത്യാസമില്ലാതെ പ്രതിബന്ധങ്ങൾ സൃഷ്ടിക്കുകയാണ്. കോവിഡ് പടരുന്നതിന് സഹായകമായി ആൾക്കൂട്ടമുണ്ടാക്കാനും ദിവസേന പോലീസുമായി ഏറ്റുമുട്ടാനും ശ്രമിക്കുന്നു. സർക്കാരിന് 10 പൈസാ കൊടുക്കരുതെന്ന് അവർക്ക് നിയന്ത്രണമുള്ള ജീവനക്കാരോടു നിർദേശിക്കുന്നു. ഇതെല്ലാം കേരളത്തിലെ ജനങ്ങൾ കാണുന്നുണ്ട്.

പിണറായി വിജയൻ നയിക്കുന്ന ഇടതുപക്ഷ മുന്നണി ഗവണ്മെന്റല്ല, യുഡിഎഫ് ആണ് കേരളം ഭരിച്ചിരുന്നതെങ്കിൽ ഈ പ്രതിസന്ധിക്കാലം കേരളത്തിന്റെ സ്ഥിതി എന്താകുമായിരുന്നുവെന്ന്, സങ്കുചിത രാഷ്ട്രീയതിമിരം ബാധിച്ചിട്ടില്ലാത്ത ജനങ്ങൾ ചിന്തിക്കുന്നുണ്ടാവും. കണ്ണുള്ളപ്പോൾ കാഴ്ചയുടെ പ്രാധാന്യം അറിയുന്നില്ല. അപവാദ പ്രചാരകരേയും നുണബോംബുകളേയും തിരസ്കരിക്കുക. കേരളത്തെ രക്ഷിക്കാൻ എൽഡിഎഫിനു പിന്നിൽ അണിനിരക്കുക. ●

### ഭീകരവാദത്തിനെതിരായ യുദ്ധം

# അമേരിക്ക വഴിയാധാരമാക്കിയത് 5 കോടി 90 ലക്ഷം മനുഷ്യരെ



ബ്രൗൺ യൂണിവേഴ്സിറ്റിയുടെ "യുദ്ധത്തിന്റെ വില" എന്ന റിപ്പോർട്ട് പറയുന്നു അമേരിക്കയുടെ ഭീകരവാദത്തിനെതിരായ യുദ്ധം (War on terror) മിഡിൽ ഈസ്റ്റ്, ഏഷ്യ. ആഫ്രിക്ക എന്നീ ഭൂഖണ്ഡങ്ങളിലെ എട്ടു രാജ്യങ്ങളിൽ നിന്നു മാത്രം 5 കോടി 90 ലക്ഷം പേരെ അവരുടെ വാസ സ്ഥലങ്ങളിൽ നിന്നും പാലായനം ചെയ്യാൻ നിർബന്ധിതമാക്കി.

സൗത്ത് ആഫ്രിക്കയിലെ മൊത്തം ജനസംഖ്യയേക്കാൾ കൂടുതൽ ജനങ്ങളെയാണ് അമേരിക്കൻ യുദ്ധവും അധിനിവേശവും വഴിയാധാരമാക്കിയത്.

| | |
|---|---|
| അഫ്ഗാനിസ്ഥാൻ | 83 ലക്ഷം |
| പാകിസ്ഥാൻ | 37 ലക്ഷം |
| ഇറാക്ക് | 92 ലക്ഷം |
| ലിബിയ | 12 ലക്ഷം |
| സിറിയ | 75 ലക്ഷം |
| യെമൻ | 44 ലക്ഷം |
| സൊമാലിയ | 42 ലക്ഷം |
| ഫിലിപ്പൈൻസ് | 17 ലക്ഷം |

ഈ രാജ്യങ്ങൾ കൂടാതെ ക്യാമറോൺ, ചാഡ്, കോംഗോ, മാലി, സൗദി അറേബ്യ, ടുണിഷ്യ തുടങ്ങി പല രാജ്യങ്ങളിലെയും ജനങ്ങൾ അമേരിക്കൻ യുദ്ധം മൂലം അവരുടെ വാസ സ്ഥലങ്ങൾ വിട്ടൊഴിയേണ്ടി വന്നു.

അമേരിക്കൻ യൂണിവേഴ്സിറ്റിയിലെ പ്രൊഫ. ഡേവിഡ് വൈൻ ന്യൂയോർക്ക് ടൈംസിനോട് പറഞ്ഞത് 'അമേരിക്കയുടെ ഭീകരവാദത്തിന്റെ പേരിലുള്ള ഈ രാജ്യങ്ങളിലെ ഇടപെടലുകൾ അതിഭീകരവും ക്രൂരവും ആയിരുന്നു' എന്നാണ്. യുദ്ധത്തിന്റെ വില എന്ന റിപ്പോർട്ട് തയാറാക്കുന്നതിൽ പ്രധാനിയായിരുന്നു പ്രൊഫ. ഡേവിഡ് വൈൻ.

ചൈനയിലെയും ലോകത്താകെയും നടക്കുന്ന മനുഷ്യാവകാശ ലംഘനങ്ങളെക്കുറിച്ച് ദുഷ്പ്രചരണം നടത്തുന്ന അമേരിക്കയുടെ യഥാർത്ഥമുഖമാണ് ഈ റിപ്പോർട്ട് കൃത്യമായി തുറന്നു കാണിക്കുന്നത്.

## സാക്ഷരതയിൽ കേരളം മുന്നിൽ

രാജ്യത്ത് സാക്ഷരതയിൽ കേരളം വീണ്ടും ഒന്നാമത്. ഏഴ് വയസിനു മുകളിലുള്ളവരിലെ ഏറ്റവും ഉയർന്ന സാക്ഷരതാ നിരക്ക് കേരളത്തിൽ. നാഷണൽ സ്റ്റാറ്റിസ്റ്റിക്സ് ഓഫീസിന്റെ (എൻഎസ്ഒ) റിപ്പോർട്ടു പ്രകാരം 96.2 ശതമാനമാണ് സംസ്ഥാന സാക്ഷരതാ നിരക്ക്. ഗ്രാമങ്ങളിൽ സ്ത്രീ സാക്ഷരതാ നിരക്ക് 80 ശതമാനത്തിനു മുകളിലുള്ള ഏക സംസ്ഥാനം കേരളമാണ്. ഇന്ത്യയിൽ സാക്ഷരതാ നിരക്ക് 77.7 ശതമാനം. രാജ്യത്തെ 84.7 ശതമാനം പുരുഷന്മാർക്കും 70.3 ശതമാനം സ്ത്രീകൾക്കും ഏതെങ്കിലും ഒരു ഭാഷ എഴുതാനും വായിക്കാനും അറിയാം. സാക്ഷരതയിലെ സ്ത്രീ പുരുഷ അന്തരം 14.4 ശതമാനമാണ്. ഇത് ഏറ്റവും കുറവ് കേരളത്തിലാണ് (2.2 ശതമാനം) കേരളത്തിൽ 97.4 ശതമാനം പുരുഷന്മാരും 95.2 ശതമാനം സ്ത്രീകളും സാക്ഷരരാണ്. അന്തരം ഏറ്റവും കൂടുതൽ രാജസ്ഥാനിൽ (23.2 ശതമാനം). സാക്ഷരതാ നിരക്കിൽ ഡൽഹിയും (88.7) ഉത്തരാഖണ്ഡുമാണ് (87.6) കേരളത്തിനു പിന്നിൽ. ആന്ധ്രപ്രദേശാണ് (66.4 ശതമാനം) ഏറ്റവും പിന്നിൽ. അവസാന അഞ്ച് സംസ്ഥാനങ്ങളിൽ ഉത്തർപ്രദേശ് (73), തെലങ്കാന (72.8), ബീഹാർ (70.9), രാജസ്ഥാൻ (69.7) എന്നിവയുമുണ്ട്. ദേശീയ സാമ്പിൾ സർവേയുടെ 2017 ജൂലൈ മുതൽ 2018 ജൂൺ വരെയുള്ള വിവരങ്ങൾ ക്രോഡീകരിച്ചാണ് 'ഗാർഹിക സാമൂഹിക ഉപഭോഗം: ഇന്ത്യയിലെ വിദ്യാഭ്യാസം' എന്ന റിപ്പോർട്ട് തയാറാക്കിയത്.

# കോർപറേറ്റ് നികുതി കുറയ്ക്കൽ ഗുണം ചെയ്തില്ല നേട്ടം കൊയ്തത് കമ്പനികൾ

കേന്ദ്ര സർക്കാർ കഴിഞ്ഞ സെപ്തംബറിൽ കോർപറേറ്റ് നികുതി ഗണ്യമായി വെട്ടിക്കുറച്ചത് നിക്ഷേപ രംഗത്ത് ഗുണം ചെയ്തില്ലെന്ന് റിസർവ് ബാങ്ക് വാർഷിക റിപ്പോർട്ട്. ഈ അവസരം ഉപയോഗപ്പെടുത്തി കടബാധ്യത കുറയ്ക്കാനും സമ്പാദ്യം വർധിപ്പിക്കാനുമാണ് കമ്പനികൾ ശ്രമിച്ചത്. സമ്പദ്ഘടനയിലെ നിക്ഷേപം ദുർബലമായെന്നും റിപ്പോർട്ടിൽ പറഞ്ഞു.

കോർപറേറ്റുകൾക്ക് 1.45 ലക്ഷം കോടി രൂപയുടെ നികുതിയിളവാണ് നൽകിയത്. നിലവിലുള്ള കമ്പനികളുടെ നികുതി 22 ശതമാനമായും ഉൽപാദന മേഖലയിൽ രജിസ്റ്റർ ചെയ്യുന്ന കമ്പനികളുടെ നികുതി 15 ശതമാനമായും കുറച്ചു. ഇതുവഴി ലഭിച്ച പണം നിക്ഷേപരംഗത്ത് വിനിയോഗിക്കപ്പെട്ടില്ല. നിക്ഷേപത്തിന്റെ സൂചികയായ മൂലധന ചരക്ക് ഉൽപാദനം ഇക്കൊല്ലം ഏപ്രിൽ - ജൂൺ കാലയളവിൽ ചുരുങ്ങി. നിക്ഷേപം വർധിപ്പിക്കണം. സർക്കാർ മുതൽമുടക്ക് ഉയർത്തണം. പണം കണ്ടെത്താൻ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിൽപനയും സ്വകാര്യവൽക്കരണവുമാണ് റിസർവ് ബാങ്ക് നിർദേശിക്കുന്നത്.

## ഇരകൾ ദരിദ്രർ

സമ്പദ്ഘടന തകർച്ചയുടെ ഇരകൾ ദരിദ്രരാണെന്ന് റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടി. അടച്ചുപൂട്ടൽ നീണ്ടതോടെ വളർച്ച വീണ്ടെടുക്കൽ ദുഷ്കരമായി. എല്ലാ രംഗത്തും പ്രതിസന്ധി പ്രകടമാണെങ്കിലും ഗതാഗതം, ഹോട്ടൽ, വിനോദം, സാംസ്കാരികം എന്നീ മേഖലകളിലാണ് കടുത്ത ആഘാതം. നഗരങ്ങളിൽ ഉപഭോഗം കുത്തനെ ഇടിഞ്ഞു. ഗതാഗത സംവിധാനങ്ങൾക്ക് വൻ തിരിച്ചടി നേരിട്ടു.




## കള്ളനോട്ട് വർധിച്ചു

നോട്ടു നിരോധനം കള്ളനോട്ടുകൾ ഇല്ലാതാക്കാനാണെന്ന് കേന്ദ്ര സർക്കാർ വാദം വീണ്ടും പൊളിഞ്ഞു. 500 രൂപ കള്ള നോട്ടുകളുടെ എണ്ണം 2019-20 ൽ മുൻ വർഷത്തെ അപേക്ഷിച്ച് 37.5 ശതമാനം വർധിച്ചു. 10, 50, 200 രൂപകളുടെ കള്ളനോട്ട് യഥാക്രമം 145, 29, 151 ശതമാനം വീതം വർധിച്ചു. കഴിഞ്ഞ സാമ്പത്തിക വർഷം പുതിയ 2000 രൂപ നോട്ട് അച്ചടിച്ചില്ലെന്നും റിപ്പോർട്ടിൽ പറഞ്ഞു.

## അടച്ചുപൂട്ടൽ ദുരിതമായി : സുപ്രീം കോടതി

കോവിഡിനെ നേരിടാൻ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച സമ്പൂർണ അടച്ചുപൂട്ടൽ സമ്പദ്ഘടനയിൽ വലിയ ദുരിതം ഉണ്ടാക്കിയെന്ന് സുപ്രീം കോടതി. മഹാമാരിയിൽ രാജ്യം നട്ടം തിരിയുമ്പോൾ കേന്ദ്ര സർക്കാർ വാണിജ്യതാൽപര്യങ്ങൾക്കുമാത്രം പ്രാധാന്യം കൊടുക്കുന്നത് ശരിയല്ലെന്നും ജനങ്ങളുടെ പ്രയാസങ്ങളും കണക്കിലെടുക്കണമെന്നും ജസ്റ്റിസ് അശോക് ഭൂഷൺ, എംആർഷാ, ആർ സുഭാഷ് റെഡ്ഡി എന്നിവർ അംഗങ്ങളായ ബെഞ്ച് ആവശ്യപ്പെട്ടു. കോവിഡ് കാലത്ത് വായ്പകൾക്ക് പ്രഖ്യാപിച്ച മോറട്ടോറിയം കാലാവധി നീട്ടണം, മോറട്ടോറിയം കാലയളവിൽ പലിശയും കൂട്ടുപലിശയും ഒഴിവാക്കണം തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുള്ള ഹർജികൾ പരിഗണിക്കുകയായിരുന്നു കോടതി. മോറട്ടോറിയം വിഷയത്തിൽ കൃത്യമായ നിലപാട് അറിയിക്കാത്തതിന് കേന്ദ്ര സർക്കാരിനെ സുപ്രീം കോടതി രൂക്ഷമായി വിമർശിച്ചു. പലിശ ഒഴിവാക്കാൻ കഴിയില്ലെന്ന് ആഗസ്റ്റ് ആറിന് റിസർവ് ബാങ്ക് സുപ്രീം കോടതിയെ അറിയിച്ചിരുന്നു. അതേ നിലപാടാണ് കേന്ദ്ര സർക്കാരിനുമെന്ന് സോളിസിറ്റർ ജനറൽ തുഷാർ മെഹ്ത പറഞ്ഞു. ഈ നിലപാട് ശരിയല്ലെന്ന് സുപ്രീം കോടതി ചൂണ്ടിക്കാട്ടി. ഒരാഴ്ചക്കുള്ളിൽ നിലപാട് അറിയിക്കണമെന്ന് കോടതി സർക്കാരിന് അന്ത്യശാസനം നൽകി.

### തൊഴിലില്ലായ്മ കുതിച്ചുയരുന്നു

# പുതിയ റിക്രൂട്ടിംഗ് ഏജൻസിയുമായി കേന്ദ്ര സർക്കാർ

- രാജ്യമാകെ എല്ലാ മേഖലയിലും തൊഴിലില്ലായ്മ കുതിച്ചുയരുമ്പോൾ പുതിയ റിക്രൂട്ടിംഗ് ഏജൻസി പ്രഖ്യാപിച്ച് കേന്ദ്ര സർക്കാർ.
- റെയിൽവെ, ബാങ്കുകൾ, തുടങ്ങിയ സ്ഥാപനങ്ങളിലേക്കു നിയമനം നടത്താൻ ഒരു പ്രാഥമിക സെലക്ഷൻ നടത്താൻ ദേശീയ റിക്രൂട്ടിംഗ് ഏജൻസി (NRA) സ്ഥാപിക്കാൻ ആഗസ്റ്റ് 19 ന് കൂടിയ കേന്ദ്ര ക്യാബിനറ്റ് തീരുമാനമെടുത്തു. ഇതിനായി 1517 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.
- നിയമന രീതികളിൽ മാറ്റം വരുത്താൻ വേണ്ട ചർച്ചയോ, നടപടി ക്രമങ്ങൾ പാലിക്കുകയോ ചെയ്യാതെയാണ് കേന്ദ്ര കാബിനറ്റ് ഈ തീരുമാനമെടുത്തിരിക്കുന്നത്.
- കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിലേക്ക് നിയമനം നടത്തുന്ന സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ ബാങ്കുകളിലേക്ക് സെലക്ഷൻ നടത്തുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബാങ്കിംഗ് പേഴ്സണൽ ആന്റ് സെലക്ഷൻ റെയിൽവെ ബോർഡ് തുടങ്ങിയ ഏജൻസികൾ നടത്തുന്ന പ്രവേശന പരീക്ഷകൾ ഒഴിവാക്കി ഒരു ഏകീകൃത യോഗ്യതാ ടെസ്റ്റ് ഈ ഏജൻസി നടത്തും. ഈ ഏകീകൃത പരീക്ഷയിൽ ലഭിക്കുന്ന മാർക്കിന് മൂന്നു വർഷം കാലാവധിയുണ്ടാകും. രണ്ടാം ഘട്ട സെലക്ഷൻ നടപടികൾ അതത് ഏജൻസികൾ തന്നെ നടത്തും.




- സംസ്ഥാനങ്ങളിലെയും കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും നിയമനത്തിനും ഈ യോഗ്യതാ പരീക്ഷ മാർക്ക് ഉപയോഗിക്കാം എന്ന് പറയുന്നു. ഇതോടെ സംസ്ഥാന സർക്കാർ തലത്തിലുള്ള പിഎസ്‌സി പോലെയുള്ള സ്ഥാപനങ്ങളുടെ പ്രാധാന്യം നഷ്ടപ്പെടും. ഫെഡറൽ സംവിധാനത്തിനും തിരിച്ചടിയാകും.
- റിക്രൂട്ടിംഗ് ഏജൻസി സ്ഥാപിച്ച് തൊഴിൽ സൃഷ്ടിച്ചു എന്ന ഒരു പ്രതീതി സൃഷ്ടിക്കാനാണ് കേന്ദ്രം ശ്രമിക്കുന്നത്. തൊഴിലില്ലായ്മ എന്ന യഥാർത്ഥ പ്രശ്നം പരിഹരിക്കാനല്ല.
- സിഎംഐഇ റിപ്പോർട്ട് പ്രകാരം തൊഴിലില്ലായ്മ 8.67%. ഗ്രാമീണ മേഖലയിൽ 9.61% വും നഗരങ്ങളിൽ 8.67%.
- കോവിഡ് മൂലം സംഘടിത അസംഘടിത മേഖലകൾ പരിപൂർണ തകർച്ചയിൽ.
- 2020 ഏപ്രിൽ ജൂൺ പാദത്തിൽ മാത്രം ശമ്പളക്കാരായ 17 ദശലക്ഷം തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടു. ടെക്സ്റ്റൈൽ മേഖലയിൽ 29%, തുകൽ 22.5%, ഓട്ടോമൊബൈൽ 21% എന്നീ രീതിയിലാണ് 2020 ഏപ്രിൽ ജൂൺ കാലത്ത് തൊഴിൽ നഷ്ടമായത്.
- പൊതുമേഖലയുടെ വലിയ തോതിലുള്ള വില്പന വൻ തൊഴിൽ നഷ്ടത്തിനു കാരണമാകുന്നു. സാമൂഹികമായി പിന്നോക്കം നിൽക്കുന്നവരെയാണ് ഇത് ഏറ്റവും ബാധിക്കുക.
- തൊഴിലില്ലാതെ അലയുന്ന കോടികൾക്ക് റിക്രൂട്ടിംഗ് ഏജൻസി അല്ല, തൊഴിലാണ് വേണ്ടത്.

# ജിഎസ്ടി നഷ്ടപരിഹാരം നൽകില്ലെന്ന കേന്ദ്ര സർക്കാർ നിലപാട് അന്യായം

- ജിഎസ്ടി ആക്ട് നടപ്പിലാക്കിയപ്പോൾ ഈ സംവിധാനത്തിലേക്കു നികുതി വ്യവസ്ഥ മാറുന്നതിന്റെ തുടക്കത്തിലെ പ്രശ്നങ്ങളും സംസ്ഥാനങ്ങൾ അവരുടെ നികുതി പിരിക്കാനുള്ള അവകാശം അടിയറ വയ്ക്കുന്നതിന്റെയും ഫലമായി നികുതി വരുമാനത്തിൽ വരുന്ന നഷ്ടം കേന്ദ്രം നികത്തും എന്നാണ് വ്യവസ്ഥ ചെയ്തിരുന്നത്.
- 2020 ആഗസ്റ്റ് 27 ന് ചേർന്ന ജിഎസ്ടി കൗൺസിൽ യോഗത്തിൽ ജിഎസ്ടി നഷ്ടപരിഹാരത്തിന് കേന്ദ്ര ഖജനാവിൽ നിന്നും പണമെടുക്കാനാവില്ല എന്നും സംസ്ഥാനങ്ങൾ ദീർഘകാല വായ്പയെടുത്ത് പിന്നീട് സെസ് തുക കൊണ്ട് അത് അടച്ചു തീർക്കുക എന്നുമുള്ള സമീപനം കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ എടുത്തു.
- "ദൈവിക ഇടപെടൽ" (Act of God) മൂലമാണ് ജിഎസ്ടി വരുമാനത്തിൽ വലിയ കുറവു വന്നത്. അതുകൊണ്ട് കേന്ദ്രം നഷ്ടപരിഹാരം നൽകില്ല എന്ന വിചിത്ര വാദമാണ് നിർമല സീതാരാമൻ വച്ചത്.
- 3 ലക്ഷം കോടിയോളം രൂപയാണ് കേന്ദ്രം സംസ്ഥാന സർക്കാരുകൾക്ക് ജിഎസ്ടി കുടിശികയിനത്തിൽ നൽകാനുള്ളത്. അതിൽ 90,000 കോടി രൂപ സെസിൽ നിന്നും കേന്ദ്രം നൽകി. ബാക്കി തുക സംസ്ഥാന സർക്കാരുകൾ കമ്പോളത്തിൽ നിന്നും വായ്പയെടുക്കണമെന്നാണ് കേന്ദ്ര സർക്കാർ സമീപനം.




- ഇത് സാധ്യമല്ലെന്ന് കേരളം, മഹാരാഷ്ട്ര, ബംഗാൾ തുടങ്ങിയ സംസ്ഥാനങ്ങൾ അറിയിച്ചു.
- കേന്ദ്രം കമ്പോളത്തിൽ നിന്നും കടമെടുത്ത് ജിഎസ്ടി കുടിശിക നൽകണമെന്ന് സംസ്ഥാനങ്ങൾ ആവശ്യപ്പെട്ടു.
- സംസ്ഥാനങ്ങൾ കമ്പോളത്തിൽ നിന്നും കടമെടുത്താൽ അതിന്റെ പലിശ നിരക്ക് കേന്ദ്രം എടുക്കുന്നതിലും രണ്ടു ശതമാനം വരെ ഉയർന്നിരിക്കും.
- സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം നൽകാനുള്ള സെസ് പിരിവിൽ നേരത്തെ അധികം ലഭിച്ചപ്പോൾ അത് കേന്ദ്ര ഫണ്ടിലേക്കു മാറ്റി. എന്നാൽ സെസ് പിരിവിൽ കുറവു വന്ന ഈ കാലത്ത് അത് കേന്ദ്രം നൽകാതെ സംസ്ഥാനങ്ങൾ കടമെടുക്കണമെന്ന വാദം അന്യായമാണ്.
- കേന്ദ്ര - സംസ്ഥാന ബന്ധങ്ങളുടെയും പരസ്പര വിശ്വാസത്തിന്റെ കടക്കൽ കത്തിവക്കുന്ന സമീപനമാണ് ജിഎസ്ടി വിഷയത്തിലും കേന്ദ്രം എടുത്തിരിക്കുന്നത്. കേന്ദ്രത്തിന്റെ ഭരണഘടനാപരമായ ബാധ്യതയാണ് ഈ ഘട്ടത്തിൽ സംസ്ഥാനങ്ങളെ സഹായിക്കുക എന്നത്.
- ജിഎസ്ടി സംവിധാനത്തെയും ജിഎസ്ടി കൗൺസിൽ പ്രവർത്തനത്തെയും കേന്ദ്രത്തിന്റെ ഈ സമീപനം തകിടം മറിക്കും. ജിഎസ്ടി സംവിധാനത്തിൽ നിന്നും പുറത്തു പോകേണ്ട സമയമായിരിക്കുന്നു എന്നാണ് മഹാരാഷ്ട്ര മുഖ്യമന്ത്രി കേന്ദ്രത്തിന്റെ ഈ സമീപനത്തോട് പ്രതികരിച്ചത്.
- ഏപ്രിൽ മുതൽ ആഗസ്റ്റ് വരെയുള്ള കാലയളവിലെ കേരളത്തിനു കിട്ടാനുള്ള ജിഎസ്ടി കുടിശിക 7000 കോടി രൂപയാണ്.

# ഇന്ത്യയുടെ വലിയ നിശബ്ദതയാണ് ഏറ്റവും വലിയ ശബ്ദം





ഗോപാല കൃഷ്ണ ഗാന്ധി

**എത്ര കുടിയേറ്റ തൊഴിലാളികൾ കോവിഡ് കാലത്തെ യാത്രക്കിടയിൽ മരണമടഞ്ഞു എന്ന ചോദ്യത്തിനോ എത്ര തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടു എന്ന ചോദ്യത്തിനോ കോവിഡുമായി ബന്ധപ്പെട്ട് എത്ര ഡോക്ടർമാർ മരിച്ചു എന്ന ചോദ്യത്തിനോ പാർലമെന്റിന്റെ ഇപ്പോൾ നടന്ന വർഷകാല സമ്മേളനത്തിൽ ഇതുമായി ബന്ധപ്പെട്ട മന്ത്രിമാർക്ക് ഒരു വിവരവും നൽകാൻ കഴിഞ്ഞില്ല എന്നത് സർക്കാരിന്റെ ഈ വിഷയങ്ങളെ കുറിച്ചുള്ള ബോധ്യകുറവ് വ്യക്തമാണ്.**

സ്പാനിഷ് ഫ്ളൂ (201820), 1958, 1966, 1973, 1980 വർഷങ്ങളിലെ വൻ സാമ്പത്തിക മാന്ദ്യങ്ങൾ 1962 ലെ ഇന്ത്യ - ചൈന സംഘർഷം എല്ലാം കൂടി ഒരുമിച്ച് പിടികൂടിയ സ്ഥിതിയിലാണ് ഇന്ത്യയിപ്പോൾ.

അനേകം തലകളുള്ള ഈ ദുർഭൂതത്തെ എങ്ങനെ കൈകാര്യം ചെയ്യണമെന്ന് ആർക്കും അറിയാത്ത സ്ഥിതിയും.

യഥാർത്ഥത്തിൽ ഇത് എന്താണെന്ന് തന്നെ കൃത്യമായി ആർക്കും മനസിലായിട്ടുമില്ല.

## യുക്തമായ ഒരു വിശദീകരണവുമില്ല

അധികാരസ്ഥാനത്തിരിക്കുന്ന ആർക്കും ഈ സ്ഥിതി എന്താണെന്ന് ആധികാരികമായി പറയാനോ യുക്തമായി ബോധിപ്പിക്കാനോ കഴിയുന്നില്ല. മഹാമാരിയുടെ സ്ഥിതിയെക്കുറിച്ച് കൃത്യമായ ഒരു വിവരവും ജനങ്ങൾക്കു നൽകാൻ അധികാരികൾക്കു കഴിയുന്നില്ല.

ഇന്ത്യയിപ്പോൾ ലോകത്ത് ഏറ്റവും വേഗത്തിൽ കോവിഡ് പടരുന്ന രാജ്യമാണ്. എന്നാൽ പോലും അധികാരികൾക്ക് സാമൂഹ്യ വ്യാപനം തുടങ്ങിയോ, ആവശ്യത്തിന് പരിശോധന നടക്കുന്നുണ്ടോ വെന്റിലേറ്ററുകളുണ്ടോ തുടങ്ങിയ വിഷയങ്ങൾക്കൊന്നും മറുപടി നൽകാൻ കഴിയുന്നില്ല. ഗ്രാമ പ്രദേശങ്ങളിലേക്ക് കോവിഡ് വ്യാപിച്ചോ ഇന്ത്യൻ ഗ്രാമങ്ങൾ ഇതിനു തയാറെടുത്തോ ഒന്നിനും മറുപടിയില്ല.

## കൂടുതൽ ചോദ്യങ്ങൾ

സംഘടിത മേഖലയിലും അസംഘടിത മേഖലയിലും കോവിഡ് ഏല്പിച്ച പ്രത്യാഘാതം എത്രയാണ്? തൊഴിൽ നഷ്ടം എത്രയാണ് കാർഷിക മേഖലയിലെ ഉല്പന്നങ്ങൾ ഉപഭോഗം നടക്കുന്നില്ലെങ്കിൽ കർഷകർ അതുകൊണ്ട് എന്തു ചെയ്യും. രാജ്യത്തിന്റെ കയറ്റുമതിയും കുത്തനെ ഇടിഞ്ഞിരിക്കുകയാണ്. ഈ സ്ഥിതിയിൽ നാം കാണാൻ പോകുന്നത് നിറഞ്ഞു കവിയുന്ന പണ്ടകശാലകളും കാലിയായ വയറുകളും എന്ന വിരോധാഭാസമാണോ? രാജ്യത്തെ പാൽ ഉല്പാദിപ്പിക്കുന്ന കൃഷിക്കാരും പാലിന് കൃത്യമായി വില ലഭിക്കുന്നുണ്ടോ ഒന്നും ആർക്കും കൃത്യമായി അറിയില്ല.

പ്രതിസന്ധി എല്ലാവരെയും ബാധിച്ചു. സർക്കാരിനെയും ബാധിച്ചു. എന്നാൽ ഇതിനെക്കുറിച്ചുള്ള അറിവില്ലായ്മയാണ് ഏറ്റവും വലിയ പ്രശ്നം.

വാക്സിനിപ്പോൾ വരും എന്നതിനെക്കുറിച്ച് ചർച്ച നടക്കുന്നുണ്ട്. വന്നാൽ തന്നെ 130 കോടി ജനങ്ങളെ കുത്തിവെക്കാൻ 5 വർഷമെടുക്കുമെന്ന് ചിലർ പറയുന്നു. എല്ലാം ഊഹങ്ങൾ മാത്രം. ഒന്നിനെക്കുറിച്ചും ആധികാരികമായ ഒരു വിവരവും ഇല്ലാത്ത സ്ഥിതിയാണ്.

## ഭരണകൂടത്തിന്റെ തൂണുകൾ

അറിഞ്ഞാലെ കാര്യങ്ങളുടെ മേൽ നിയന്ത്ര

**മഹാമാരിയും സാമ്പത്തിക തകർച്ചയും യുദ്ധ ഭീഷണിയും ഒരുമിച്ചു വന്നിരിക്കുകയാണ്. പാർലമെന്റിന്റെ ഏറ്റവും വലിയ ജാഗ്രത ആവശ്യമുള്ള സമയമാണിത്. നീതിപീഠത്തിന്റെ പ്രാധാന്യം ഇവിടെയാണ് വരുന്നത്. നിർണായക വിഷയങ്ങളായ ആർട്ടിക്കൾ 370, പൗരത്വ നിയമ ഭേദഗതി, ജമ്മുകാശ്മീരിലെ ഹേബിയസ് കോർപസ് പെറ്റിഷനുകൾ തുടങ്ങിയ വിഷയങ്ങളിൽ നീതിപീഠം അതിന്റെ സ്വതന്ത്രമായ തീരുമാനങ്ങൾ ഉറപ്പാക്കണം. ജസ്റ്റിസ് ചന്ദ്രചൂഡ് പറഞ്ഞതുപോലെ ഭിന്നാഭിപ്രായം ജനാധിപത്യത്തിന്റെ ''സുരക്ഷാ വാൽവാ''ണ്.**



ണം ഉണ്ടാകു. കാര്യങ്ങളുടെ നിജസ്ഥിതി കൃത്യമായി ബോധ്യപ്പെടുത്തണമെന്ന് നാം നിരന്തരമായി ആവശ്യപ്പെടണം.

ഭരണകൂടത്തിന്റെ ഒരു തൂണെന്ന നിലയിൽ കൃത്യമായി സ്ഥിതിഗതികളെക്കുറിച്ച് വിവരങ്ങൾ തരേണ്ടത് ഭരണകൂടത്തിന്റെ കടമയാണ്. മഹാമാരിയെക്കുറിച്ചും സാമ്പത്തിക തകർച്ചയെക്കുറിച്ചും അതിർത്തിയിലെ ചൈനയുമായുള്ള സംഘർഷങ്ങളെക്കുറിച്ചും നാം അറിയേണ്ടതുണ്ട്. അറിയാൻ നമുക്ക് അവകാശമുണ്ട്. വിവരങ്ങൾ നൽകുക എന്നത് ഭരണകൂടത്തിന് രക്ഷപെടാൻ കഴിയാത്ത ഒരു കടമയാണ്.

യുദ്ധവും മഹാമാരിയും അപകടകാരിയായ ഒരു മിശ്രണമാണ്. ഒന്നാം ലോകമഹായുദ്ധവും മഹാമാരിയും ഒത്തുവന്ന 1918- 20 കാലത്ത്, ഇന്ത്യയിൽ 1.4 കോടിക്കും 1.7 കോടിക്കും ഇടയിൽ ജനങ്ങൾ മഹാമാരി മൂലം മരണമടഞ്ഞു. ഈ സ്ഥിതിയിൽ ഇന്ത്യ ചൈന തർക്കം വെല്ലുവിളികളിലേക്കു പോകാതെ നയതന്ത്ര പരമായി കൈകാര്യം ചെയ്യണം. രാജ്യത്തെ വിശ്വാസത്തിലെടുത്തു വേണം ഇതു ചെയ്യാൻ.

## പാർലമെന്റ്

രണ്ടാം തൂണായ രാജ്യത്തെ നിയമ നിർമാണ സഭയുടെ പ്രാധാന്യം ഇവിടെയാണ് കടന്നു വരുന്നത്. പാർലമെന്റ് വിളിച്ചു കൂട്ടിയത് ഈ ദിശയിലുള്ള ഒരു അരയടി വക്കലായി കണക്കാക്കാം. സാധാരണയിൽ പകുതി സമയത്തേക്കാണ് പാർലമെന്റ് കൂടുന്നത്. ചോദ്യോത്തരവേള ഒഴിവാക്കിയിരിക്കുകയാണ്. ഇത് ദുഃഖകരമാണ്.

ഇവിടെ ഓർമ്മിക്കേണ്ട ഒരു ചരിത്രം 1919 മാർച്ച് 18 നാണ് ബ്രിട്ടീഷ് ഭരണകാലത്ത് റൗലറ്റ് ആക്ട് (Rowltta Act) പാസാക്കിയത്. യുദ്ധത്തെ സഹായിക്കാനാണെന്നാണ് ന്യായം പറഞ്ഞത്. എന്നാൽ അത് വ്യക്തി സ്വാതന്ത്ര്യത്തെയും സ്വതന്ത്രമായി ഒത്തുകൂടാനും സംസാരിക്കാനും ഉള്ള സ്വാതന്ത്ര്യവും ഇല്ലാതാക്കി.

1975-77 ലെ ദേശീയ അടിയന്തിരാവസ്ഥ നമ്മുടെ മനസിൽ വേണം. അതിന് പാർലമെന്റിന്റെ അംഗീകാരം കിട്ടിയിരുന്നു. റൗലറ്റ് പോലെയുള്ള ആശയങ്ങൾ ഉടലെടുക്കാൻ സാധ്യതയുള്ള ഒരു കാലഘട്ടമാണിത്. മഹാമാരിയും സാമ്പത്തിക തകർച്ചയും യുദ്ധ ഭീഷണിയും ഒരുമിച്ചു വന്നിരിക്കുകയാണ്. പാർലമെന്റിന്റെ ഏറ്റവും വലിയ ജാഗ്രത ആവശ്യമുള്ള സമയമാണിത്.

## മൂന്നാം തൂൺ - നീതിപീഠം

ജനാധിപത്യത്തിന്റെ മൂന്നാം തൂണായ നീതിപീഠത്തിന്റെ പ്രാധാന്യം ഇവിടെയാണ് വരുന്നത്. നിർണായക വിഷയങ്ങളായ ആർട്ടിക്കൾ 370, പൗരത്വ നിയമ ഭേദഗതി, ജമ്മുകാശ്മീരിലെ ഹേബിയസ് കോർപസ് പെറ്റിഷനുകൾ തുടങ്ങിയ വിഷയങ്ങളിൽ നീതിപീഠം അതിന്റെ സ്വതന്ത്രമായ തീരുമാനങ്ങൾ ഉറപ്പാക്കണം. ജസ്റ്റിസ് ചന്ദ്രചൂഡ് പറഞ്ഞതുപോലെ ഭിന്നാഭിപ്രായം ജനാധിപത്യത്തിന്റെ ''സുരക്ഷാവാൽവാ''ണ്.

വൈറസ് രാജ്യത്തെ സ്ഥാപനങ്ങളുടെ മേലും ചുറ്റിക്കറങ്ങിക്കൊണ്ടിരിക്കുകയാണ്.അത് സ്ഥാപനങ്ങളുടെ ശ്വാസത്തെ തടസപ്പെടുത്തുന്ന സ്ഥിതിയാണ്. അതിലൂടെ നമ്മുടെ ശ്വാസത്തെയും തടസപ്പെടുത്തുകയാണ്. ജനങ്ങൾ സ്വാതന്ത്ര്യത്തിന്റെ ജീവരക്ഷകരാകണം. ●

# സാമ്പത്തിക കുഴപ്പങ്ങളെ പിടിച്ചു നിർത്തുന്നതിനുള്ള പോംവഴികൾ




**പൗരന്മാർ തന്നെയായിരിക്കും കേന്ദ്ര സർക്കാരിന്റെ പിശുക്കിന്റെ അനന്തഫലങ്ങൾ അനുഭവിക്കുക. പ്രതിസന്ധിയെ നേരിടുന്നതിനായി മുഴുവൻ വർഷത്തെയും ചിലവുകൾക്കായുള്ള നീക്കിയിരുപ്പുകളെ ആദ്യമേ തന്നെ ഉപയോഗിക്കേണ്ടി വന്ന മിക്ക സംസ്ഥാന സർക്കാരുകളും ഇപ്പോൾ പണമില്ലാത്ത അവസ്ഥയിലാണ്. കേന്ദ്രത്തിൽ നിന്നും വ്യത്യസ്തമായി സംസ്ഥാനങ്ങൾ രൂക്ഷമായ ബജറ്റ് പരിമിതികളെ നേരിടുകയാണ്. സംസ്ഥാനങ്ങളുടെ നികുതി പിരിക്കുന്നതിനുള്ള അവകാശവും ജിഎസ്ടി നടപ്പിലാക്കിയതോടെ അടിയറവയ്ക്കപ്പെട്ടിരിക്കുകയുമാണ്.**




പ്രൊഫ. ജയതി ഘോഷ്


ലോകത്ത് ഏറ്റവും അധികം പ്രതിദിന കോവിഡ് രോഗികൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന രാജ്യമായി ഇന്ത്യ മാറിയിരിക്കുകയാണ്. മഹാമാരിയുടെ പിടിയിലായ പ്രധാന രാഷ്ട്രങ്ങളുടെ കൂട്ടത്തിൽ ഇന്ത്യയുടേതാണ് ഏറ്റവും മോശമായ അവസ്ഥയിലുള്ള സമ്പദ്ഘടന. ഈ രണ്ട് വസ്തുതകളും ഇപ്പോൾ ഔദ്യോഗികമായി തന്നെ അംഗീകരിക്കപ്പെട്ടിരിക്കുന്നു. നമ്മൾക്കെങ്ങിനെയാണ് ഈ ഇരട്ട വീഴ്ചകൾ സംഭവിച്ചത്? തീർച്ചയായും "ദൈവത്തിന്റെ പ്രവർത്തനങ്ങൾ" കാരണമല്ല, മറിച്ച് രാജ്യം ഭരിക്കുന്നവരുടെ കഴിവുകേടിന്റെ

യും നിസ്സംഗതയുടെയും ഫലമായാണ് ഈ പരാജയങ്ങളെ നമുക്ക് നേരിടേണ്ടി വന്നിരിക്കുന്നത്.

## ഉത്ക്കണ്ഠയുണ്ടാക്കുന്ന ദുരിതം

മഹാമാരിയുടെ വ്യാപനമാകട്ടെ നിയന്ത്രണാതീതമായി തുടരുകയാണ്. "രോഗവ്യാപനത്തെ പിടിച്ചു നിർത്തുന്നതുമായി" ബന്ധപ്പെട്ട് കേട്ടിരുന്ന വീമ്പുപറച്ചിലുകൾ (സമ്പദ്ഘടനയിൽ പച്ചതുരുത്തുകൾ കാണാനായി ഇടക്കിടെ ഔദ്യോഗിക വക്താക്കൾ പ്രഖ്യാപിക്കുന്നതു പോലെ ഇതും അവിശ്വസനീയമായിരുന്നു) നിശ്ചയിച്ചിരിക്കുന്നു. ഇതിനു പകരം യാതൊരു പ്രസക്തിയില്ലാത്തതും ഒട്ടും തന്നെ വസ്തുതാപരമല്ലാത്തതുമായ രോഗമുക്തിനിരക്കിന്റെ സൂചകങ്ങൾ, രോഗികളുടെ എണ്ണം കൂടുമ്പോൾ ഇത് സ്വാഭാവികമായും മെച്ചപ്പെട്ട ഫലം കാണിക്കും, പോലുള്ള വിവരങ്ങളാണ് ഇപ്പോൾ പുറത്തുവിടുന്നത്. തീർത്തും അനുകമ്പാരഹിതമായി നടപ്പിലാക്കിയ ദേശീയ അടച്ചുപൂട്ടൽ രോഗവ്യാപനം മൂർച്ഛിക്കുന്നതിനു മുമ്പ് തന്നെ സാമ്പത്തിക തകർച്ചയിലേക്ക് നയിച്ചിരുന്നു. ചിലവേറിയതാണെങ്കിലും പരിശോധനാ രോഗ നിർണയം രോഗിയെ മാറ്റി പാർപ്പിക്കൽ ചികിത്സ എന്ന ക്രമത്തിൽ പ്രതിരോധം തകർക്കുക എന്നതാണ് രോഗത്തിനെ ഫലപ്രദമായി നേരിടുന്നതിനുള്ള ഏക മാർഗം. എന്നാൽ ഇതിനു സന്നദ്ധമാകാതെ കേന്ദ്ര സർക്കാർ മുന്നറിയിപ്പൊന്നുമില്ലാതെ രാജ്യമാകെ സമ്പൂർണമായി അടച്ചു പൂട്ടുകയാണ് ചെയ്തത്. ഇതിനെ തുടർന്ന് ജീവിതോപാധികൾ നഷ്ടപ്പട്ടവർക്ക് (മൊത്തം തൊഴിൽ ശക്തിയുടെ 80%) നഷ്ടപരിഹാരം നൽകുന്നതിന് കേന്ദ്ര സർക്കാർ തയാറായതുമില്ല. ഒട്ടും പര്യാപ്തമല്ലാത്ത ചില സാമൂഹിക സുരക്ഷാ നടപടികളടക്കം പ്രഖ്യാപനം മാത്രമാണുണ്ടായത്. അങ്ങേയറ്റം ദയനീയമായ അവസ്ഥയിൽ സ്വദേശങ്ങളിലേക്ക് മടങ്ങിചെല്ലുവാൻ നിർബന്ധിതമായ അഥിതി തൊഴിലാളികൾ വളരെ ദുർബലമായ ആരോഗ്യ പരിരക്ഷാ സംവിധാനങ്ങളുള്ള ഗ്രാമീണ മേഖലയിൽ അവരറിയാതെ തന്നെ രോഗ വാഹകരായി തീർന്നു. പണിയെടുക്കുന്നവർ മുൻപേ തന്നെ ദരിദ്രവൽക്കരിക്കപ്പെട്ടവരും ഭക്ഷണത്തിനായി വേണ്ടത്ര ചിലവിടാൻ ശേഷിയില്ലാത്തതിനാൽ പോഷകാഹാരത്തിന്റെ കുറവ് കാരണം ക്ഷീണിതരുമാണ്. മഹാമാരിയുടെ അപകടം പതിന്മടങ്ങ് വർധിച്ചിരിക്കുന്ന ഈ ഘട്ടത്തിൽ അവരോട് വീണ്ടും തൊഴിലെടുക്കുന്നതിന് (കുറഞ്ഞ കൂലി കൈപ്പറ്റിക്കൊണ്ട്) ആവശ്യപ്പെടുകയാണ്.

## സംസ്ഥാനങ്ങൾക്ക് കനത്ത ആഘാതം

ഇതിന്റെ മൂലകാരണം ചോദനക്കുറവാണ്. മഹാമാരി പ്രഹരമേൽപിക്കുന്നതിനു വളരെ മുൻപു തന്നെ ഉപഭോഗവും നിക്ഷേപവും ചുരുങ്ങുകയായിരുന്നു. പിന്നീട് ഭീമമായ സാമ്പത്തിക തകർച്ചയുണ്ടായപ്പോൾ വളരെ പരിമിതമായ പ്രതികരണം മാത്രമാണ്. കേന്ദ്ര സർക്കാരിൽ നിന്നുണ്ടായത്. ഇത് പ്രതിസന്ധിയാൽ ബാധിക്കപ്പെട്ട ദശകോടിക്കണക്കിനു ജനങ്ങളെ ചെറുതായി സ്പർശിച്ചു എന്നല്ലാതെ മൊത്ത ചോദനത്തിൽ കാര്യമായ ചലനമുണ്ടാക്കിയില്ല. പണലഭ്യത കൂട്ടാനെടുത്ത നടപടികളും ഫലപ്രദമായില്ല. മൊത്തത്തിലുള്ള ബാങ്ക് വായ്പകളും ഇടിഞ്ഞിരിക്കുന്നു. (സർക്കാരിനെ ചങ്ങാതിമാരായ കോർപറേറ്റുകളെ മാറ്റി നിർത്തിയാൽ മറ്റെല്ലാതരം വായ്പാദായകർക്കും കുറഞ്ഞ അളവിലാണ് ബാങ്ക് വായ്പകൾ ലഭിച്ചിരിക്കുന്നത്)

കേന്ദ്ര സർക്കാരിന്റെ ഏറ്റവും അപമാനകരമായ പെരുമാറ്റത്തിന് ഇരയായത് സംസ്ഥാനങ്ങളാണ്. വളരെ കേന്ദ്രീകൃതമായ രീതിയിൽ വിഭാവന ചെയ്യപ്പെട്ടിരിക്കുന്ന ദേശീയ ദുരന്തനിർവഹണ നിയമത്തിന്റെ നടപ്പിലാക്കലിൽ ഏകോപനത്തിന്റെ അഭാവം പൂർണമായിരുന്നു. ആരോഗ്യ പ്രതിസന്ധിയേയും മഹാമാരിയുടെ ഫലമായി ഉണ്ടായ സാമ്പത്തിക കുഴപ്പങ്ങളേയും നേരിടുന്നതിന്റെ എല്ലാ ഭാരിച്ച ചുമതലകളും സ്വന്തമായി ഏറ്റെടുക്കുന്നതിന് നിർബന്ധിക്കപ്പെട്ട സംസ്ഥാന സർക്കാരുകൾക്ക് ഇത് ഫലപ്രദമായി നിറവേറ്റുന്നതിന് ആവശ്യമായ വിഭവങ്ങൾ കേന്ദ്രം നിഷേധിക്കുകയാണ്. സംസ്ഥാനങ്ങൾക്ക് ഭരണഘടനാപരമായി അവകാശപ്പെട്ട ചരക്കു സേവന നികുതി (ജിഎസ്ടി) കുടിശികയും നഷ്ടപരിഹാര സെസ്സും നൽകുന്നതിന് വിസമ്മതിക്കുകയാണ്. കരാർ പ്രകാരം നൽകപ്പെട്ട വാഗ്ദാനങ്ങളിൽ നിന്നുപോലും പിൻവാങ്ങുന്നത് രൂപകല്പനയിലും ആസൂത്രണത്തിലും, നടപ്പാക്കലിലും എല്ലാം തന്നെ ഏറെ പോരായ്മകളുള്ള ജിഎസ്ടിയുടെ അന്ത്യം കുറിക്കുന്നതിന് ഇടയാക്കിയേക്കും.

പൗരന്മാർ തന്നെയായിരിക്കും കേന്ദ്ര സർക്കാരിന്റെ പിശുക്കിന്റെ അനന്തഫലങ്ങൾ അനുഭവിക്കുക. പ്രതിസന്ധിയെ നേരിടുന്നതിനായി മുഴുവൻ വർഷത്തെയും ചിലവുകൾക്കായുള്ള നീക്കിയിരുപ്പുകളെ ആദ്യമേ തന്നെ ഉപയോഗിക്കേണ്ടി വന്ന മിക്ക സംസ്ഥാന സർക്കാരുകളും ഇപ്പോൾ പണമില്ലാത്ത അവസ്ഥയിലാണ്. കേന്ദ്രത്തിൽ നിന്നും വ്യത്യസ്തമായി സംസ്ഥാനങ്ങൾ



**കേന്ദ്ര സർക്കാർ ഉടനടിയായി ഒരു സാമ്പത്തിക പാക്കേജ് നടപ്പിലാക്കണം. സംസ്ഥാനങ്ങൾക്ക് അടിയന്തിരമായി ജിഎസ്ടി കുടിശികയും അതിനോടൊപ്പം മഹാമാരിയേയും അതിന്റെ ആഘാതങ്ങളേയും നേരിടുന്നതിന് ആവശ്യമായ അധിക വിഭവങ്ങളും വിതരണം ചെയ്യണം. താഴെ തട്ടിലുള്ള ജനങ്ങൾക്ക് കുടുംബം ഒന്നിന് പ്രതിമാസം 10 കിലോ ധാന്യവും 7000 രൂപയും നൽകണം. കർഷകരിലേക്കും സൂക്ഷ്മ, ചെറുകിട, ഇടത്തരം സ്ഥാപനങ്ങളിലേക്കും വായ്പ എത്തിച്ചേരുന്നതിന് വഴിയൊരുക്കണം.**

രൂക്ഷമായ ബജറ്റ് പരിമിതികളെ നേരിടുകയാണ്. സംസ്ഥാനങ്ങളുടെ നികുതി പിരിക്കുന്നതിനുള്ള അവകാശവും ജിഎസ്ടി നടപ്പിലാക്കിയതോടെ അടിയറവയ്ക്കപ്പെട്ടിരിക്കുകയുമാണ്. ഇപ്പോൾ സംസ്ഥാനങ്ങളോട് (കേന്ദ്രം അവയ്ക്കു നൽകേണ്ട തുക) കടമെടുക്കുവാൻ ഉപദേശിക്കുകയാണ്. അതും വായ്പ എങ്ങിനെ തിരിച്ചടക്കും എന്നതിനെക്കുറിച്ച് അരക്ഷിതാവസ്ഥ നിലനിൽക്കുമ്പോൾ. ഇത് സംസ്ഥാനങ്ങളുടെ ഈ വർഷത്തെ ഇനിയുള്ള ചിലവുകൾ നിർവഹിക്കുന്നതിനെ ദോഷകരമായി ബാധിക്കും. ഇതിന്റെ അനന്തര ഫലം അടിസ്ഥാന സേവനങ്ങളുടെ പരിമിതപ്പെടുത്തലിന്റെ രൂപത്തിൽ ജനങ്ങളുടെ മേലായിരിക്കും ചെന്നു പതിക്കുക.

## സാമ്പത്തിക പാക്കേജ് അനിവാര്യം

ഇതെല്ലാം തന്നെ ക്ഷണിച്ചുവരുത്തപ്പെട്ട വിപത്തുകളാണ്. "ദൈവ നിർമിതി"യല്ല. ശരിയായ നയങ്ങളിലൂടെ ഇവയെ ഒഴിവാക്കുവാനും കഴിയുമായിരുന്നു. ഇപ്പോൾ പോലും വിനാശകരമായ ഈ ദുരവസ്ഥക്ക് നമുക്ക് പരിഹാരം കാണുവാനാകും. അതിനായി കേന്ദ്ര സർക്കാർ ഉടനടിയായി താഴെ പറയുന്ന രീതിയിൽ ഒരു സാമ്പത്തിക പാക്കേജ് നടപ്പിലാക്കണം (യഥാർത്ഥത്തിൽ പണം ലഭ്യമാക്കിക്കൊണ്ട്. പൊള്ളയായ വാഗ്ദാനങ്ങൾ മാത്രം നൽകിക്കൊണ്ടല്ല). സംസ്ഥാനങ്ങൾക്ക് അടിയന്തിരമായി ജിഎസ്ടി കുടിശികയും അതിനോടൊപ്പം മഹാമാരിയേയും അതിന്റെ ആഘാതങ്ങളേയും നേരിടുന്നതിന് ആവശ്യമായ അധിക വിഭവങ്ങളും വിതരണം ചെയ്യണം. അടുത്ത 6 മാസത്തേക്കെങ്കിലും താഴെ തട്ടിലുള്ള ജനങ്ങൾക്ക് കുടുംബം ഒന്നിന് പ്രതിമാസം 10 കിലോ ധാന്യവും 7000 രൂപയും നൽകണം. ദേശീയ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിലെ പ്രവർത്തി ദിനങ്ങൾ ഇക്കൊല്ലത്തേക്കെങ്കിലും 200 ആയി ഉയർത്തണം. നഗരങ്ങളിലും തൊഴിലുറപ്പ് പദ്ധതി ആരംഭിക്കണം. വായ്പാ മോറട്ടോറിയത്തിന്റെ കാലാവധി നീട്ടുകയും ഈ കാലയളവിൽ പലിശ ഈടാക്കുന്നത് ഒഴിവാക്കുകയും ചെയ്യണം. വ്യവസ്ഥാപിത വായ്പാ സംവിധാനങ്ങളാൽ തഴയപ്പെട്ടിരിക്കുന്ന കർഷകരിലേക്കും സൂക്ഷ്മ, ചെറുകിട, ഇടത്തരം സ്ഥാപനങ്ങളിലേക്കും വായ്പ എത്തിച്ചേരുന്നതിന് വഴിയൊരുക്കണം. മഹാമാരിയേയും അതുപോലെ തന്നെ കഴിഞ്ഞ 5 മാസങ്ങളായി അവഗണിക്കപ്പെടുകയോ മാറ്റിവയ്ക്കപ്പെടുകയോ ചെയ്യപ്പെട്ടുവരുന്ന ആരോഗ്യ മേഖലയിലെ മറ്റ് വെല്ലുവിളികളേയും നേരിടുന്നതിന് ആവശ്യമായ ഫണ്ട് നീക്കിവയ്ക്കുക.

ചിലവ് കൂട്ടുന്നതിന് ആവശ്യമായ പണം കേന്ദ്ര സർക്കാരിന് ആർബിഐയിൽ നിന്ന് കടമെടുക്കാവുന്നതാണ് (ലോകത്താകെയുള്ള രാജ്യങ്ങൾ ഇപ്പോൾ ചെയ്യുന്നതുപോലെ സർക്കാർ ബോണ്ടുകൾ കേന്ദ്ര ബാങ്കിന് വിറ്റുകൊണ്ട്). ഇത് ചോദനം വളരെ താഴ്ന്ന് നിൽക്കുന്ന ഇന്നത്തെ അവസ്ഥയിൽ അവശ്യ സാധനങ്ങളുടെ വിതരണം ഉറപ്പാക്കുകയാണെങ്കിൽ പണപ്പെരുപ്പത്തിന് ഇടയാക്കുകയില്ല. കൂടാതെ ധനസ്വരൂപണത്തിനായി കേന്ദ്ര സർക്കാരിന് സമ്പത്ത് നികുതിയും അന്താരാഷ്ട്ര കുത്തകകളിൽ നിന്നുള്ള നികുതിയും (പ്രത്യേകിച്ച് നികുതി നൽകാതെ ഒഴിഞ്ഞുമാറുന്ന ഡിജിറ്റൽ കുത്തകകളിൽ നിന്ന്) ഈടാക്കുന്നതും പരിഗണിക്കാവുന്നതാണ്. ധീരമായ തീരുമാനങ്ങളും അടിയന്തിരമായ തീരുമാനങ്ങളും അടിയന്തരമായ നടപടികളും മാത്രമാണ് പോംവഴികൾ. ●




### എൽഡിഎഫ് സർക്കാരിന്റെ

# ലൈഫ് ഭവൻ പദ്ധതി പൂർണതയിലേക്ക്

കേരളത്തിന്റെ സമഗ്ര വികസനവും ദുരിതബാധിതർക്കുള്ള സത്വരക്ഷേമ നടപടികളും ഉൾപ്പെടുന്ന ബഹുമുഖപദ്ധതിയായ നവകേരള മിഷനിലെ പ്രധാന പദ്ധതിയാണ് ലൈഫ് മിഷൻ. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം രണ്ടു ലക്ഷത്തി ഇരുപത്തി അയ്യായിരത്തിൽ കൂടുതൽ കുടുംബങ്ങൾക്ക് പുതിയ വീടുകൾ മിഷനിലൂടെ പൂർത്തീകരിക്കാൻ കഴിഞ്ഞു. ഒന്നാംഘട്ടത്തിൽ 2000-01 മുതൽ 2015-16 സാമ്പത്തിക വർഷം വരെ വിവിധ സർക്കാർ ഭവന നിർമ്മാണ പദ്ധതികൾ പ്രകാരം ധനസഹായം കിട്ടിയിട്ടും പല കാരണങ്ങളാൽ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാതിരുന്ന കുടുംബങ്ങൾക്കുള്ള വീടുകൾ യാഥാർഥ്യമാക്കുക എന്നതായിരുന്നു ലൈഫ് മിഷൻ ഏറ്റെടുത്ത ദൗത്യം. ഒന്നാംഘട്ടത്തിൽ ഇതിനകം 52,296 വീടുകൾ നിർമിച്ചു. ഈ ഘട്ടത്തിൽ ഓരോ ഗുണഭോക്താവിനും വീട് പൂർത്തിയാക്കുവാൻ ആവശ്യമായ തുക നൽകിയാണ് നിർമ്മാണം പൂർത്തിയാക്കിയത്. ഒന്നാം ഘട്ടത്തിനായി ഇതുവരെ സംസ്ഥാന സർക്കാർ ചെലവഴിച്ചത് 671 കോടി രൂപയാണ്. ലൈഫ് രണ്ടാംഘട്ടത്തിൽ ഭൂമിയുള്ള ഭവനരഹിതരുടെ ഭവന നിർമ്മാണവും മൂന്നാംഘട്ടത്തിൽ ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസവുമാണ് ലക്ഷ്യം. രണ്ടാംഘട്ടത്തിൽ രേഖാപരിശോധനയിലൂടെ 1,04,159 ഗുണഭോക്താക്കളാണ് അർഹത നേടിയത്. ഇവരിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ടത് 97,830 പേരാണ്. ഇവരിൽ 81,437 (83.24%) ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചു. ലൈഫ് മിഷനിലൂടെ നടപ്പിലാക്കുന്ന ഭവനനിർമ്മാണങ്ങൾക്കു പുറമെ പി.എം.എ.വൈലൈഫ് (അർബൻ) പദ്ധതി പ്രകാരം 48,445 വീടുകൾ പൂർത്തീകരിക്കുകയും പി.എം.എ.വൈലൈഫ് (റൂറൽ) പദ്ധതി പ്രകാരം 16,945 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തു. മറ്റു വകുപ്പുകൾ തുടങ്ങിവച്ച ഭവനനിർമ്മാണ പദ്ധതികളും പൂർത്തീകരിച്ചുവരുന്നു. പട്ടികജാതി വകുപ്പിനു കീഴിൽ 19,247 വീടുകളും പട്ടികവർഗ വകുപ്പിനു കീഴിൽ 1,745 വീടുകളും പൂർത്തിയായി.ഫിഷറീസ് വകുപ്പിനു കീഴിൽ പൂർത്തിയായത് 4,177 വീടുകൾ ആണ്. ഇതുകൂടാതെ ലൈഫ് മൂന്നാംഘട്ടമായ ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസത്തിനായി 1458 വീടുകൾ നിർമിച്ചു. സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതുവരെ പൂർത്തിയാക്കിയത് 2,25,750 വീടുകളും ചിലവഴിച്ചത് 8068.70 കോടി രൂപയുമാണ്.കേന്ദ്ര/ സംസ്ഥാന ഭവന പദ്ധതികളും ലൈഫ് ഭവന പദ്ധതിയും ലൈഫ് മിഷൻ മുഖേന ഏകോപിപ്പിച്ചാണ് സംസ്ഥാനത്ത് സമ്പൂർണ്ണ ഭവന പദ്ധതി നടപ്പിലാക്കുന്നത്.

# ഇത് അട്ടകളുടെ കാലം



എ സിയാവുദ്ദീൻ

**ഇന്ന് മുതലാളിത്തം ചലനമറ്റ് അതിഗുരുതരമായ രോഗാവസ്ഥയിലാണ്. അതിന്റെ വെയിൻ, ആർട്ടറി അടക്കം സർവ അവയവങ്ങളും പ്രവർത്തനരഹിതമാണ്. ആ ഘട്ടത്തിലും അട്ടകൾ ചുറ്റും നിന്ന് രക്തം ഊറ്റിക്കുടിക്കയാണ്. സ്വകാര്യവൽക്കരണം, സമ്പത്തിന്റെ സമാനതകളില്ലാത്ത കേന്ദ്രീകരണം, തുടങ്ങിയവ മൂലം രക്തം വാർന്നു കൊണ്ടിരിക്കുന്നു. ചികിൽസ കരായ അപ്പോത്തിക്കരിമാർ രോഗിയുടെ ശ്വാസം നിലക്കുമ്പോൾ മുകളിലേക്ക് കൈയുയർത്തി എന്താണ് പറയുക എന്നു നമുക്കറിയാം. Ho! An act of God ( എല്ലാം ദൈവവിധി)**

പ്രസിദ്ധ പത്രപ്രവർത്തകനും സാമൂഹ്യ പ്രവർത്തകനുമായ പി. സായിനാഥ് ഈയിടെ ഫ്രണ്ട് ലൈൻ ദ്വൈവാരികയിലെഴുതിയ ഒരു ലേഖനത്തിൽ ഇൻഡ്യൻ സമ്പദ്ഘടനയുടെ ഇന്നത്തെ സ്ഥിതിയെ അട്ടചിൽസയുമായി ബന്ധപ്പെടുത്തുന്നുണ്ട്. ഈ ചികിൽസ മൂവായിരം കൊല്ലമായി നടന്നു വരുന്നതാണ്. മനുഷ്യ ശരീരം രക്തം, കഫം, പിത്തരസങ്ങൾ എന്നിവ കൂടിച്ചേർന്നതാണ്. അതിൽ പ്രധാനം രക്തമാണ്. മധ്യകാലത്ത് യൂറോപ്പിലും മറ്റും ഈ വിശ്വാസത്തിന് ഏറെ പ്രാബല്യമുണ്ടായിരുന്നു. അതിനാൽ രോഗം ഭേദമാക്കാൻ രക്തം വലിച്ചെടുക്കുന്ന ചികിൽസാ രീതി അവിടെ പ്രയോഗിച്ചു വന്നു.




രോഗിയിൽ നിന്ന് രക്തമൂറ്റാൻ അയാളെ അട്ടയെ കൊണ്ട് കടിപ്പിക്കും. ഇംഗ്ലണ്ടിലെ രാജാവായ ചാൾസ് രണ്ടാമന്റെ 24 ഔൺസ് രക്തമാണ് ഇങ്ങനെ വലിച്ചെടുത്തത്. പക്ഷെ ഫലമുണ്ടായില്ല. രോഗി മരിച്ചു. അതുപോലെ തൊണ്ടയിലെ അസുഖം മാറ്റാൻ ജോർജ് വാഷിംഗ്ടന്റെ ശരീരത്തിൽ നിന്നും ഇങ്ങനെ രക്തം വലിച്ചെടുത്തു. അധികം കഴിയും മുമ്പ് അദ്ദേഹവും മരണമടഞ്ഞു.

ഈ നിലയിലാണ് ഇൻഡ്യ ഇന്നെത്തി നിൽക്കുന്നതെന്നാണ് സായിനാഥ് പറയുന്നത്. ഇന്ന് മുതലാളിത്തം ചലനമറ്റ് അതിഗുരുതരമായ രോഗാവസ്ഥയിലാണ്. അതിന്റെ വെയിൻ, ആർട്ടറി അടക്കം സർവ അവയവങ്ങളും പ്രവർത്തനരഹിതമാണ്. ആ ഘട്ടത്തിലും അട്ടകൾ ചുറ്റും നിന്ന് രക്തം ഊറ്റിക്കുടിക്കയാണ്. സ്വകാര്യവൽക്കരണം, സമ്പത്തിന്റെ സമാനതകളില്ലാത്ത കേന്ദ്രീകരണം, തുടങ്ങിയവ മൂലം രക്തം വാർന്നു കൊണ്ടിരിക്കുന്നു. ചികിൽസ കരായ അപ്പോത്തിക്കരിമാർ രോഗിയുടെ ശ്വാസം നിലക്കുമ്പോൾ മുകളിലേക്ക് കൈയുയർത്തി എന്താണ് പറയുക എന്നു നമുക്കറിയാം. Ho! An act of God (എല്ലാം ദൈവവിധി)

ലോകമാകെ ആഗോളവൽക്കരണ, നവ ഉദാരവൽക്കരണ നയങ്ങൾ തകർന്നടിയുമ്പോൾ അതിന്റെ നടത്തിപ്പുകാരായ ലോകബാങ്കും ഐ എം എഫും, ഭരണ വർഗങ്ങളും ഈ പതനത്തിനു കാരണമായി പറയുന്നത് ഇതു തന്നെയായിരി

ക്കും. അവർ ഇത്ര കൂടി കൂട്ടിച്ചേർക്കും. രക്ത മൂറ്റൽ ഇനിയും തീവ്രമാകേണ്ടിയിരുന്നു. കുറെ പേർ ഇതിന് തടസമുണ്ടാക്കി. മരണത്തിന് കാരണക്കാർ അവരാണ്.

രാജ്യത്തിന്റെ സാമ്പത്തിക സ്ഥിതി മാത്രമല്ല, സാമൂഹ്യ, സാംസ്കാരിക, രാഷ്ട്രീയ രംഗമാകെ കനത്ത വെല്ലുവിളി നേരിടുകയാണ്.

കോവിഡ് 19 ന്റെ ആക്രമണം രൂക്ഷമായ രാജ്യങ്ങളിൽ അമേരിക്കയെയും ബ്രസീലിനെയും കടന്ന് ഇന്ത്യ ഒന്നാം സ്ഥാനത്തേക്ക് നീങ്ങുകയാണ്. രാജ്യവുമായി നേരിട്ട് അതിർത്തിയുള്ള മിക്ക അയൽക്കാരുമായി അതിർത്തി തർക്കങ്ങൾ രൂക്ഷമാണ്. ചൈനയുമായുള്ള തർക്കം 58 വർഷങ്ങൾക്കു ശേഷം പരസ്പരം വെടിവെപ്പിലും ജീവൻ നഷ്ടത്തിലുമെത്തി. അവിടെ സംഘർഷത്തിന് അയവു വന്നിട്ടില്ല എന്നാണ് റിപ്പോർട്ടുകൾ പറയുന്നത്. രാജ്യത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിൽ (GDP) വന്ന ഇടിവ് 23.9 ശതമാനമെന്ന് ഔദ്യോഗിക കണക്കുകൾ പറയുന്നു. GST നടപ്പിൽ വന്ന ശേഷം ഒരിക്കൽ പോലും പ്രതീക്ഷിത വരുമാനം നേടാൻ കഴിയാത്ത നില തുടരുകയായിരുന്നു. അവിടെയാണ് വരുമാനം കുത്തനെ താഴ്ന്ന് 87422 കോടിയിലെത്തിയത്. 2019 ആഗസ്റ്റ് 5 ന് ജമ്മു കാഷ്മീരിന്റെ പ്രത്യേക അവകാശങ്ങൾ നിഷേധിച്ച് കേന്ദ്ര ഭരണ പ്രദേശമായി മാറ്റിയ ശേഷം ഇന്നുവരെ അവിടെ സാധാരണ നില പുന:സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല. വീട്ടുതടങ്കൽ, പൗരാവകാശ നിഷേധം, ഇന്റർനെറ്റ് നിയന്ത്രണം എന്നിങ്ങനെ ശ്വാസം മുട്ടിക്കുന്ന അന്തരീക്ഷത്തിൽ ഒരു ജനതയാകെ കഴിയുന്നു. ഏറ്റുമുട്ടലിന്റെയും മരണത്തിന്റെയും വാർത്തകളില്ലാതെ അവിടെ ഒരു ദിവസവും കടന്നു പോകുന്നില്ല.

മഹാമാരികാലത്തെ നിയമങ്ങളും നിയന്ത്രണങ്ങളും അവസരമാക്കി അഭിപ്രായ സ്വാതന്ത്ര്യത്തിനും പ്രതിഷേധത്തിനും കൂച്ചുവിലങ്ങിടാൻ ആസൂത്രിതമായ നീക്കങ്ങളാണ് നടന്നു വരുന്നത്. ആത്മ നിർഭർ എന്നാൽ പൊതുമേഖലയാകെ കുത്തക മുതലാളിമാർക്ക് കൈമാറുക എന്നാണർഥമെന്ന് സർക്കാർ തെളിയിച്ചു കൊണ്ടിരിക്കുന്നു. ഇത്തരം നടപടികൾ ചോദ്യം ചെയ്യാൻ മുൻ നിരയിൽ നിൽക്കുന്ന തൊഴിലാളികളെ ഭീഷണിപ്പെടുത്താൻ, മർദിച്ചൊതുക്കാൻ നിലവിലുള്ള തൊഴിൽ നിയമങ്ങളെല്ലാം പൊളിച്ചെഴുതുന്നു. നിയമന നിരോധനമേർപ്പെടുത്തുന്നു.



**മഹാമാരികാലത്തെ നിയമങ്ങളും നിയന്ത്രണങ്ങളും അവസരമാക്കി അഭിപ്രായ സ്വാതന്ത്ര്യത്തിനും പ്രതിഷേധത്തിനും കൂച്ചുവിലങ്ങിടാൻ ആസൂത്രിതമായ നീക്കങ്ങളാണ് നടന്നു വരുന്നത്. ആത്മ നിർഭർ എന്നാൽ പൊതുമേഖലയാകെ കുത്തക മുതലാളിമാർക്ക് കൈമാറുക എന്നാണർഥമെന്ന് സർക്കാർ തെളിയിച്ചു കൊണ്ടിരിക്കുന്നു.**

സർവീസ് കാലാവധി തീരും മുൻപ് ജീവനക്കാരെ പിരിച്ചുവിടാൻ പദ്ധതി പ്രഖ്യാപിക്കുന്നു. മഹാമാരി നേരിടാൻ ജനങ്ങളിൽ നിന്ന് പിരിക്കുന്ന പണം പ്രധാനമന്ത്രിയും കാബിനറ്റ് മന്ത്രിമാരും ഉൾപ്പെട്ട സ്വകാര്യ ട്രസ്റ്റിൽ നിക്ഷേപിച്ച് പൊതു അംഗീകാരമില്ലാതെ ചെലവഴിക്കുന്നു.. അതിന്റെ കണക്ക് പൊതു ഓഡിറ്റിന് വിധേയമാക്കില്ല, ജനമധ്യത്തിൽ അവതരിപ്പിക്കില്ല എന്ന് ഔദ്ധത്യത്തോടെ പ്രഖ്യാപിക്കുന്നു. പൗരത്വ ഭേദഗതി, UAPA നിയമങ്ങൾ ആയുധമാക്കി അഭിപ്രായം പ്രകടിപ്പിക്കാനുള്ള അവകാശം നിരോധിക്കുന്നു. ഇത്തരം വകുപ്പുകൾ ചേർത്ത് കാരണമില്ലാതെ കേസിൽ പെടുത്തി പ്രതിഷേധിക്കുന്നവരെ ജാമ്യം നൽകാതെ കൽത്തുറുങ്കിലടക്കുന്നു.

മുകളിൽ പറഞ്ഞ GDPയിലെ 23.9 ശതമാ




**അമേരിക്കയും ചൈനയും തമ്മിൽ വ്യാപാര യുദ്ധത്തിലായതിനാൽ അമേരിക്കൻ കമ്പനികൾ ചൈനയിൽ അടച്ചു പൂട്ടി ആത്മ നിർഭർ ഭാരതത്തിലേക്കെത്തുമെന്നാണ് ഇവിടെ സ്വകാര്യവൽക്കരണം വ്യാപകമാക്കുന്നതിന് കാരണമായി പറഞ്ഞത്. അത് മലർപ്പൊടിക്കാരന്റെ സ്വപ്നം പോലെയായി. ആഭ്യന്തര വ്യവസായ രംഗത്ത് ഉത്തേജനമുണ്ടായി എന്നതിന് ഉദാഹരണമായി മോഡി ചൂണ്ടിക്കാണിച്ചത് വെന്റിലേറ്റർ നിർമാണവും സാനിറ്റൈസർ ഉൽപാദനവുമാണ്.**

നത്തിന്റെ ഇടിവ് മഹാമാരി കൊണ്ടു മാത്രം പൊടുന്നനെ സംഭവിച്ചതല്ല. ഈ സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുൻപു തന്നെ പ്രധാന സൂചകങ്ങൾ താഴേക്ക് പോയിരുന്നു. മാർച്ചിൽ ലോക്ക് ഡൗൺ വന്നപ്പോൾ അത് പിന്നെയും താഴേക്കു പോയി. 2020 ജൂൺ, ജൂലൈ മാസങ്ങളിൽ ഫാക്ടറി ഉൽപാദനം വീണ്ടും ഇടിഞ്ഞു. വ്യവസായ ഉൽപാദനത്തിന്റെയും തൊഴിൽ ജന്യതയുടെയും പ്രധാന രംഗങ്ങളായ വൈദ്യുതി, ഖനനം, ഫാക്ടറി ഉൽപാദനം എന്നിവയിൽ 10.4 ശതമാനം ഇടിവാണ് കാണിച്ചത്. ഫാക്ടറികൾ ഉൽപാദനം വെട്ടിക്കുറച്ച് മെഷിനറികളും പ്ളാന്റും പ്രവർത്തനരഹിതമാകുമ്പോൾ പുതിയ മെഷിനറി ഉൽപ്പാദനത്തെപ്പറ്റി ചിന്തിക്കാനേ കഴിയില്ല. അതിനാൽ ഘന വ്യവസായ മേഖലയുടെ പ്രവർത്തനം പൂർണമായും നിലച്ച മട്ടാണ്. ടെക്സ്റ്റൈൽ, റെഡിമെയ്ഡ് വസ്ത്ര നിർമാണം എന്നിവക്ക് ആഭ്യന്തര കമ്പോളത്തിലും കയറ്റുമതിയിലും നിർണായക പങ്കാണുള്ളത്. ഇവിടെ ടെക്സ്റ്റൈൽ രംഗത്തെ ഇടിവ് 14.8 ശതമാനം. റെഡിമെയ്ഡ് വസ്ത്ര നിർമാണത്തിലെ ഇടിവ് 28.7 ശതമാനമാണ്. സാധാരണ നിലയിൽ ദീപാവലി, പൂജ തുടങ്ങിയ ഉത്സവ കാലഘട്ടത്തിൽ കമ്പോളത്തിൽ ഉണർവുണ്ടാകാറുണ്ട്. ഇപ്രാവശ്യം ഇതിനകം നടന്ന ഒരു ആഘോഷവേളയിലും കമ്പോളം ചലിച്ചില്ലെന്ന് കണക്കുകൾ പറയുന്നു. കേരളത്തിൽ റംസാൻ, ഓണം, ബക്രീഡ്, നാളുകളിലൊന്നും ഒരു ഉണർവും കാണാനായില്ലെന്ന് നമുക്ക് അനുഭവമുള്ളതാണല്ലോ.

ഈ സാമ്പത്തിക വർഷം മൂലധനത്തുറയിലെ നിക്ഷേപം (Capital Investment) തീരെയുണ്ടായില്ല. അമേരിക്കയും ചൈനയും തമ്മിൽ വ്യാപാര യുദ്ധത്തിലായതിനാൽ അമേരിക്കൻ കമ്പനികൾ ചൈനയിൽ അടച്ചു പൂട്ടി ആത്മ നിർഭർ ഭാരതത്തിലേക്കെത്തുമെന്നാണ് ഇവിടെ സ്വകാര്യവൽക്കരണം വ്യാപകമാക്കുന്നതിന് കാരണമായി പറഞ്ഞത്. അത് മലർപ്പൊടിക്കാരന്റെ സ്വപ്നം പോലെയായി. ആഭ്യന്തര വ്യവസായ രംഗത്ത് ഉത്തേജനമുണ്ടായി എന്നതിന് ഉദാഹരണമായി മോഡി ചൂണ്ടിക്കാണിച്ചത് വെന്റിലേറ്റർ നിർമാണവും സാനിറ്റൈസർ ഉൽപാദനവുമാണ്. വെന്റിലേറ്റർ നിർമിക്കാൻ കരാർ കൈവശപ്പെടുത്തിയവർ നടത്തിയ കള്ളക്കളികൾ, ഉൽപന്നത്തിന്റെ കാര്യക്ഷമത, അതിന്റെ പിന്നിലെ അട്ടിമറികൾ തുടങ്ങിയവ ഇവിടെ വിവരിക്കുന്നില്ല.

ഉപഭോഗവസ്തുക്കൾ വീട്ടുപകരണങ്ങൾ എന്നിവയുടെ ഉൽപ്പാദനം 6.7 ശതമാനം കുറഞ്ഞു. അതായത് ജനങ്ങൾക്ക് ദൈനംദിന ജീവിതത്തിൽ വേണ്ടി വരുന്ന വസ്തുക്കൾ വാങ്ങാൻ കഴിയുന്നില്ല എന്നാണ് അതിനർഥം. ഡിമാന്റില്ലാതെ അവ കെട്ടിക്കിടക്കുമ്പോൾ ഉൽപ്പാദനം വെട്ടിക്കുറക്കേണ്ടി വരുന്നു. ബാങ്കുകളുടെ കിട്ടാക്കടം വീണ്ടും പെരുകി. ബാങ്ക് വായ്പക്ക് ഡിമാന്റ് കുറഞ്ഞു. ടൂറിസം, ഹോട്ടൽ, യാത്ര, സേവനങ്ങൾ എന്നിവയൊക്കെ തകർച്ചയിലെത്തി. ഇങ്ങനെ സമ്പദ് ഘടനയുടെ മൊത്തം നിശ്ചലാവസ്ഥ വിലയിരുത്തി റിസർവ് ബാങ്ക് പറഞ്ഞതിങ്ങനെ. "Private consumption has ltos sti discretionary elemestn across the

board" (മൊത്തത്തിൽ സ്വകാര്യ ഉപഭോഗത്തിന്റെ സ്വാഭാവിക പങ്ക് നഷ്ടപ്പെട്ടിരിക്കുന്നു). ഈ സംസ്കൃതത്തിന്റെ പച്ച മലയാളം സാധാരണ ജനജീവിതം തകർന്നു എന്നു തന്നെയാണ്

സമ്പദ് രംഗത്തെ നിശ്ചലാവസ്ഥ മറികടക്കാൻ വിവിധ നിർദേശങ്ങൾ സാമ്പത്തിക പണ്ഡിതന്മാരും ട്രേഡ് യൂണിയൻ, കാർഷിക പ്രസ്ഥാനങ്ങളും, രാഷ്ട്രീയ കക്ഷികളും മുന്നോട്ടു വച്ചിട്ടുണ്ട്. ജനങ്ങളുടെ കയ്യിൽ പണവും വിഭവങ്ങളും എത്തിക്കണമെന്നാണ് അവരെല്ലാം പറയുന്നതിന്റെ രത്നച്ചുരുക്കം. മുൻ റിസർവു ബാങ്ക് ചെയർമാൻമാരായ രഘുറാംരാജൻ, ഉർജിത് പട്ടേൽ, മുൻ സാമ്പത്തിക കാര്യ ഉപദേഷ്ടാവ് അരവിന്ദ് സുബ്രഹ്മണ്യൻ, നോബൽ സമ്മാന ജേതാക്കളായ അമർത്യാസെൻ, അഭിജിത് ബാനർജി തുടങ്ങിയ പ്രമുഖരെല്ലാം ഇക്കാര്യത്തിൽ ഒരേ സ്വരത്തിൽ സംസാരിച്ചിട്ടുണ്ട്.

സർക്കാരിന്റെ കണക്കു പ്രകാരം കഴിഞ്ഞ വർഷത്തെ വിളവെടുപ്പിൽ ശേഖരിച്ച ഭക്ഷ്യധാന്യത്തിൽ വിതരണം കഴിഞ്ഞ് 21 ദശലക്ഷം ടൺ കെട്ടിക്കിടപ്പുണ്ട്. ഈ വർഷം നേരിയ പുരോഗതി കാണിച്ച മേഖല കൃഷിയാണ്. ഖരീഫ് വിളവെടുപ്പ് കഴിയുമ്പോൾ കൂടുതൽ ഭക്ഷ്യധാന്യമെത്തും. അതിനാൽ കൈവശമുള്ള ഭക്ഷ്യധാന്യത്തിൽ നിന്ന് 10 കിലോ വീതം ആറു മാസത്തേക്ക് സൗജന്യ റേഷൻ നൽകുക, ആദായ നികുതി പരിധിയിൽ പെടാത്തവർക്ക് പ്രതിമാസം 7500 രൂപ വീതം നൽകുക, മഹാത്മാഗാന്ധി തൊഴിലുറപ്പു പദ്ധതി നഗരങ്ങളിലേക്കു കൂടി വ്യാപിപ്പിക്കുക തുടങ്ങി ജനങ്ങളുടെ കൈവശം പണവും അവശ്യവസ്തുക്കളുമെത്തിച്ച് സമ്പദ്ഘടന ചലനാത്മകമാക്കയും, കൊടിയ ദാരിദ്ര്യവും ആത്മഹത്യകളും ഒഴിവാക്കുകയും വേണം. ഇങ്ങനെയുള്ള ക്രിയാത്മക നിർദേശങ്ങളാണ് ഇടതുപക്ഷ പ്രസ്ഥാനങ്ങൾ മുന്നോട്ടുവച്ചിട്ടുള്ളത്. ഇതൊന്നും ചെവിക്കൊള്ളാൻ ഈ സർക്കാർ തയാറല്ല. അധികമുള്ള ഭക്ഷ്യധാന്യം സാനിറ്റൈസർ നിർമിക്കാനുള്ള എത്തനോൾ ഉണ്ടാക്കാൻ കയറ്റി അയക്കുന്നു. കോർപ്പറേറ്റുകൾ ഉന്നയിക്കുന്ന ആവശ്യങ്ങൾ നടപ്പിലാക്കുന്നു. അവർക്ക് സൗജന്യങ്ങൾ നൽകുന്നു. മഹാമാരി നേരിടാൻ വിഭവങ്ങളില്ലാതെ പ്രതിസന്ധി നേരിടുന്ന സംസ്ഥാനങ്ങൾക്ക് ഉപദേശം മാത്രം നൽകി ഉത്തരവാദിത്തത്തിൽ നിന്ന് ഒഴിഞ്ഞു മാറുന്നു. അവർക്ക് നിയമപ്രകാരം ലഭിക്കേണ്ട GST വിഹിതം പോലും നിഷേധിക്കുന്നു. പട്ടിണിയും പരിവട്ടവും മൂലം ജനത വലയുമ്പോൾ വൈകാരിക പ്രശ്നങ്ങൾ ഉയർത്തി വഴിതിരിച്ചുവിടുകയും ചെയ്യുന്നു.

നോക്കൂ, ഇന്ന് എന്തൊക്കെയാണ് കേന്ദ്ര



**തൊഴിൽ രഹിതരുടെ പട ആകാശം മുട്ടെ ഉയരുകയാണ്. അധഃസ്ഥിതരും ന്യൂനപക്ഷങ്ങളും ആക്രമിക്കപ്പെടുകയാണ്. അഭിപ്രായ സ്വാതന്ത്ര്യത്തിനു വേണ്ടി വാദിച്ചവർ, പ്രതിഷേധിച്ച നിരപരാധികൾ ജാമ്യം പോലും നിഷേധിക്കപ്പെട്ട് ജയിലറകളിൽ നരകിക്കയാണ്. പാടത്ത് പണിയെടുക്കുന്ന പരീക്ഷിണിതന്റെ, തൊഴിലിൽ നിന്നും പറിച്ചെറിയപ്പെട്ട് തെരുവിലലയുന്ന തൊഴിലാളിക്കൂട്ടത്തിന്റെ ദൈന്യത ഇവരെ തെല്ലും അലോസരപ്പെടുത്തുന്നില്ല.**

ഭരണാധികാരികളും ചങ്ങാത്ത മുതലാളിത്ത വൃന്ദവും കുത്തക മാധ്യമങ്ങളും ചേർന്ന് ഇവിടെ നടത്തിക്കൂട്ടുന്നത്. ബീഹാറിൽ തെരഞ്ഞെടുപ്പ് വരാൻ പോകുന്നു. അവിടെ ഇപ്പോൾ ഉയർത്തിവിടുന്ന ചർച്ച ആ സംസ്ഥാനക്കാരനായ സിനിമാ നടൻ മുംബൈയിൽ ആത്മഹത്യ ചെയ്തതാണ്. ഒരു നടിയുടെ അയാളുമായുണ്ടായിരുന്ന ചങ്ങാത്തവും മയക്കുമരുന്ന് ഇടപാടുമാണ്. വേറൊരു നടിയുടെ വീട്ടിലെ അനധികൃത നിർമാണം പൊളിച്ചതാണ്. കേന്ദ്ര സർക്കാർ നൽകിയ Y Plus സംരക്ഷണത്തിൽ തോക്കുധാരികളായ കമാന്റോകളുടെ വലയത്തിൽ അവർ നടന്നു നീങ്ങുന്നത് 130 കോടി വരുന്ന നിസ്സഹായരായ ഇന്ത്യൻ ജനത 24 × 7 ൽ നോക്കി കണ്ണു തള്ളിയിരിക്കുന്നു. പാടത്ത് പണിയെടുക്കുന്ന പരീക്ഷിണിതന്റെ, തൊഴിലിൽ നിന്നും പറിച്ചെറിയപ്പെട്ട് തെരുവിലലയുന്ന തൊഴിലാളിക്കൂട്ടത്തിന്റെ ദൈന്യത ഇവരെ തെല്ലും അലോസരപ്പെടുത്തുന്നില്ല.

തൊഴിൽ രഹിതരുടെ പട ആകാശം മുട്ടെ ഉയരുകയാണ്. അധഃസ്ഥിതരും ന്യൂനപക്ഷങ്ങളും ആക്രമിക്കപ്പെടുകയാണ്. അഭിപ്രായ സ്വാതന്ത്ര്യത്തിനു വേണ്ടി വാദിച്ചവർ, പ്രതിഷേധിച്ച നിരപരാധികൾ ജാമ്യം പോലും നിഷേധിക്കപ്പെട്ട് ജയിലറകളിൽ നരകിക്കയാണ്.

അതെ, ഇത് അട്ടകളുടെ കാലമാണ്. രക്തമൂറ്റുന്ന അട്ടകളും അവരെ പോറ്റുന്ന അപ്പോത്തിക്കരികളും അഭിരമിക്കുന്ന കാലമാണ് ●

# ഭക്ഷ്യ സുരക്ഷയില്ലാത്ത ജനങ്ങൾ ഏറ്റവും കൂടുതൽ ഇന്ത്യയിൽ

- ലോകത്തെ ഭക്ഷ്യ സുരക്ഷയുടെയും പോഷകാഹാരത്തിന്റെയും സ്ഥിതി റിപ്പോർട്ട് [State of food securtiy and nturition in the world (SOFI)] റിപ്പോർട്ട് 2020 ജൂലൈ മധ്യത്തോടെ പുറത്തുവന്നു. FAO (Food and agricultural organisation) UNICEF, WHO തുടങ്ങിയ സംഘടനകൾ ചേർന്നു തയാറാക്കുന്നതാണ് SOFI റിപ്പോർട്ട്.
- ഭക്ഷ്യ സുരക്ഷയില്ലാത്ത ജനങ്ങൾ ഏറ്റവും കൂടുതൽ വസിക്കുന്ന രാജ്യമെന്ന പേര് ഇന്ത്യ ഈ വർഷവും നിലനിർത്തി.
- 2014 നും 2019 നുമിടയിൽ ഭക്ഷ്യസുരക്ഷയില്ലാത്ത ജനങ്ങളുടെ സംഖ്യ ഇന്ത്യയിൽ 3.3% ഉയർന്നു. മോഡിയുടെ ഒന്നാംഘട്ട ഭരണകാലമാണ് 2014 2019. 2014 ൽ നിന്ന് 2019 എത്തുമ്പോൾ 6.2 കോടി ജനങ്ങൾ കൂടി ഭക്ഷ്യസുരക്ഷയില്ലാത്തവരായി മാറി.



- 2014-16 വർഷങ്ങളിൽ ഇന്ത്യൻ ജനസംഖ്യയുടെ 27.8% ജനങ്ങളാണ് ഭക്ഷ്യസുരക്ഷയില്ലാത്തവരായിരുന്നത്. എന്നാൽ 2017-19 കാലയളവിൽ അത് 31.6% ആയി ഉയർന്നു. ഭക്ഷ്യസുരക്ഷയില്ലാത്ത ജനങ്ങൾ 201416 ൽ 42.65 കോടിയായിരുന്നത് 2017-19 ഓടെ 48.86 കോടിയായി ഉയർന്നു.
- ലോകത്തെ ഭക്ഷ്യസുരക്ഷയില്ലാത്ത ജനങ്ങളിൽ 22% വസിക്കുന്നത് ഇന്ത്യയിലാണ്.
- തെക്കൻ ഏഷ്യ മൊത്തത്തിൽ ഭക്ഷ്യസുരക്ഷയില്ലാത്തവരുടെ സംഖ്യ 0.5% കുറഞ്ഞപ്പോൾ ഇന്ത്യയിൽ അത് 3.7% ഉയർന്നു എന്നതാണ് ഏറ്റവും ദുഃഖകരം.
- നാഷണൽ സാമ്പിൾ സർവെ ഓർഗനൈസേഷന്റെ (NSSO) 2017-18 ലെ കണക്കുകൾ ഇന്ത്യ ഇനിയും പുറത്തുവിട്ടിട്ടില്ല. ഭക്ഷ്യസുരക്ഷ സംബന്ധിച്ച പഠനവും കണക്കുകളും പ്രസിദ്ധീകരിക്കാനും ഇന്ത്യ തയാറാകുന്നില്ല.
- നോട്ടു നിരോധനം, ജിഎസ്ടി നടപ്പാക്കൽ എന്നിവ മൂലം ഉണ്ടായ സാമ്പത്തിക തകർച്ചയും തൊഴിലില്ലായ്മയുമാണ് ഭക്ഷ്യസുരക്ഷ ഈ രൂപത്തിൽ ഇടിയാൻ കാരണം.
- കോവിഡ് 19 സ്ഥിതിഗതികൾ അതിരൂക്ഷമാകും.

# തൊഴിൽ നഷ്ടപ്പെട്ട
# തൊഴിലാളികൾക്കുള്ള ഇ.എസ്.ഐ.സി. സ്കീം



ഇന്ത്യയിലെ സാമ്പത്തിക സ്ഥിതി വളരെയധികം മോശമായി കൊണ്ടിരിക്കുകയാണ്. കോടിക്കണക്കിന് തൊഴിലാളികൾക്ക് തൊഴിൽ നഷ്ടമാകുന്ന സ്ഥിതിയാണ്. തൊഴിൽ നഷ്ടമായ അനേകം തൊഴിലാളികൾ ഇഎസ്ഐ സ്കീമിൽ അംഗങ്ങളാണ്.

2005 യുപിഎ ഒന്നാം ഗവൺമെന്റിന്റെ കാലത്ത് ESIC-ൽ രാജീവ് ഗാന്ധി ശ്രമിക് കല്യാൺ യോജന (RGSKY) എന്ന പേരിൽ തൊഴിൽ നഷ്ടപ്പെടുന്ന വർക്കുള്ള ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചിരുന്നു. എന്നാൽ ഈ ഫണ്ടിലെ തുക ഉപയോഗിക്കാൻ തൊഴിലാളികൾ മുന്നോട്ടു വരുന്നില്ല. അതിനു കാരണം തൊഴിലാളികൾക്ക് ഇതിനെക്കുറിച്ച് അറിയാത്തതുകൊണ്ടാണ്. യൂണിയനുകൾ അവർക്ക് വേണ്ട നിർദ്ദേശവും അറിവും നൽകുന്നതുമില്ല.

2018 ൽ ബിജെപി സർക്കാർ അടൽ ബിഹാരി വ്യക്തി യോജന എന്ന പേരിൽ സമാനമായ ഒരു പദ്ധതി നടപ്പാക്കി. ഇത് രണ്ടു വർഷത്തേക്കാണ് പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കിയത്. ഇപ്പോൾ കോവിഡ് 19ന്റെ പശ്ചാത്തലത്തിൽ ഇഎസ്ഐസിയുടെ 182-ാം യോഗം ആഗസ്റ്റ് 20 ന് ചേർന്ന് ഈ പദ്ധതിയുടെ കാലാവധി ദീർഘിപ്പിക്കാൻ തീരുമാനിച്ചിരിക്കുകയാണ്.

### 2020 ആഗസ്റ്റ് 20. ഇഎസ്ഐ മീറ്റിംഗിന്റെ പ്രസ് നോട്ട്

1. അടൽ ബിഹാരി വ്യക്തി കല്യാൺ യോജനയുടെ നിബന്ധനകളിൽ അയവു വരുത്തും.
2. തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്കുള്ള സ്കീം 2021 ജൂൺ 30 വരെ ദീർഘിപ്പിക്കുന്നു.
3. കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ ആനുകൂല്യങ്ങളിൽ മേലുള്ള നിബന്ധനകളിൽ അയവു വരുത്തും. അയവു വരുത്തുന്ന ആനുകൂല്യങ്ങൾ 24-03-2020 മുതൽ 2020 ഡിസംബർ 31 വരെ ലഭിക്കും. പഴയ രൂപത്തിലുള്ള ആനുകൂല്യങ്ങൾ 01-01-2020 മുതൽ 30-06-2021 വരെ ലഭിക്കും. നിബന്ധനകൾ 31-12-2020 സ്ഥിതിഗതികൾ വിലയിരുത്തി പുന:പരിശോധിക്കും.

### അയവു വരുത്തിയ നിബന്ധനകൾ

1. ശരാശരി കിട്ടിക്കൊണ്ടിരിക്കുന്ന കൂലിയുടെ 50 ശതമാനം വരെ തൊഴിലില്ലാതെ വന്ന 90 ദിവസം വരെ നൽകും. നേരത്തെ ഇത് 25 ശതമാനമായിരുന്നു.
2. തൊഴിലില്ലാത്ത കാലത്തെ വേതനം 30 ദിവസം കഴിയുമ്പോൾ മുതൽ ലഭിക്കും. നേരത്തെ ഇത് 90 ദിവസം ആയിരുന്നു.
3. അപേക്ഷ നേരിട്ട് ഇഎസ്ഐ ബ്രാഞ്ച് ഓഫീസിൽ നൽകാം.

കോവിഡ് 19

# തൊഴിലാളികൾക്ക് ദുരിതകാലം അതിസമ്പന്നർക്ക് നല്ലകാലം



ജോസ് ടി എബ്രഹാം



**മഹാമാരിയുടെ കാലത്ത് അതിസമ്പന്നരുടെ സ്വത്ത് കുതിച്ചുയർന്നുകൊണ്ടിരിക്കുകയാണ്. ആയിരക്കണക്കിനു പേർ മഹാമാരിമൂലം മരണമടയുകയും കോടികൾക്ക് തൊഴിൽ നഷ്ടപ്പെടുകയും ചെയ്യുന്ന കാലത്ത് ഓഹരി കമ്പോളങ്ങൾ റെക്കോഡ് ഭേദിച്ച് ഉയർന്നുകൊണ്ടിരിക്കുകയാണ്. ലോകത്തെ സമ്പദ് വ്യവസ്ഥകളാകെ തകർന്നടിഞ്ഞുകൊണ്ടിരിക്കുമ്പോഴാണ് ഓഹരിക്കമ്പോളവും ധനാഢ്യരുടെ സമ്പത്തും കുതിച്ചുയരുന്നത് എന്നതാണ് വിരോധാഭാസം.**

കോടിക്കണക്കിന് തൊഴിലാളികൾക്ക് പണിയില്ലാതായി. അനേകം തൊഴിലാളികളുടെ കൂലി വെട്ടിക്കുറച്ചു. പട്ടിണി പടർന്നു പിടിച്ചുകൊണ്ടിരിക്കുന്നു. രാജ്യങ്ങളുടെ സാമ്പത്തിക വളർച്ച കൂപ്പുകുത്തി. തൊഴിലിനായി നഗരങ്ങളിലേക്ക് കുടിയേറിയ അനേകായിരങ്ങൾ തിരികെ അവരുടെ ഗ്രാമങ്ങളിലേക്ക് മടങ്ങാൻ നിർബന്ധിതരായി. കോവിഡ് 19 നിയന്ത്രണത്തിലായാൽ പോലും സമ്പദ്‌രംഗം സാധാരണ നിലയിലേക്കെത്താൻ ദീർഘനാളുകളെടുക്കും എന്നതാണ് സ്ഥിതി.



കോവിഡ് 19 മഹാമാരി പൊട്ടിപുറപ്പെട്ടതോടെ ലോകമാകെ വലിയ ദുരിതത്തിലാണ്. കോടിക്കണക്കിന് തൊഴിലാളികൾക്ക് പണിയില്ലാതായി. അനേകം തൊഴിലാളികളുടെ കൂലി വെട്ടിക്കുറച്ചു. പട്ടിണി പടർന്നു പിടിച്ചുകൊണ്ടിരിക്കുന്നു. രാജ്യങ്ങളുടെ സാമ്പത്തിക വളർച്ച കൂപ്പുകുത്തി. അമേരിക്കയുൾപ്പടെയുള്ള ഒഇസിഡി രാജ്യങ്ങളുടെ ജിഡിപി 10% ത്തിലേറെ ഇടിഞ്ഞു. ഇന്ത്യൻ സമ്പദ് വ്യവസ്ഥ സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ 23.9% ചുരുങ്ങി. ലക്ഷക്കണക്കിന് ചെറുകിട വ്യവസായങ്ങൾ പൂട്ടി. എന്നാൽ ലോകത്തെ ഓഹരിക്കമ്പോളങ്ങൾ ആദ്യഘട്ടത്തിൽ ഒന്നിടിഞ്ഞെങ്കിലും ഇപ്പോൾ കുതിച്ചു കയറുന്ന നിലയാണ്. ലോകത്തെ അതി സമ്പന്നരുടെ സമ്പത്തും അഭൂതപൂർവമായ രൂപത്തിൽ വളർന്നുകൊണ്ടിരിക്കുകയാണ്. മുകേഷ് അംബാനിയുടെ കാര്യം മാത്രം പരിശോധിച്ചാൽ ഇതു മനസിലാകും. മുകേഷ് അംബാനിയുടെ സമ്പത്ത് ഇക്കാലത്ത് ഉയർന്നത് 145 % ആണ്. ലോക ധനാഢ്യരുടെ പട്ടികയിൽ ഒൻപതു പേരെ മറികടന്ന് അംബാനി അഞ്ചാം സ്ഥാനത്തെത്തി. ആമസോൺ ഉടമ ജെഫ് ബെസോസിന്റെ സമ്പത്ത് 2020 മാർച്ച് മുതൽ ജൂൺ വരെയുള്ള കാലയളവിൽ 48 ബില്യൻ ഡോളറാണ് ഉയർന്നത്. (1 ബില്യൻ = 100 കോടി)

### തൊഴിൽ നഷ്ടം തുടർക്കഥ

കഴിഞ്ഞ മാർച്ച് മുതൽ ഓഗസ്റ്റ് വരെയുള്ള കാലയളവിൽ അമേരിക്കയിൽ തൊഴിൽ നഷ്ടപ്പെട്ടത് 5 കോടി 80 ലക്ഷം പേർക്കാണ്. സാമ്പത്തിക തകർച്ച മൂലം 2021 ൽ അമേരിക്കയിൽ തൊഴിൽ ലഭ്യതയിൽ കുറവു വരുന്നത് 4 കോടിയായിരിക്കും എന്നാണ് കണക്കാക്കപ്പെടുന്നത്. യൂറോപ്പിലും കോടിക്കണക്കിന് പേർക്ക് തൊഴിൽ നഷ്ടമായി. ബ്രിട്ടീഷ് പെട്രോളിയം കമ്പനി 10,000 പേരെയാണ് പിരിച്ചുവിടാൻ തീരുമാനിച്ചിരിക്കുന്നത്. ആഡംബര ലെതർ ഉൽപന്നങ്ങളും മറ്റും നിർമ്മിക്കുന്ന മൾബറി എന്ന കമ്പനി 25% തൊഴിലാളികളെ ഒഴിവാക്കാൻ തീരുമാനിച്ചിരിക്കുകയാണ്. സ്വിസ് സ്പോർട് 4556 പേരെയാണ് പുറത്താക്കുന്നത്. ബ്രിട്ടീഷ് എയർവേസ് അവരുടെ 42,000 തൊഴിലാളികളിൽ 12,000 പേരെ പിരിച്ചുവിടാൻ തീരുമാനിച്ചിരിക്കുകയാണ്. ഈസി ജെറ്റ് 4500 പേരെ പിരിച്ചുവിട്ടു. ഫ്രഞ്ച് ഓട്ടോ മൊബൈൽ കമ്പനിയായ റൈനോൾട്ട് 15,000 പേരെയും, റെയൻ എയർലൈൻസ് 3000 പേരെയും അങ്ങിനെ ലക്ഷങ്ങളാണ് സംഘടിത മേഖലയിൽ നിന്നു തന്നെ ലോകമാകെ പിരിച്ചുവിടപ്പെട്ടത്. നിർമാണം, ചെറുകിട വ്യവസായങ്ങൾ തുടങ്ങി അസംഘടിത മേഖലയിലെ തൊഴിലുകളെല്ലാം തന്നെ കുറെ മാസങ്ങളായി ഇല്ലാതായിരിക്കുകയാണ്. തൊഴിലിനായി നഗരങ്ങളിലേക്ക് കുടിയേറിയ അനേകായിരങ്ങൾ തിരികെ

അവരുടെ ഗ്രാമങ്ങളിലേക്ക് മടങ്ങാൻ നിർബന്ധിതരായി. കോവിഡ് 19 നിയന്ത്രണത്തിലായാൽ പോലും സമ്പദ്രംഗം സാധാരണ നിലയിലേക്കെത്താൻ ദീർഘനാളുകളെടുക്കും എന്നതാണ് സ്ഥിതി. തൊഴിൽ രംഗം മെച്ചപ്പെടാനും സ്വാഭാവികമായി നാളുകളെടുക്കും.

പിരിച്ചുവിടൽ മാത്രമല്ല നടന്നുകൊണ്ടിരിക്കുന്നത്. തൊഴിലുള്ളവരുടെ വേതനത്തിൽ വലിയ വെട്ടിക്കുറക്കലും നടന്നുകൊണ്ടിരിക്കുകയാണ്. ഇലക്ട്രിക് കാർ നിർമാതാക്കളായ ടെസ്ല (Tesla) അവരുടെ തൊഴിലാളികളുടെ ഏപ്രിൽ- ജൂലൈ മാസങ്ങളിലെ വേതനത്തിൽ 10% വെട്ടിക്കുറവു വരുത്തി. എന്നാൽ ടെസ്ലയുടെ ചീഫ് എക്സിക്യൂട്ടീവ് ഇലോൺ മസ്കിന്റെ സമ്പത്ത് 25 ബില്യനിൽ നിന്ന് കുതിച്ചു കയറി 100 ബില്യനായി. ഇക്കാലത്ത് മസ്കിന്റെ സമ്പത്തിൽ നാലിരട്ടി വർധനവ്! ഇത്തിഹാഡ്, എമറൈറ്റ്സ് തുടങ്ങിയ എയർലൈൻ കമ്പനികൾ അവരുടെ ജീവനക്കാരുടെ വേതനത്തിൽ 25 മുതൽ 50% വരെ കുറവും വരുത്തി. എയർബസ് 15,000 തൊഴിലാളികളെ പിരിച്ചുവിടുക മാത്രമല്ല ചെയ്തത് ബാക്കി ജോലിയിലുണ്ടായിരുന്നവരുടെ വേതനത്തിൽ വെട്ടികുറവും വരുത്തി. ബോയിങ് 16,000 തൊഴിലാളികളെ പിരിച്ചുവിടുകയും ബാക്കി ജോലിക്കാരുടെ വേതനത്തിൽ 10% വെട്ടിക്കുറവും വരുത്തി. ജർമൻ എയർലൈൻ ലുഫ്ത്താൻസ 22,000 ജോലിക്കാരെ പിരിച്ചുവിടുകയും നിലനിർത്തിയവരുടെ വേതനവും അലവൻസുകളും വെട്ടിക്കുറക്കുകയും ചെയ്തു. ചെറുകിട വ്യവസായങ്ങളിൽ ശരാശരി 50% തൊഴിലാളികളെ ജോലിയിൽ നിന്നും താല്ക്കാലികമായി ഒഴിവാക്കുകയും വലിയ തോതിൽ വേതനം വെട്ടിക്കുറക്കുകയും ചെയ്തു. ചെറുകിട മേഖലയിലെ 22% പേർക്ക് സ്ഥിരമായി ജോലിയില്ലാതാകും എന്നാണ് കണക്കാക്കപ്പെടുന്നത്. തൊഴിൽ നഷ്ടത്തിന്റെ വേതനം വെട്ടിക്കുറച്ചതിന്റെ ചില സൂചനകൾ മാത്രമാണ് ഇത്.



**ബ്ലൂംബർഗ് ന്യൂസിന്റെ റിപ്പോർട്ടനുസരിച്ച് ലോകത്തെ 500 ധനാഢ്യരുടെ സമ്പത്ത് ഈ വർഷം ഓഗസ്റ്റ് വരെ എടുത്താൽ 871 ബില്യൻ ഡോളർ വർധിച്ചു. (1 ബില്യൻ 100 കോടി) അതി സമ്പന്നരുടെ സ്വത്താണ് ഏറ്റവും കൂടുതൽ ഉയർന്നത്. ആഗസ്റ്റ് 24 മുതൽ 28 വരെയുള്ള അഞ്ചു ദിവസം കൊണ്ട് ലോകത്തെ 500 ഏറ്റവും വലിയ ധനാഢ്യരുടെ സമ്പത്ത് വർധിച്ചത് 209 ബില്യൻ ഡോളറാണ്. ആമസോണിന്റെ ചീഫ് ജെഫ് ബെസോസിന്റെ സമ്പത്ത് ആഗസ്റ്റ് അവസാനമായപ്പോൾ 204.6 ബില്യൻ ഡോളറാണ്.**

## അതിസമ്പന്നർ കൂടുതൽ സമ്പന്നരാകുന്നു

ഒരു കാലത്തും സംഭവിക്കാത്തതുപോലെ മഹാമാരിയുടെ കാലത്ത് അതി സമ്പന്നരുടെ സ്വത്ത് കുതിച്ചുയർന്നുകൊണ്ടിരിക്കുകയാണ്. ആയിരക്കണക്കിനു പേർ മഹാമാരിമൂലം മരണമടയുകയും കോടികൾക്ക് തൊഴിൽ നഷ്ടപ്പെടുകയും ചെയ്യുന്ന കാലത്ത് ഓഹരി കമ്പോളങ്ങൾ റെക്കോഡ് ഭേദിച്ച് ഉയർന്നുകൊണ്ടിരിക്കുകയാണ്. എസ് & പി 500 ഓഹരി സൂചിക എല്ലാ കാലത്തെക്കാളും ഉയർന്നിരിക്കുകയാണ്. ലോകത്തെ സമ്പദ് വ്യവസ്ഥകളാകെ തകർന്നടിഞ്ഞുകൊണ്ടിരിക്കുമ്പോഴാണ് ഓഹരിക്കമ്പോളവും ധനാഢ്യരുടെ സമ്പത്തും കുതിച്ചുയരുന്നത് എന്നതാണ് വിരോധാഭാസം.

ലോകത്തെ സമ്പദ് വ്യവസ്ഥകളെല്ലാം വലിയ

ആഗസ്റ്റ് 18 ന് വാഷിംഗ്ടൺ പോസ്റ്റ് എഴുതി "ധനാഢ്യരുടെ സാമ്പത്തിക മാന്ദ്യം അവസാനിച്ചു. എന്നാൽ തൊഴിലാളികളുടെ ദുരിതം അവസാനിച്ചില്ല" ആഗസ്റ്റ് മധ്യത്തോടെ മഹാമാരിയുടെ കാലത്ത് നഷ്ടമായ തൊഴിലിന്റെ 42% മാത്രമാണ് തിരികെ വന്നത്. ഏറ്റവും താഴെക്കിടയിലുള്ള ജോലികൾ നല്ല പങ്ക് തിരികെ വന്നിട്ടില്ല. ലോകമാകെ 13.5 കോടിയിലധികം ജനങ്ങൾ പുതിയതായി വലിയ പട്ടിണിയിലേക്കു നീങ്ങുമെന്നാണ് റിപ്പോർട്ട്.




തകർച്ചയിലാണെന്ന് സൂചിപ്പിച്ചു. ഒഇസിഡി (OECD Organisation for economic cooperation and development) രാജ്യങ്ങളിലെ മൊത്തം സാമ്പത്തിക ചുരുക്കം 10% ത്തിൽ കൂടുതലാണ്. ലോകത്തെ സമ്പന്ന രാജ്യങ്ങളുടെ ഒരു കൂട്ടായ്മയാണ് ഒഇസിഡി. 2009 ലെ വൻ സാമ്പത്തിക തകർച്ച കാലത്ത് നേരിട്ടതിന്റെ നാലിരട്ടിയാണ് ഇപ്പോൾ ഒഇസിഡി രാജ്യങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്ന തകർച്ച. ആഗോള സാമ്പത്തിക രംഗം 5% എങ്കിലും 2020 ൽ ചുരുങ്ങും എന്നാണ് അനുമാനം. ബ്ലൂംബർഗ് ന്യൂസിന്റെ റിപ്പോർട്ടനുസരിച്ച് ലോകത്തെ 500 ധനാഢ്യരുടെ സമ്പത്ത് ഈ വർഷം ഓഗസ്റ്റ് വരെ എടുത്താൽ 871 ബില്യൻ ഡോളർ വർധിച്ചു. (1 ബില്യൻ 100 കോടി) അതി സമ്പന്നരുടെ സ്വത്താണ് ഏറ്റവും കൂടുതൽ ഉയർന്നത്. ആഗസ്റ്റ് 24 മുതൽ 28 വരെയുള്ള അഞ്ചു ദിവസം കൊണ്ട് ലോകത്തെ 500 ഏറ്റവും വലിയ ധനാഢ്യരുടെ സമ്പത്ത് വർധിച്ചത് 209 ബില്യൻ ഡോളറാണ്. ആമസോണിന്റെ ചീഫ് ജെഫ് ബെസോസിന്റെ സമ്പത്ത് ആഗസ്റ്റ് അവസാനമായപ്പോൾ 204.6 ബില്യൻ ഡോളറാണ്. മഹാമാരിക്കാലത്ത് ബെസോസിന്റെ സമ്പത്ത് ഇരട്ടിയായി വർധിച്ചു.

സമ്പത്ത് ഏറ്റവും ഉയർന്നത് വലിയ ടെക്നോളജി കമ്പനികളായ ആമസോൺ, ആപ്പിൾ, ഗൂഗിൾ, മൈക്രോസോഫ്റ്റ് തുടങ്ങിയ കമ്പനികളുടേതാണ്. ഓഹരി കമ്പോളത്തിലെ വലിയ വർധനവാണ് ഈ കമ്പനികളുടെ സമ്പത്ത് ഉയരാൻ ഏറ്റവും പ്രധാന കാരണമായത്. ആപ്പിളിന്റെ ഷെയർവില ഉയരാൻ ഒരു പ്രധാന കാരണം ആപ്പിൾ തന്നെ അവരുടെ ഷെയറുകൾ ഓഹരിക്കമ്പോളത്തിൽ നിന്ന് വലിയ തോതിൽ തിരിച്ചു വാങ്ങിയതു കൊണ്ടാണ്. ഇതിന് ഷെയർ ബൈ ബാക്ക് എന്നാണ് സാങ്കേതികമായി പറയുന്നത്. ഇതിന് ആപ്പിളിനെ സഹായിച്ച ഒരു പ്രധാന ഘടകം 2017 ലെ ട്രംപിന്റെ കുത്തക നികുതി കുറക്കലാണ്. പല കുത്തക കമ്പനികളുടെയും യഥാർത്ഥ ലാഭം ഈ കാലയളവിൽ 25% വരെ ഇടിഞ്ഞു. എന്നാൽ ഓഹരി കമ്പോളത്തിലും നാണയ കമ്പോളത്തിലും നടത്തിയ ഇടപാടുകൾ മറ്റൊരു തരത്തിൽ പറഞ്ഞാൽ ചൂതാട്ടമാണ്. ധനാഢ്യരുടെ സമ്പത്ത് ഈ കാലത്ത് കുതിച്ചുയരാൻ കാരണമായത്.

ആഗസ്റ്റ് 18 ന് വാഷിംഗ്ടൺ പോസ്റ്റ് എഴുതി "ധനാഢ്യരുടെ സാമ്പത്തിക മാന്ദ്യം അവസാനിച്ചു. എന്നാൽ തൊഴിലാളികളുടെ ദുരിതം അവസാനിച്ചില്ല" ആഗസ്റ്റ് മധ്യത്തോടെ മഹാമാരിയുടെ കാലത്ത് നഷ്ടമായ തൊഴിലിന്റെ 42% മാത്രമാണ് തിരികെ വന്നത്. ഏറ്റവും താഴെക്കിടയിലുള്ള ജോലികൾ നല്ല പങ്ക് തിരികെ വന്നിട്ടില്ല. അമേരിക്കയിലെ താഴെക്കിടയിലുള്ള ജോലിയിലെ

മൂന്നിൽ രണ്ടും സ്ത്രീകൾ അതിൽ തന്നെ പ്രത്യേകിച്ച് കറുത്ത വർഗക്കാരാണ് ചെയ്യുന്നത്. അവരുടെ ജോലി 20% മാത്രമാണ് ഇപ്പോഴും തിരികെ കിട്ടിയിട്ടുള്ളത്. എന്നാൽ വെള്ളക്കാരുടെ 40-45% ജോലിയും തിരികെ കിട്ടി. സ്ത്രീകളുടെ ജോലി നഷ്ടവും അതിന്റെ പ്രത്യാഘാതവും ഇനിയും അനേകം വർഷങ്ങളിലേക്ക് വിവിധ സമൂഹങ്ങളിൽ പ്രതിഫലിക്കും. ജോലി നഷ്ടവും വരുമാനമില്ലായ്മയും മൂലം അമേരിക്കയിൽ മാത്രം 5 കോടിയോളം കുടുംബങ്ങൾക്ക് വാസസ്ഥലങ്ങളിൽ നിന്ന് പുറത്താക്കപ്പെടുന്ന ഗുരുതരമായ സ്ഥിതിയും സംജാതമായിരിക്കുകയാണ്. വാസസ്ഥലം നഷ്ടപ്പെടുന്നവരുടെ റിപ്പോർട്ടുകൾ മാധ്യമങ്ങളിൽ നിരന്തരം വന്നുകൊണ്ടിരിക്കുകയാണ്. ഇതോടൊപ്പം ഭക്ഷ്യവസ്തുക്കളുടെ വിലയും കുതിച്ചുയരുകയാണ്. ഇത് വലിയ പട്ടിണിക്കും കാരണമാകുകയാണ്.




കോടാനുകോടി ജനങ്ങൾ ദുരിതത്തിലും പട്ടിണി മരണവും നേരിടുമ്പോൾ ആ അവസരം കൂടി മുതലെടുത്ത് സ്വത്ത് കുന്നുകൂടുന്ന വ്യവസ്ഥയാണ് മുതലാളിത്തം. യുദ്ധ കാലത്തും മഹാമാരിയുടെ കാലത്തും മുതലാളിത്തം തന്നെ സൃഷ്ടിക്കുന്ന സാമ്പത്തിക പ്രതിസന്ധിയുടെ കാലത്തും ഇതാണ് നമുക്ക് കാണാൻ കഴിയുന്നത്. ഈ വ്യവസ്ഥിതിയിൽ കോടാനുകോടി വരുന്ന 99% ത്തിന് നീതി ലഭിക്കില്ല എന്ന് മഹാമാരി കാലത്തെ അനുഭവങ്ങളും വ്യക്തമാക്കുന്നു.

ലോകമാകെ 13.5 കോടിയിലധികം ജനങ്ങൾ പുതിയതായി വലിയ പട്ടിണിയിലേക്കു നീങ്ങുമെന്നാണ് റിപ്പോർട്ട്. 2019 ൽ തന്നെ 75 കോടിയോളം ജനങ്ങൾ പോഷകാഹാരക്കുറവിലും പട്ടിണിയിലുമായിരുന്നു. അതായത് ലോകത്തെ പത്തിൽ ഒന്നിലധികം ആളുകൾ ഈ വർഷം പട്ടിണിയിലാകും. മഹാമാരി മൂലം മരിക്കുന്നതിനേക്കാൾ കൂടുതൽ ആളുകൾ പട്ടിണിമൂലം ഈ വർഷം ലോകത്ത് മരിക്കും. ഇത് കൂടുതലും സംഭവിക്കുക തെക്കൻ ഏഷ്യയിലും സബ്സഹാറൻ ആഫ്രിക്കയിലുമായിരിക്കും. യൂറോപ്പിനും അമേരിക്കക്കും പട്ടിണി മരണങ്ങളിൽ നിന്നും പൂർണ മോചനമുണ്ടാവില്ല. അവിടെയും പട്ടിണി മരണങ്ങൾ സംഭവിക്കുമെന്നാണ് റിപ്പോർട്ട്.

## ഇതാണ് മുതലാളിത്തം

കോടാനുകോടി ജനങ്ങൾ ദുരിതത്തിലും പട്ടിണി മരണവും നേരിടുമ്പോൾ ആ അവസരം കൂടി മുതലെടുത്ത് സ്വത്ത് കുന്നുകൂടുന്ന വ്യവസ്ഥയാണ് മുതലാളിത്തം. യുദ്ധ കാലത്തും മഹാമാരിയുടെ കാലത്തും മുതലാളിത്തം തന്നെ സൃഷ്ടിക്കുന്ന സാമ്പത്തിക പ്രതിസന്ധിയുടെ കാലത്തും ഇതാണ് നമുക്ക് കാണാൻ കഴിയുന്നത്. അമേരിക്കയിലെ ലക്ഷങ്ങൾ പങ്കെടുക്കുന്ന കറുത്ത വർഗക്കാരുടെ പ്രതിഷേധം അവരെ പട്ടിണിക്കിടുന്നതിന്റെ, അവരെ വാസ സ്ഥലങ്ങളിൽ നിന്നും പുറത്താക്കുന്നതിനെതിരെ കൂടിയുള്ള പ്രതിഷേധമാണ്. ഈ വ്യവസ്ഥിതിയിൽ കോടാനുകോടി വരുന്ന 99% ത്തിന് നീതി ലഭിക്കില്ല എന്ന് മഹാമാരി കാലത്തെ അനുഭവങ്ങളും വ്യക്തമാക്കുന്നു. പോരാട്ടം മാത്രമാണ് മുന്നോട്ടുള്ള മാർഗം. ●

# കേരള എൻ.ജി.ഒ. യൂണിയൻ ലൈഫ് ഭവനസമുച്ചയം കൈമാറി

തൊഴിലാളികൾക്ക് അവരുടെ അവകാശങ്ങൾ വിലപേശി നേടാൻ സംഘടിതശേഷിയ്ക്കൊപ്പം സമൂഹത്തിന്റെ പിന്തുണയും അത്യന്താപേക്ഷിതമാണ്. അധ്വാനിക്കുന്നവരുടെ സാമൂഹ്യപ്രതിബദ്ധതാപൂർണമായ ഇടപെടലുകളുടെ ഭാഗമാണ് കേരള എൻ.ജി.ഒ. യൂണിയൻ ലൈഫ് പദ്ധതിയിൽ നടത്തിയ ഇടപെടൽ.

വികസനവും ക്ഷേമവും ഏവർക്കും ഉറപ്പുവരുത്തുന്ന 'നവകേരള' നിർമ്മിതി ലക്ഷ്യമാക്കി ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ നടപ്പിലാക്കുന്ന നാല് മിഷനുകളിൽ ഒന്നാണ് ലൈഫ്. സ്വന്തമായി വീടോ, വീട് നിർമ്മിക്കാൻ സ്ഥലമോ ഇല്ലാത്തവർക്ക് വാസയോഗ്യമായ വീട് നിർമ്മിച്ചുനൽകുകയും ഉപജീവനമാർഗ്ഗം ഉറപ്പുവരുത്തുകയും ചെയ്യുന്ന പദ്ധതി. സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന പദ്ധതി പ്രകാരം രണ്ടരലക്ഷത്തോളം വീടുകൾ ഇതിനകം നിർമ്മിച്ച് കൈമാറിക്കഴിഞ്ഞു. ഭവനരഹിതരായ അഞ്ചുലക്ഷത്തിലേറെ പേർക്ക് നിശ്ചിത സമയപരിധിക്കുള്ളിൽ വീട് നിർമ്മിച്ചുനൽകാൻ പൊതുവിഭവ വിനിയോഗം കൊണ്ട് മാത്രം സാധ്യമാകില്ലെന്ന് കണ്ടാണ് ഈ ആവശ്യത്തിന് സുമനസ്സുകളുടെ കൂടി സഹായം അഭ്യർത്ഥിച്ചത്.



2018-ൽ അടിമാലിയിൽ നടന്ന കേരള എൻജി ഒ യൂണിയൻ 55-ാം സംസ്ഥാന സമ്മേളനം ലൈഫ് മിഷൻ പദ്ധതിയുമായി സഹകരിക്കാൻ തീരുമാനിച്ചു. തിരുവനന്തപുരം നഗരസഭ നിർദ്ദേശിച്ച സ്ഥലത്ത് 1.26 കോടി വിനിയോഗിച്ച് സംഘടന 8 കുടുംബങ്ങൾക്കുള്ള ഭവനസമുച്ചയം നിർമ്മിച്ചുനൽകി. സംഘടനാ പ്രവർത്തനത്തിനായി ജീവനക്കാരിൽ നിന്നും സമാഹരിച്ച ഫണ്ടിന്റെ വിഹിതം മാറ്റിവച്ചാണ് നിർമ്മാണം പൂർത്തീകരിച്ചത്. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയാണ് നിർമ്മാണ ചുമതല ഏറ്റെടുത്തത്.

പ്രതിസന്ധികളെ അതിജീവിച്ച് പൂർത്തീകരിച്ച ഭവനസമുച്ചയത്തിന്റെ ഉദ്ഘാടനം സെപ്റ്റംബർ 7 ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിച്ചു. കഴിഞ്ഞ നാല് വർഷവും മഹാമാരിയായും പ്രകൃതി ദുരന്തമായും നാട് നേരിട്ട വെല്ലുവിളികൾ നിരവധിയാണ്. അത്തരം സന്ദർഭങ്ങളിലെല്ലാം നാടിനെ തളരാതെ കാത്ത സംസ്ഥാന സർക്കാരിന് കരുത്താകാൻ സംസ്ഥാന സിവിൽസർവ്വീസിനായി. തകർന്നുപോയ നാടിന്റെ പുനർനിർമ്മാണത്തിനായി ആഹ്വാനം ചെയ്യപ്പെട്ട സാലറി ചലഞ്ച് പോലുള്ള പ്രവർത്തനങ്ങളിലും മഹാഭൂരിപക്ഷം ജീവനക്കാരെയും അണിനിരത്താൻ കേരള എൻജിഒ യൂണിയനായി. സർക്കാരാഫീസുകളിൽ ജനങ്ങൾക്ക് മികച്ച സേവനം ഉറപ്പുവരുത്താൻ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതുണ്ട്. സർക്കാർ ആ നിലയ്ക്ക് പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു.

നാനൂറോളം വില്ലേജ് ഓഫീസുകളുടെ അടിസ്ഥാനസൗകര്യം വർദ്ധിപ്പിക്കാൻ സംഘടനക്കായി. പേരൂർക്കട വില്ലേജ് ഓഫീസിന് എൻ.ജി.ഒ. യൂണിയൻ നിർമ്മിച്ചുനൽകുന്ന പുതിയ കെട്ടിടത്തിന്റെ പണി പുരോഗമിക്കുകയാണ്. മഹാമാരിയെത്തുടർന്ന് വിദ്യാർത്ഥികൾക്കായി ഓൺലൈൻ പഠനം ആരംഭിച്ചപ്പോൾ സൗകര്യം ലഭ്യമല്ലാത്ത കുട്ടികൾക്ക് സഹായഹസ്തവുമായി നാടൊന്നാകെ മുന്നോട്ടുവന്നു. ഇതേ ആവശ്യത്തിന് എൻ.ജി.ഒ. യൂണിയൻ 50 ലക്ഷം രൂപ നൽകി. ●

### മോഡി ഗവൺമെന്റിന്റെ

# തൊഴിൽ നിയമ നശീകരണത്തിനെതിരായ പോരാട്ടം ശക്തിപ്പെടുത്തുക



എൻ. പത്മലോചനൻ

**കേന്ദ്രഗവൺമെന്റും ബിജെപി അനുകൂല സംസ്ഥാന ഗവൺമെന്റുകളും കോവിഡ് മഹാമാരിയുടെ മറവിൽ എല്ലാ തൊഴിൽ നിയമങ്ങളും തൊഴിലാളിവിരുദ്ധമായി മാറ്റിഎഴുതുകയാണ്. തൊഴിൽ സമയം വർദ്ധിപ്പിക്കുക, വേതനം വെട്ടികുറയ്ക്കുക, സാമൂഹ്യസുരക്ഷ ആനുകൂല്യങ്ങൾ ഒഴിവാകുക, പിരിച്ചുവിടലിന് മുതലുടമക്ക് നിയമപരമായി അധികാരം നൽകുക, കരാർ തൊഴിൽ പ്രോത്സാഹിപ്പിക്കുക, ട്രേഡ് യൂണിയൻ സംഘടന സ്വാതന്ത്ര്യം നിഷേധിക്കുക , പരിമിതപ്പെടുത്തുക എന്നിങ്ങനെ കടുത്ത ആക്രമണമാണ് ഇന്ത്യൻ തൊഴിലാളവർഗ്ഗത്തിനെതിരെ ബിജെപി ഭരണം നടത്തികൊണ്ടിരിക്കുന്നത്. .**

ഇന്ത്യ ഗവൺമെന്റിന്റെ തൊഴിൽ കാര്യ മന്ത്രാലയം 2020ൽ പുതിയ "വേജ് കോഡ് 2019" ന്റെ ചട്ടങ്ങൾ പ്രസിദ്ധീകരിക്കുകയുണ്ടായി. 2015 ൽ ബി.ജെ.പി. നേതൃത്വത്തിൽ മോഡി അധികാരത്തിൽ വന്നതോടുകൂടി തൊഴിൽ നിയമങ്ങളും തൊഴിൽ അവകാശങ്ങളും നിഷേധിക്കാനുള്ള നടപടികൾ ആരംഭിച്ചു. ഇന്ത്യയിൽ ദേശീയ തലത്തിലുള്ള 44 തൊഴിൽ നിയമങ്ങൾക്കും സംസ്ഥാനങ്ങളിൽ പ്രാബല്യത്തിലുള്ള 100 ൽ പരം സംസ്ഥാന തൊഴിൽ നിയമങ്ങൾക്കും പകരം 4 ലേബർ കോഡുകൾക്ക് രൂപം നൽകി.

1. വേജ് കോഡ് 2. ഇൻഡസ്ട്രിയൽ റിലേഷൻസ് കോഡ് 3. സോഷ്യൽ സെക്യൂരിറ്റി കോഡ്, 4. ഒക്ക്യുപേഷണൽ സേഫ്റ്റി ആന്റ് പേഴ്സണൽ സേഫ്റ്റി, ഹെൽത്ത് ആന്റ് വർക്കിംഗ് കണ്ടീഷൻ കോഡ്. ഇതിൽ വിചിത്രമായിട്ടുള്ളത് ഈ മാറ്റം ജനാധിപത്യ വിരുദ്ധ മാർഗ്ഗത്തിലൂടെ സ്വേചരാധിപത്യപരമായി ഓർഡിനൻസുകൾ വഴി നടപ്പിൽ വരുത്തുക എന്നതായിരുന്നു മോഡി ഗവൺമെന്റിന്റെ കാഴ്ചപ്പാട്. ഇന്ത്യൻ ലേബർ കോൺഫ്രൻസുകൾ വഴിയും മറ്റ് രീതിയിയിൽ തൃകക്ഷിസമിതികൾ (ലേബർ - എംപ്ലോയർ - ഗവൺമെന്റ്) ചർച്ച ചെയ്ത് ഈ വിഷയങ്ങളിൽ തീരുമാനം എടുക്കാൻ മോഡി ഗവൺമെന്റ് തയ്യാറായില്ല. എന്നാൽ സംഘടിത തൊഴിലാളി പ്രസ്ഥാനത്തിന്റേയും ഇടതു ജനാധിപത്യ പ്രസ്ഥാനത്തിന്റേയും ശക്തമായ എതിർപ്പിന്റെ ഫലമായി വേജ് കോഡ് ഒഴികെ മറ്റ് കോഡ് ഒന്നും പാർലമെന്റ് വേദിയിൽ അംഗീകരിപ്പിയ്ക്കാൻ മോഡി ഗവൺമെന്റിന് കഴിഞ്ഞിരുന്നില്ല. അംഗീകരിപ്പിക്കാൻ കഴിഞ്ഞത് വേജ് കോഡ് മാത്രമാണ്. അതാണിപ്പോൾ "വേജ് കോഡ് 2019" എന്ന രൂപത്തിൽ 2020 ജൂലൈ 7 ന് കരട് രൂപത്തിൽ പ്രസിദ്ധീകരിച്ചിരിക്കുന്നത്.

പുതിയ വേജ് കോഡ് നിലയിൽ വരുന്നതോടുകൂടി താഴെ സൂചിപ്പിക്കുന്ന നിയമങ്ങളും അവയുമായി ബന്ധപ്പെട്ട ചട്ടങ്ങളും ഫലത്തിൽ നിരാകരിയ്ക്കപ്പെടുന്നതാണ്. അവയ്ക്ക് ഭാവിയിൽ യാതൊരു നിയമ പ്രാബല്യവും ഉണ്ടായിരിയ്ക്കുന്നതല്ല എന്ന് വേജ് കോഡിന്റെ പ്രഖ്യപനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. . താഴെപറയുന്ന നിയമങ്ങളും ചട്ടങ്ങളുമാണ് ഫലത്തിൽ ഇല്ലാതാകുന്നത്.

1. മിനിമം വേജസ് ചട്ടങ്ങൾ
2. പേയ്മെന്റ് ഓഫ് വേജസ്, ചട്ടങ്ങൾ 2009
3. മിനിമം വേജസ്, കേന്ദ്രചട്ടങ്ങൾ 1950
4. മിനിമം വേജസ്, കേന്ദ്ര ഉപദേശക സമിതി, ചട്ടങ്ങൾ 2011
5. വിവിധ തൊഴിൽ വേതന ചട്ടങ്ങൾ 2017
6. തുല്യവേതന നിയമം 1976

മിനിമം വേജസ് ആക്റ്റിൻ പടിയുള്ള എല്ലാ വ്യവസ്ഥകളുടെയും പ്രയോഗത്തിൽ വരുത്തൽ

7. പേയ്മെന്റ് ഓഫ് ബോണസ്സ് ആക്ട്, ചട്ടങ്ങൾ 1975
8. ഈക്വൽ റമ്യൂണറേഷൻ ആക്ട് , ചട്ടങ്ങൾ
9. ഈക്വൽ റമ്യൂണറേഷൻ ചട്ടങ്ങളുടെ 1991 ലെ അഡ്വൈസറി കമ്മിറ്റി

മുകളിൽ സൂചിപ്പിച്ച നിയമങ്ങളും ചട്ടങ്ങളും ഉപദേശക സമിതികളും നിർവീര്യമാക്കി അതിനു പകരം കൊണ്ടു വരുന്ന വേജ് കോഡിനെ പറ്റിയുള്ള എതിർപ്പുകളും നിർദ്ദേശങ്ങളും ഏത് വ്യക്തിയിൽനിന്നും 45ദിവസത്തിനകം ഗവൺമെന്റിന്റെ പരിഗണനയ്ക്ക് ലഭിയ്ക്കേണ്ടതാണ്. അവ കൂടി പരിശോധിച്ച് അവസാന രൂപം പ്രസിദ്ധീകരിയ്ക്കുന്നതാണ്. ഈ വിഷയത്തെപ്പറ്റി ഇന്ത്യയിലെ ട്രേഡ് യൂണിയൻ കേന്ദ്ര സംഘടനകൾ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയും വേജ് കോഡ് പിൻവലിയ്ക്കണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളതുമാണ്.

മോഡിക്ക് അധികാരത്തിൽ തുടരാൻ രണ്ടാമത് ലഭിച്ച അവസരം കേവിഡ് 19 പ്രതിരോധത്തിൽ ജനങ്ങളുടെ മുഴുവൻ ശ്രദ്ധകേന്ദ്രീകരിച്ചിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ ഇന്ത്യയിലെ എല്ലാ തൊഴിൽ നിയമങ്ങളും തൊഴിൽ അവകാശങ്ങളും നിഷേധിയ്ക്കാനുള്ള അവസരമായി കൈകാര്യം ചെയ്തു തുടങ്ങിയതിന്റെ ശക്തമായ സൂചനയാണ് പുതിയ വേജ് കോഡ് പേയ്മെന്റ് ഓഫ് വേജസ്, മിനിമം വേജസ്, പേയ്മെന്റ് ഓഫ് ബോണസ്, ഈക്വൽ റമ്യൂണറേഷൻ എന്നിവയുമായി ബന്ധപ്പെട്ട എല്ലാ ദേശീയ നിയമങ്ങളും അവയുമായി ബന്ധപ്പെട്ട ചട്ടങ്ങളും, പ്രസ്തുത വിഷയത്തിൽ സംസ്ഥാന ഗവൺമെന്റുകൾ പാസ്സാക്കി നടപ്പിലാക്കികൊണ്ടിരിക്കുന്ന നിയമങ്ങളും ചട്ടങ്ങളും, മുകളിൽ സൂചിപ്പിച്ച കേന്ദ്ര നിയമങ്ങളുമായി ബന്ധപ്പെട്ടു സംസ്ഥാന ഗവൺമെന്റുകൾ ചട്ടങ്ങളും പുതിയ വേജ് കോഡിലെ വ്യവസ്ഥകൾ വഴി നിലവിൽ ഇല്ലാതാകുന്നു.

വേജ് കോഡ് മൂലം നിർവീര്യമാക്കപ്പെടുന്ന തൊഴിൽ നിയമങ്ങളുമായി ബന്ധപ്പെട്ടും മറ്റ് കേന്ദ്ര തൊഴിൽ നിയമങ്ങളുമായി ബന്ധപ്പെട്ടും കേരള ഗവൺമെന്റ് ചട്ടങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്. 4 ലേബർ കോഡും പ്രാബല്യത്തിൽ വന്നാൽ ഇവയ്ക്കൊന്നും പിന്നെ നിയമ പ്രാബല്യമില്ല. ഇവ കൂടാതെ കാർഷിക മേഖലയുമായി ബന്ധപ്പെട്ടും ചുമട്ട് തൊഴിലാളി മേഖലയുമായി ബന്ധപ്പെട്ടും വെൽഫെയർ മേഖലയുമായി ബന്ധപ്പെട്ടും 6 നിയമങ്ങളും അവയുടെ ചട്ടങ്ങളും കേരള ഗവൺമെന്റ് രൂപം നൽകി കേരളത്തിൽ നടപ്പിലാക്കി വരുന്നുണ്ട്. ഇതു കൂടാതെയും മറ്റ് തൊഴിൽ വിഭാഗങ്ങളെ ബാധിക്കുന്ന 10 തൊഴിൽ നിയമങ്ങളും ചട്ടങ്ങളും രൂപം നൽകി കേരളത്തിൽ നടപ്പിൽ വരുത്തികൊണ്ടിരിക്കുന്നു. ഇവയെല്ലാം 4 ലേബർ കോഡുകൾ പ്രാബല്യത്തിൽ വന്നാൽ നിയമ പ്രാബല്യം ഇല്ലാത്തവയായി തീരുന്നു. തൊഴിൽ നിയമങ്ങളുടെ നിർവ്വഹണത്തിൽ മുതലുടമകൾ (പൊതുമേഖലയും, സ്വകാര്യമേഖലയും) എത്രകണ്ടു പാലിയ്ക്കുന്നുവെന്ന് സ്ഥാപനങ്ങളിൽ കടന്നു പരിശോധിയ്ക്കാനും കുറവുകൾ നികത്താൻ മാനേജ്മെന്റിനോട് ആവശ്യപ്പെടാനും പരിഹാരം കാണാൻ കഴിയാത്ത പക്ഷം പരിശോധന റിപ്പോർട്ട് ലേബർ കമ്മീഷണർ തലത്തിൽ അറിയിക്കാനും അതുപോലെ തന്നെ നിയമനിഷേധത്തിനെതിരെ തൊഴിലാളികളും, തൊഴിലാളി സംഘടനകളും നൽകുന്ന പരാതികളും ലേബർ കമ്മീഷണർ ലവലിൽ അറിയിക്കാനും ഗസറ്റഡ് പദവിയിൽ ലേബർ ഇൻസ്പെക്ടർ എന്നൊരു ഉദ്യോഗസ്ഥനെ നിയമപ്രകാരം നിയമിയ്ക്കാനും




**വേജ് കോഡ് മൂലം നിർവീര്യമാക്കപ്പെടുന്ന തൊഴിൽ നിയമങ്ങളുമായി ബന്ധപ്പെട്ടും മറ്റ് കേന്ദ്ര തൊഴിൽ നിയമങ്ങളുമായി ബന്ധപ്പെട്ടും കേരള ഗവൺമെന്റ് ചട്ടങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്. 4 ലേബർ കോഡും പ്രാബല്യത്തിൽ വന്നാൽ ഇവയ്ക്കൊന്നും പിന്നെ നിയമ പ്രാബല്യമില്ല. ഇവ കൂടാതെ കാർഷിക മേഖലയുമായി ബന്ധപ്പെട്ടും ചുമട്ട് തൊഴിലാളി മേഖലയുമായി ബന്ധപ്പെട്ടും വെൽഫെയർ മേഖലയുമായി ബന്ധപ്പെട്ടും 6 നിയമങ്ങളും അവയുടെ ചട്ടങ്ങളും കേരള ഗവൺമെന്റ് രൂപം നൽകി കേരളത്തിൽ നടപ്പിലാക്കി വരുന്നുണ്ട്.**

നിയമത്തിൽ ഇന്ന് വ്യവസ്ഥയുണ്ട്. എന്നാൽ പുതിയ വേജ് കൊഡിൽ ഇൻസ്പെക്ടർ കം ഫെസിലിറ്റേറ്റർ എന്ന പദവിയിലുള്ള ഒരു ഉദ്യാഗസ്ഥനെ ഇന്ത്യാഗവൺമെന്റ് നോട്ടിഫിക്കേഷൻ വഴി നിയമിക്കുന്നതാണ്. നിയമം നടപ്പിലാക്കുന്നതിൽ മുതലുടമകൾക്ക് ഉള്ള പ്രതിഷേധവും അഭിപ്രായ വ്യത്യാസവും അതുപോലെ തന്നെ തൊഴിലാളികൾക്കും തൊഴിലാളി യൂണിയനുകൾക്കുമുള്ള അഭിപ്രായ വ്യത്യാസവും കേന്ദ്ര ലേബർ കമ്മീഷണേഴ്സിനെ അറിയിക്കാനുള്ള അധികാരം മാത്രമേ ഇൻസ്പെക്ടർ കം ഫെസിലിറ്റേറ്റർക്ക് ഉള്ളൂ. ഫലത്തിൽ മുതലുടമയുടെ ഒരു ഉപകരണമായി പ്രവർത്തിക്കുക എന്നത് മാത്രമാണ് ഇൻസ്പെക്ടർ കം ഫെസിലിറ്റേറ്റർക്കുള്ള ചുമതല.

മിനിമം വേജ് നിശ്ചയിക്കുന്നതിൽ വകുപ്പ് (7 വഴി ) കുട്ടികളുടെ വിദ്യാഭ്യാസം ആരോഗ്യ സംരക്ഷണത്തിലുള്ള വൈദ്യശാസ്ത്രപരമായ ചെലവ്, മറ്റ് വിനോദങ്ങൾ എന്നിവയ്ക്കായി മിനിമം കൂലിയിൽ 25% വർദ്ദനവ് കൂടി അനുവദിയ്ക്കുന്ന ഒരു വ്യവസ്ഥ പുതിയതായി ലേബർ കോഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതാകട്ടെ തൊഴിലാളികളെ പ്രതിനിധീകരിച്ച് യൂണിയൻ സെക്രട്ടറിയും റെപ്റ്റാക്കോ ബ്രഡ്മാനേജ്മെന്റും തമ്മിലുള്ള കേസിൽ 1992 എ.ഐ.ആർ 504 ൽ ബഹു. സുപ്രീം കോടതി വിധിപ്രകാരം കുട്ടികളുടെ വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം വിനോദപരമായ ആവശ്യങ്ങൾ എന്നിവയ്ക്ക് മിനിമം വേതനം 25% കൂടി വർദ്ധിപ്പിയ്ക്കാനുണ്ടായ വിധിയുടെ അടിസ്ഥാനത്തിലാണ് മിനിമം വേജ് നിർണ്ണയിക്കാനുള്ള വ്യവസ്ഥകളിൽ വകുപ്പ് (7) കൂടി വേജ് കോഡിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇത് തികച്ചും സ്വീകാര്യവും അഭിനന്ദനാർഹവുമാണ്. എന്നാൽ സ്ത്രീകൾക്കുള്ള വേജ് നിർണ്ണയത്തിൽ ഭക്ഷണത്തിനുള്ള ചെലവും വസ്ത്രത്തിനുള്ള ചെലവും വീടു വാടകയ്ക്കുള്ള ചെലവും മാത്രമേ വേജ് കോഡ് സൂചിപ്പിച്ചിട്ടുള്ളൂ മറ്റ് എന്തെങ്കിലും ചേർക്കണമെന്നുണ്ടെങ്കിൽ മിനിമം വേജ് നിശ്ചയിക്കാൻ രൂപീകരിയ്ക്കുന്ന കമ്മറ്റിക്കും ഗവൺമെന്റിനും പരിഗണിയ്ക്കാവുന്നതാണെന്നും സൂചിപ്പിച്ചിട്ടുണ്ട്.

മിനിമം വേജ് നിർണ്ണയത്തിൽ പരിഗണിക്കുന്ന വിഷയം എന്ന നിലയിൽ രാജ്യത്തെ മുഴുവൻ തൊഴിലാളികളേയും നൈപുണ്യം ആവശ്യമില്ലാത്ത തൊഴിലുകൾ (അൺ സ്കിൽഡ് ) (പൂർണ്ണ നൈപുണ്യം ആവശ്യമില്ലാത്ത തൊഴിലുകൾ) (സെമി സ്കിൽഡ് ) പൂർണ്ണ നൈപുണ്യം ആവശ്യമുള്ള (സ്കിൽഡ്) ഉയർന്ന നൈപുണ്യം ആവശ്യമുള്ള (ഹൈലി സ്കിൽഡ്) എന്നിങ്ങനെ നാലായി തിരിച്ചിരിക്കുന്നു. ഇതാകട്ടെ വൈദഗ്ധ്യം ആവശ്യമില്ലാത്തവ ദേശീയ തലത്തിൽ 123 തൊഴിലുകളും ഭാഗീക നൈപുണ്യമുള്ളത്. 127 തൊഴിലുകളും പൂർണ്ണ നൈപുണ്യമുള്ള 320 തൊഴിലുകളും ഉയർന്ന നൈപുണ്യമുള്ള 111 തൊഴിലുകളും തൊഴിലിന്റെ പേര് സഹിതം ഈ വേജ് കോഡിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ഈ വിഷയത്തിൽ നിലവിലുള്ള സമ്പ്രദായം, നൈപുണ്യ നിലവാരം മാനേജ്മെന്റുകളാണ് വസ്തുതകളുടെ അടിസ്ഥാനത്തിൽ തീരുമാനിക്കുക. അതിൽ പാകപ്പിഴ ഉള്ളപക്ഷം തൊഴിലാളികൾക്കും യൂണിയനുകൾക്കും അത് ചൂണ്ടികാണിയ്ക്കുന്നതിനും ചർച്ചകൾ വഴി പരിഹരിക്കുന്നതിനുള്ള സംവിധാനമാണ് ഇന്ന് രാജ്യത്ത് നിലവിലുള്ളത്. ഈ വിഷയത്തിൽ തർക്കങ്ങൾ അവ ശേഷിയ്ക്കുന്ന പക്ഷം വിദഗ്ധ വ്യക്തികളുടെയും തൊഴിൽ വകുപ്പിന്റേയും സഹായത്തോടുകൂടി വസ്തുതകൾ പരിശോധിച്ച് പരിഹാരം കാണുകയുമാണ് നിലവിലുള്ള സമ്പ്രദായം. എന്നാൽ വേജ് കോഡിൽ പറയുന്നതുപോലെ എല്ലാ തൊഴിലുകളേയും നൈപുണ്യ നിലവാരത്തിൽ വിഭജിച്ച് പേര് സഹിതമുള്ള പ്രസിദ്ധീകരണം ഒരു ഉപദേശക രൂപത്തിൽ സ്വീകരിക്കുന്നതിന് പകരം ചട്ടപ്രകാരമുള്ള മിനിമം വേജ് നിർണ്ണയത്തിനുള്ള വ്യവസ്ഥ ആയതിനാൽ തൊഴിൽ മേഖലയിൽ വലിയ അസ്വസ്ഥതകൾക്ക് ഈ വിലയിരുത്തൽ വഴിതെളിയ്ക്കുന്നതാണ്.

ഇതു കൂടാതെ രാജ്യത്തെ തന്നെ മിനിമം വേജ് നിശ്ചയിക്കുന്ന കാര്യത്തിൽ മഹാനഗരങ്ങൾ (Metropolitan Area) അല്ലാത്ത നഗരങ്ങൾ (Non Metro Politans Area) ഗ്രാമ പ്രദേശങ്ങൾ (Rural) എന്നിങ്ങനെ മൂന്നായി തിരിച്ചിരിക്കുന്നു. 40 ലക്ഷത്തിൽ അധികം ജനസംഖ്യയുള്ളത് മഹാനഗരങ്ങളുടെ പട്ടികയിലും 10 ലക്ഷത്തിനും 40 ലക്ഷത്തിനും ഇടയിൽ ജനസംഖ്യ ഉള്ളത് മഹാനഗരങ്ങൾ അല്ലാത്ത നഗരങ്ങൾ എന്നു പട്ടികയിലും മഹാനഗരങ്ങളുടേയും മഹാനഗരങ്ങൾ അല്ലാത്ത നഗരങ്ങൾ എന്ന പട്ടികയിലും വരാത്തത് (Rural area) ഗ്രാമ പ്രദേശങ്ങൾ എന്നും തിരിച്ചിരിക്കുന്നു.

മിനിമം വേജ് നിർണ്ണയത്തിനുള്ള ഈ നിർദ്ദേശങ്ങൾ രാജ്യത്ത് ഇന്ന് നിലവിലുള്ള തൊഴിലാളി തൊഴിലുടമ ബന്ധനങ്ങളിൽ വലിയ പ്രത്യാഖാദങ്ങൾ സൃഷ്ടിക്കുന്നതാണ്.

അവശേഷിക്കുന്ന 3 ലേബർ കോഡുകളും പാർലമെന്റിന്റെ വർഷക്കാല സമ്മേളനത്തിൽ അവതരിപ്പിച്ചേക്കുമെന്ന് സൂചനയുണ്ട്. ഇവ നേരത്തെ അവതരിപ്പിച്ചപ്പോൾ പല വ്യവസ്ഥകളിലും പ്രതിപക്ഷ കക്ഷികളും കേന്ദ്ര ട്രേഡ് യൂണിയനുകളും ശക്തമായ പ്രതിഷേധം പ്രകടിപ്പിച്ചതിനാൽ പാർലമെന്റിന്റെ സ്ഥിരം സമിതിയ്ക്ക് വിട്ടിരുന്നു. വ്യവസായ ബന്ധചട്ടം, സാമൂഹ്യ സുരക്ഷ ചട്ടം, തൊഴിലിടങ്ങളിലെ സുരക്ഷ ചട്ടം എന്നിവ 9/08/2020 കൂടി മന്ത്രി സഭായോഗം അംഗീകരിച്ചു. 4 ചട്ടങ്ങളിൽ മിനിമം വേതനം ചട്ടം കഴി

ഞ്ഞവർഷം പാർലമെന്റ് പാസ്സാക്കി അത് ഉടൻ നടപ്പിൽ വരുത്തും.

ട്രേഡ് യൂണിയനുകൾക്കും സമരങ്ങൾക്കും നിയന്ത്രണവും സംസ്ഥാനങ്ങൾക്ക് ആവശ്യാനുസരണം തൊഴിൽ നിയമങ്ങളിൽ മാറ്റം വരുത്താൻ അവകാശവും വ്യവസായ ബന്ധ ചട്ടത്തിലുണ്ട്. സാമൂഹ്യ സുരക്ഷ ചട്ടത്തിൽ ഇതര സംസ്ഥാന തൊഴിലാളികളെ ഉൾപ്പെടുത്തും. കരാർ ജീവനക്കാർ പ്ലാന്റേഷൻ തൊഴിലാളികൾ, ദൃശ്യ ശ്രാവ്യ മേഖലകളിലെ കരാർ തൊഴിലാളികൾ എന്നിവർക്കും ആനുകൂല്യങ്ങൾ ഉറപ്പാക്കാൻ വ്യവസ്ഥകൾ കരട് നിയമത്തിൽ ഉണ്ടായിരിക്കും. തൊഴിലിടങ്ങളിൽ വനിതകൾക്ക് കൂടുതൽ സൗകര്യങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട് പക്ഷേ ഇവയെല്ലാം കാബിനറ്റിന്റെ അംഗീകാരത്തിന് വരുമ്പോൾ തലകീഴായി മറിയ്ക്കപ്പെടുമെന്നതിൽ ഒരു സംശയവും വേണ്ട. അങ്ങനെ വിശ്വസിക്കാൻ നമ്മെ പ്രേരിപ്പിക്കുന്ന മറ്റൊരു മോഡി ഗവൺമെന്റിന്റെ നീക്കമാണ് പ്രോവിഡഫണ്ട് പദ്ധതി അട്ടിമറിയിക്കാൻ നടത്തിയ നീക്കം.

എംപ്ലോയീസ് പ്രോവിഡണ്ട് ഫണ്ടിന്റെ (ഇ.പി.എഫ്) സാമൂഹ്യ സുരക്ഷ സ്വഭാവം ഇല്ലാതാക്കാൻ നടത്തുന്ന ശ്രമം കോവിഡ് മഹാമാരി മറയാക്കി. തൊഴിലാളികൾ പോരാടി നേടിയ എല്ലാ അവകാശങ്ങളും റദ്ദാക്കുമെന്ന വാശിയിലാണ് മോഡി സർക്കാരിന്റെ നിലപാടെന്ന് വ്യക്തമാക്കുന്നു. ഇ.പി.എഫ് പെൻഷൻ പദ്ധതിയുടെ സാമൂഹ്യ സുരക്ഷ സ്വാഭാവം ഇല്ലാതാക്കി അതിനെ നാഷണൽ പെൻഷൻ പദ്ധതിക്ക് (എൻപിഎസ്) സമാനമാക്കി ഓഹരി വിപണിയുടെ ചാഞ്ചാട്ടത്തിന് എറിഞ്ഞു കൊടുക്കാനാണ് മോഡി ഗവൺമെന്റിന്റെ നീക്കം. ഇ.പി.എഫ് ബോർഡ് യോഗത്തിൽ സിഐടിയു, എഐടിയുസി സംഘടനകൾ ശക്തമായ എതിർപ്പ് രേഖപ്പെടുത്തിയതു മൂലം വിഷയം അടുത്ത ബോർഡ് യോഗത്തിലേക്ക് മാറ്റിയെന്ന് മാത്രം.

കൂടുതൽ വിഹിതം നിക്ഷേപിക്കുന്നവർക്ക് കൂടുതൽ പെൻഷൻ നൽകുമെന്ന് പറഞ്ഞ് ഇ.പി.എഫ് ബോർഡിന്റെ ഓൺലൈൻ യോഗത്തിൽ കൊണ്ടു വന്ന നിർദ്ദേശങ്ങൾ തീർത്തും തൊഴിലാളി വിരുദ്ധവും പെൻഷൻ പദ്ധതിയുടെ അന്തസത്തക്ക് നിരക്കാത്തതുമാണ്. പെൻഷൻ ഫണ്ട് ഒറ്റ അക്കൗണ്ട് ആയി പരിഗണിച്ച് അതിൽ നിന്നുള്ള വരുമാനം ഉപയോഗിച്ച് പെൻഷൻ നൽകുന്ന രീതി ഉപേക്ഷിച്ച് വ്യക്തിഗത പെൻഷൻ അക്കൗണ്ട് ഏർപ്പെടുത്തുക എന്നതാണ് പ്രധാന നിർദ്ദേശം. വ്യക്തിഗത അക്കൗണ്ടിൽ കൂടുതൽ തുക നിക്ഷേപിക്കുന്നവർക്ക് ഉയർന്ന പെൻഷൻ ലഭിയ്ക്കുമെന്ന് പ്രലോഭിപ്പിച്ച് ഈ പണം ഓഹരി വിപണിയിൽ ഇറക്കും. ഇതോടെ രാജ്യത്തെ 65 വയസ്സ് വരെയുള്ള ഏത് പൗരനും ചേരാവുന്ന നാഷണൽ പെൻഷൻ സ്കീമിന് സമാനമാകും ഇ.പി.എഫ് പെൻഷൻ പദ്ധതി. 65 വയസ്സാകുമ്പോൾ ഓഹരി വിപണിയിലെ ഓഹരി മൂല്യമനുസരിച്ചായിരിക്കും പെൻഷൻ ലഭിക്കുക. ഓഹരിവിപണി നിയന്ത്രിക്കുന്ന വൻകിട ഫണ്ട് മാനേജിംഗ് കമ്പനികൾക്ക് തൊഴിലാളികളുടെ പണം ഉപയോഗിച്ച് ലാഭം കൊയ്യാൻ അവസരം ഒരുക്കുകയാണ് പ്രധാന ലക്ഷ്യം. ഒന്നാം മോഡി ഗവൺമെന്റിന്റെ കാലത്ത് ശക്തമായ എതിർപ്പ് കാരണം മാറ്റിവച്ച നിർദ്ദേശങ്ങൾ ഓൺലൈൻ കോൺഫറൻസിൽ പാസാക്കി എടുക്കാനായിരുന്നു ശ്രമം.

തൊഴിലാളികളുടെ ശമ്പളത്തിന് ആനുപാതികമായി പെൻഷൻ നൽകണമെന്ന കോടതി ഉത്തരവ് നടപ്പിലാക്കാത്ത മോഡി സർക്കാരാണ് ഉയർന്ന പെൻഷന്റെ പേര് പറഞ്ഞ് പ്രലോഭിപ്പിക്കുന്നത്. തൊഴിലാളികളുടെ പരമാവധി ശമ്പളം 15000/ രൂപ എന്ന് കണക്കാക്കിയാണ് ഇപ്പോൾ ഇ.പി.എഫ്പെൻഷൻ അനുവദിക്കുന്നത്. യഥാർത്ഥ വേതനത്തിന് ആനുപാതികമായി ഇ.പി.എഫ് പെൻഷൻ നൽകണമെന്ന് 2018 ൽ ബഹു കേരള ഹൈക്കോടതി വിധിച്ചു. ഇതിനെതിരായ അപ്പീൽ സുപ്രീം കോടതി തള്ളി. വിധി നടപ്പാക്കത്തതിനെതിരെ കോടതിയിൽ നിന്നും അനകൂല വിധി നേടിയവർക്ക് പോലും ഉയർന്ന പെൻഷൻ നൽകാൻ തയ്യാറായിട്ടില്ല. വിധിയ്ക്കെതിരെ കേന്ദ്രസർക്കാർ സുപ്രീംകോടതിയെ സമീപിച്ചിരിക്കുകയാണ്. ഇതിന്റെ വിധി വരുന്നതുവരെ പെൻഷൻ തടഞ്ഞിരിക്കുകയാണ്.

കേന്ദഗവൺമെന്റും ബിജെപി അനുകൂല സംസ്ഥാന ഗവൺമെന്റുകളും കോവിഡ് മഹാമാരിയുടെ മറവിൽ എല്ലാ തൊഴിൽ നിയമങ്ങളും തൊഴിലാളി വിരുദ്ധമായി മാറ്റി എഴുതുകയാണ്. തൊഴിൽ സമയം വർദ്ധിപ്പിക്കുക, വേതനം വെട്ടികുറയ്ക്കുക, സാമൂഹ്യസുരക്ഷ ആനുകൂല്യങ്ങൾ ഒഴിവാകുക, പിരിച്ചുവിടലിന് മുതലുടമക്ക് നിയമപരമായി അധികാരം നൽകുക, കരാർ തൊഴിൽ പ്രോത്സാഹിപ്പിക്കുക, ട്രേഡ് യൂണിയൻ സംഘടന സ്വാതന്ത്ര്യം നിഷേധിക്കുക , പരിമിതപ്പെടുത്തുക എന്നിങ്ങനെ കടുത്ത ആക്രമണമാണ് ഇന്ത്യൻ തൊഴിലാളിവർഗ്ഗത്തിനെതിരെ ബിജെപി ഭരണം നടത്തികൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമായി മാത്രമേ വേജ് കോഡിനെ കാണാൻ പാടുള്ളു. വേജ് കോഡിനെ സമ്പൂർണ്ണമായി തള്ളികളയുവാനുള്ള പോരാട്ടത്തിൽ മുഴുവൻ തൊഴിലാളി സംഘടനകളേയും തൊഴിലാളികളേയും പുരോഗമന ജനാധിപത്യ പ്രസ്ഥാനങ്ങളേയും അണിനിരത്തുകയാണ് നമ്മുടെ കൂട്ടായ്മയെന്ന് ഓർമ്മപ്പെടുത്തികൊള്ളട്ടെ.●

# തൊഴിലാളികളെ പിഴുതെറിയൽ എരിതീയിൽ എണ്ണ പകരൽ...



**സജി വർഗ്ഗീസ്**

**ബാങ്കിംഗ് മേഖലയിൽ വി.ആർ.എസ്. നടപ്പിലാക്കുന്നതോടെ തൊഴിലാളി സംഘടനകൾ ദുർബ്ബലമാക്കപ്പെടും. അതോടെ സ്വകാര്യവൽക്കരണ പ്രക്രിയ എളുപ്പമായിത്തീരും. സ്ഥിരജീവനക്കാരെ കുറയ്ക്കുക എന്ന ഗൂഢലക്ഷ്യത്തോടെയാണ് ബാങ്ക് ഇത്തരമൊരു പദ്ധതിയുമായി മുന്നോട്ടു പോകുന്നത്. അതിനായി അമേരിക്കയുടെയും, നാണയനിധിയുടെയും, ലോകബാങ്കിന്റെയുമൊക്കെ വലിയ സമ്മർദ്ദമാണുള്ളത്.**

മോദി സർക്കാരിന്റെ ജനവിരുദ്ധ നയങ്ങളുടെ ഫലമായി കോവിഡിനു മുമ്പേ ആരംഭിച്ച സാമ്പത്തികമാന്ദ്യം വളരെ ഗുരുതരാവസ്ഥയിലേക്ക് കടന്നിരിക്കുന്നു. 2020 ജൂൺ മാസത്തിലവസാനിച്ച ആദ്യ പാദത്തിൽ ജി.ഡി.പി. വളർച്ച 23.9 ശതമാനമാണ് ഇടിഞ്ഞിരിക്കുന്നത്. 40 വർഷക്കാലത്തിനുള്ളിൽ ഇത്രയും തീഷ്ണമായ ഒരു പ്രതിസന്ധിയെ രാജ്യം അഭിമുഖീകരിച്ചിട്ടില്ല.

ജനങ്ങളുടെ വാങ്ങൽശേഷിയിടിഞ്ഞതു കാരണം വ്യാപാര, സേവന, വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. തൊഴിലാളികളുടെ കൂലി കുറയുകയും തൊഴിൽ നഷ്ടമാവുകയുമാണ്. കോവിഡ് മഹാമാരി വ്യാപിച്ചതിനെ തുടർന്ന് മാർച്ച് മാസത്തിനും ജൂലൈ മാസത്തിനുമിടയിൽ 1.8 കോടി പേർക്ക് തൊഴിൽ നഷ്ടമായതായി സെന്റർ ഫോർ മോണിട്ടറിംഗ് ഇന്ത്യൻ ഇക്കണോമിയുടെ പഠനം ചൂണ്ടിക്കാട്ടുന്നു. ജൂലൈ മാസത്തിൽ മാത്രം 50 ലക്ഷത്തോളം പേർക്കാണ് തൊഴിൽ നഷ്ടമായത്. കാർഷിക മേഖലയും, നിർമ്മാണ മേഖലയും സ്തംഭനാവസ്ഥയിലാണ്. വ്യോമയാനം, ഓട്ടോമൊബൈൽ, ട്രാൻസ്പോർട്ട്, ടൂറിസം, ഹോട്ടൽ, വിനോദം തുടങ്ങിയ മേഖലകൾ വലിയ തോതിൽ പ്രതിസന്ധിയെ അഭിമുഖീകരിക്കുന്നതു കാരണം തൊഴിലാളികളെ പിരിച്ചുവിടുകയാണ്. തൊഴിൽ നഷ്ടമായവരിൽ 41 ലക്ഷം ചെറുപ്പക്കാരുണ്ടെന്ന് അന്താരാഷ്ട്ര തൊഴിൽ സംഘടന ചൂണ്ടിക്കാട്ടുന്നു.

തൊഴിൽ നഷ്ടമായവരിൽ മാസശമ്പളം വാങ്ങുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നതായി സെന്റർ ഫോർ മോണിട്ടറിംഗ് ഇന്ത്യൻ ഇക്കണോമിയും ചൂണ്ടിക്കാട്ടുന്നു. പ്രതിമാസ ശമ്പളം വാങ്ങുന്നവരുടെ ജോലികൾ സാധാരണ പെട്ടെന്ന് നഷ്ടമാകാറില്ല. അവർക്ക് തൊഴിൽ നഷ്ടമായാൽ വീണ്ടും തിരികെ കിട്ടാൻ ബുദ്ധിമുട്ടാണ് താനും. കഴിഞ്ഞ സാമ്പത്തിക വർഷത്തെ (2019-2020) അപേക്ഷിച്ച് മാസശമ്പളം വാങ്ങുന്ന ജോലികൾ ഈ വർഷം 22 ശതമാനം കുറഞ്ഞിരിക്കുന്നു എന്ന് അവരുടെ പഠനം വെളിവാക്കുന്നു.

രാജ്യത്തെ ശരാശരി തൊഴിലില്ലായ്മാ നിരക്ക് 2018 ൽ 9.21 ആയിരുന്നത് 2020 ഏപ്രിൽ ആയപ്പോഴേക്കും 23.50 ശതമാനമായി കുതിച്ചുയർന്നു. അൺലോക്ക് പ്രക്രിയ പൂർത്തിയാകുന്നതോടെ ഇതിൽ കുറവുണ്ടാകുമെന്നാണ് കേന്ദ്രസർക്കാർ പ്രതികരണം. നഗരപ്രദേശങ്ങളിലാണ് തൊഴിലില്ലായ്മ ഉയർന്നു നിൽക്കുന്നത്. (മടങ്ങിപ്പോയ അതിഥി തൊഴിലാളികൾ കാർഷിക മേഖലയിൽ തൊഴിൽ നേടിയതുകാരണം ഗ്രാമങ്ങളിലെ തൊഴിലില്ലായ്മാ നിരക്കിൽ നേരിയ കുറവ് കാണിക്കുന്നുണ്ട്). കോവിഡ് വ്യാപനം ഈ നിരക്കിൽ തുടർന്നാൽ ഇനിയും വലിയതോതിൽ തൊഴിൽ നഷ്ടമാകുമെന്ന് പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു. കോവിഡ് കാലയളവിൽ സർക്കാർ മുതൽമുടക്ക് വർദ്ധിപ്പിക്കാത്തതാണ് സ്ഥിതിഗതികൾ ഇത്രമാത്രം ഗുരുതരമാകുന്നതിന് വഴിവച്ചത്. ജനം വറുതിയിലേക്ക് നീങ്ങിയപ്പോൾ ആശ്വാസം നൽകുന്നതിനായി കേന്ദ്രസർക്കാർ ഒന്നുംതന്നെ ചെയ്തില്ല. കോവിഡ് മറവിൽ പ്രകൃതിവിഭവങ്ങളും പൊതുമേഖലാ സ്ഥാപനങ്ങളുമൊക്കെ കോർപ്പറേറ്റുകൾക്ക് കൈമാറാനാണ് സർക്കാർ ശ്രമിച്ചത്.

## എരിതീയിൽ എണ്ണ പകരൽ

രാജ്യത്തെ സ്ഥിതി ഇത്രമാത്രം ഗുരുതരമായിരിക്കുമ്പോൾ കേന്ദ്രസർക്കാർ വിവിധ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും നിയമന നിരോധനം കൊണ്ടുവരാനും നിലവിലുള്ള ജീവനക്കാരെ കുറയ്ക്കുന്നതിനും പദ്ധതി തയ്യാറാക്കിയിരിക്കുന്നു. കേന്ദ്രസർക്കാരിന്റെ വിവിധ വകുപ്പുകളിലായി 8 ലക്ഷം ഒഴിവുകൾ നിലവിലുണ്ട്. റെയിൽവേയിൽ 3 ലക്ഷം ഒഴിവുകൾ ഉണ്ടെന്നാണ് റെയിൽവേമന്ത്രി പിയൂഷ് ഗോയൽ ലോക്സഭയിൽ ചോദ്യത്തിനുത്തരമായി പറഞ്ഞത്. എന്നാൽ ഇതിലും എല്ലാം അധികമാണ് യഥാർത്ഥത്തിലുള്ള ഒഴിവുകൾ. 2019 ഡിസംബറിൽ പരീക്ഷാഫലം പ്രഖ്യാപിച്ച എ.എൽ.പി., ടെക്നീഷ്യൻ തസ്തികയിലേക്ക് ഇതുവരെ നിയമനങ്ങൾ നടത്തിയിട്ടില്ല. 2019 ഫെബ്രുവരിയിൽ അപേക്ഷ ക്ഷണിച്ച എൻ.ടി.സി.സി. തസ്തികകളിലേക്ക് ഇതുവരെയായിട്ടും പരീക്ഷ നടത്തിയിട്ടില്ല. റെയിൽവേയടക്കമുള്ള എല്ലാ മന്ത്രാലയങ്ങളിലും നിയമനം നിരോധിച്ചുകൊണ്ട് ഉത്തരവിറക്കിയിരിക്കുകയാണ്.

ഇതിന് പുറമേ 30 വർഷം സർവ്വീസ് ഉള്ളവരെ (വി.ആർ.എസ്.) സ്വയം വിരമിക്കൽ പദ്ധതി വഴി പുറന്തള്ളാൻ നടപടികൾ ആരംഭിച്ചിരിക്കുന്നു. ലക്ഷക്കണക്കിന് തൊഴിലുകൾ ഇത്തരത്തിൽ ഇല്ലാതാക്കാനാണ് കേന്ദ്രസർക്കാർ നീക്കം. വി.ആർ.എസ്. എന്ന ഓമനപ്പേരിലാണെങ്കിൽ കഴിഞ്ഞ ശമ്പള കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള കാര്യക്ഷമത വർദ്ധിപ്പിക്കാനുള്ള നടപടികളുടെ ഭാഗമായുള്ള കമ്പൽസറി റിട്ടയർമെന്റ് സ്കീം തന്നെയാണിത്.

## വി.ആർ.എസ്. ബാങ്കുകളിലേക്ക്

വി.ആർ.എസ്. പദ്ധതി ബാങ്കുകളിലേക്കും വ്യാപിപ്പിക്കാൻ നീക്കം നടക്കുന്നു. കേന്ദ്രസർക്കാർ കൊണ്ടുവരുന്ന എല്ലാ തൊഴിലാളിവിരുദ്ധ നടപടികളുടെയും പരീക്ഷണശാലയായ സ്റ്റേറ്റ് ബാങ്കിലാണ് ആദ്യം വി.ആർ.എസ്. പദ്ധതി കൊണ്ടുവരുന്നത്. 25 വർഷത്തെ സർവ്വീസും 55 വയസ്സും കഴിയുന്നവർക്ക് തുടർന്നുള്ള സർവ്വീസ് സെക്കന്റ് ഇന്നിംഗ്സാണ് എന്നാണ് SITVRS 2020 പദ്ധതിയിൽ പറയുന്നത്. എല്ലാ വർഷവും ഡിസംബർ 1 മുതൽ മൂന്നു മാസത്തേക്ക് ഈ പദ്ധതി തുറന്നുവയ്ക്കും. പുതിയ സാഹചര്യങ്ങളുമായി പൊരുത്തപ്പെടാനാവാത്തവർക്കുള്ള രക്ഷാപദ്ധതിയെന്നാണ് ബാങ്ക് ഈ പദ്ധതിയെ വിശേഷിപ്പിച്ചിരിക്കുന്നത്. ഒരു ഗ്രേഡിൽ നിന്നും മൂന്നു തവണ പ്രമോഷന് പോകാത്തവർക്ക് ഇത് നിർബന്ധിത പദ്ധതിയായിരിക്കുമെന്നാണ് പറഞ്ഞിട്ടുള്ളത്. അതുകൊണ്ട് ഈ പദ്ധതിയെ നിർബന്ധിത വിരമിക്കൽ പദ്ധതി (CRS) എന്ന് വിളിക്കാവുന്നതാണ്.

ഏകദേശം 11,565 ഓഫീസർമാരും 18,625 ക്ലാർക്ക് തസ്തികയിലുള്ളവരെയുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഇതിൽ 30 ശതമാനം പേർ ഈ പദ്ധതി സ്വീകരിച്ചാൽ തന്നെ ബാങ്കിന് 2170.85 കോടി രൂപ ലാഭിക്കാനാകുമെന്നാണ് ബാങ്ക് പ്രതീക്ഷിക്കുന്നത്. അസോസിയേറ്റ് ബാങ്കുകളെയും ഭാരതീയ മഹിളാ ബാങ്കിനേയും കൂടി സ്റ്റേറ്റ് ബാങ്ക് ഏറ്റെടുത്ത ശേഷം മൂവായിരത്തിലേറെ ശാഖകളും ഇരുന്നൂറിലേറെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസുകളും പൂട്ടിയിരുന്നു. ഗ്രാമീണ മേഖലയിലെ ബിസിനസ്സ് വലിയതോതിൽ പുറംകരാർ നൽകാനാണ് ബാങ്ക് ശ്രമിക്കുന്നത്. ഇതിനായി നിരവധി റിട്ടയർ ചെയ്ത ഉദ്യോഗസ്ഥരെ ബാങ്ക് നിയമിച്ചുതുടങ്ങിയിട്ടുണ്ട്.

സ്ഥിരജീവനക്കാരെ കുറയ്ക്കുക എന്ന ഗൂഢലക്ഷ്യത്തോടെയാണ് ബാങ്ക് ഇത്തരമൊരു പദ്ധതിയുമായി മുന്നോട്ടു പോകുന്നത്. "പൊതുമേഖലാ ബാങ്കുകളെ സ്വകാര്യവൽക്കരിക്കുന്നതിൽ തെറ്റില്ലായെന്ന" സ്റ്റേറ്റ് ബാങ്ക് ചെയർമാന്റെ പ്രസ്താവന കൂടി ഇതോടൊപ്പം ചേർത്തുവച്ചു വായിച്ചാലേ അപകടം പൂർണ്ണമായി മനസ്സിലാകൂ. അതായത് ബാങ്കിനെ ഏറ്റെടുക്കാൻ പോകുന്ന പുതിയ മുതലാളിക്ക് വേണ്ടിയാണ് ഈ ചെലവ് ചുരുക്കൽ പദ്ധതി. മറ്റു പൊതുമേഖലാ ബാങ്കുകളും ഈ ദിശയിൽത്തന്നെ നീങ്ങുമെന്ന് കരുതേണ്ടിയിരിക്കുന്നു. വർഷങ്ങളിൽ പതിനായിരത്തിലേറെ നിയമനം നടക്കുന്ന പൊതുമേഖലാ ബാങ്കുകളിൽ ഈ വർഷം വളരെ പരിമിതമായ തോതിലാണ് നിയമനം നടത്തുന്നത് എന്നത് ഇതിന് ഉദാഹരണമായി കാണാൻ കഴിയും. ഫലത്തിൽ വലിയതോതിൽ നിയമനങ്ങൾ നടന്നിരുന്ന ബാങ്കിംഗ് മേഖലയിൽ നിയമനങ്ങൾ കുറയുന്നു എന്നു മാത്രമല്ല, ലക്ഷക്കണക്കിന് തൊഴിലാളികളെ പുറന്തള്ളാൻ പദ്ധതികൾ ഒരുങ്ങുകയാണ്.

വി.ആർ.എസ്. നടപ്പിലാക്കുന്നതോടെ തൊഴിലാളി സംഘടനകൾ ദുർബ്ബലമാക്കപ്പെടും. അതോടെ സ്വകാര്യവൽക്കരണ പ്രക്രിയ എളുപ്പമായിത്തീരും. അതിനായി അമേരിക്കയുടെയും, നാണയനിധിയുടെയും, ലോകബാങ്കിന്റെയുമൊക്കെ വലിയ സമ്മർദ്ദമാണുള്ളത്.

ഈ നടപടികൾ എല്ലാം തന്നെ സമ്പദ്ഘടനയ്ക്കും ഇന്ത്യൻ ജനതയ്ക്കും വലിയ ആഘാതമായിത്തീരും. തൊഴിൽ നിയമ ഭേദഗതി വഴി സ്ഥിര തൊഴിൽ എന്നത് കരാർ തൊഴിലിന് വഴിമാറുന്നതോടെ പ്രതിസന്ധിയുടെ ആഴം വർദ്ധിപ്പിക്കും.

# ഇന്ത്യൻ റെയിൽവെയുടെ പിന്നാമ്പുറങ്ങളിലെ ദൈന്യജീവിതങ്ങൾ!

ആർ.ജി.പിള്ള

കോവിഡ് ലോക്ഡൗൺ മൂലം റെയിൽവെയെ ആശ്രയിച്ച് ഉപജീവനം നടത്തിയിരുന്ന 10 ലക്ഷത്തിലധികം വരുന്ന കരാർ അനുബന്ധ തൊഴിലാളികൾ തൊഴിലും വരുമാനവും നഷ്ടപ്പെട്ട് കടുത്ത ജീവിത പ്രതിസന്ധിയെ നേരിടുകയാണ്.

ലോക്ഡൗൺ പ്രഖ്യാപിക്കപ്പെട്ട ഉടൻതന്നെ കേന്ദ്രഗവൺമെന്റ്, പേർസണൽ മന്ത്രാലയം മുഖേനയും അതിനെ പിൻതുടർന്ന് റെയിൽവെ ബോർഡും കരാർ- അനുബന്ധ തൊഴിലാളികളെ ഈ വിഷമഘട്ടത്തിൽ ഒഴിവാക്കരുതെന്നും ജോലിക്ക് വരാൻ കഴിഞ്ഞാലും ഇല്ലെങ്കിലും അവർക്ക് മുഴുവൻ ശമ്പളവും ലഭ്യമാക്കണമെന്നും അതിന് വേണ്ടി കരാർ തുകയുടെ 70% കരാറുകാർക്ക് നൽകണമെന്നും നിർദ്ദേശിച്ച് 2020 മാർച്ച് 22നു തന്നെ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഗതാഗതം സാധാരണനില പുനഃസ്ഥാപിക്കപ്പെടുന്നതുവരെ ശമ്പളം ലഭ്യമാക്കണം എന്നും ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു. പ്രസ്തുത ഉത്തരവ് നടപ്പാക്കാൻ ഒരു നടപടിയും എടുത്തിട്ടില്ല. മാത്രമല്ല IRCTC പോലെ റെയിൽവെയുടെ തന്നെ ഉടമസ്ഥതയിലുള്ള, സ്ഥാപനവും കേന്ദ്രഗവൺമെന്റിന്റെ ഈ ഉത്തരവ് നടപ്പാക്കാൻ ഒരു നടപടിയും സ്വീകരിച്ചില്ല.

"കോൺട്രാക്റ്റ് ലേബർമാരുടെ സംരക്ഷണത്തിനായി പാർലമെന്റ് പാസ്സാക്കിയ കോൺട്രാക്റ്റ് ലേബർ നിയന്ത്രിക്കലും അവസാനിപ്പിക്കലും നിയമം 1970, EPF&Miscelleanous Act 1952, എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷൂറൻസ് ആക്റ്റ് 1948, വർക്ക്മെൻ കോമ്പൻസേഷൻ ആക്ട് 1948 എന്നീ നിയമങ്ങളുടെ സംരക്ഷണം തൊഴിലാളികൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടുന്ന ഉത്തരവാദിത്വം മുഖ്യതൊഴിൽദാതാവ് എന്ന നിലയിൽ റെയിൽവെയിൽ അർപ്പിതമാണ്. എന്നാൽ അത് നിർവ്വഹിക്കപ്പെടുന്നില്ല. അത് പാലിക്കാനുള്ള ചുമതല കോൺട്രാക്റ്റർമാർക്കും അവരും അത് പാലിക്കുന്നില്ല. ജോലിനിർവ്വഹണത്തിന് ആവശ്യമായി വരുന്ന നിശ്ചിത എണ്ണം തൊഴിലാളികളുടെ രജിസ്ട്രേഷൻ സെൻട്രൽ ലേബർ കമ്മീഷണർ മുമ്പാകെ മുഖ്യ തൊഴിൽദാതാവായ റെയിൽവെ നടത്തേണ്ടതുണ്ട്. നിശ്ചിതസമയക്രമത്തിൽ തൊഴിൽ നിർവ്വഹണം സംബന്ധിച്ച റിട്ടേൺസ് നൽകുകയും കാലാവധി കഴിഞ്ഞാൽ രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. ഇതേ വ്യവസ്ഥകൾ കോൺട്രാക്റ്റർമാർക്കും ബാധകമാണ്. എന്നാൽ ഈ വ്യവസ്ഥകൾ പാലിക്കപ്പെടുന്നില്ല. കരാർ തൊഴിലാളികൾക്ക് ബാധകമായ എല്ലാ നിയമങ്ങളും കർശനമായി പാലിക്കണമെന്ന് റെയിൽവെ ബോർഡ് തലം മുതൽ ഡിവിഷണൽ തലംവരെ ഉത്തരവുകൾ ഇടക്കിടക്ക് നൽകി തങ്ങളുടെ ബാധ്യത നിറവേറ്റി എന്നു വരുത്തുന്നതല്ലാതെ അവ നടപ്പിലാക്കാൻ തുടർന്ന് ഒരു ചെറുവിരൽപോലും അനക്കുന്നില്ല എന്നതാണ് അനുഭവം.

റെയിൽവേ ട്രാക്ക് നിർമ്മാണവും പരിപാലനവുമായി ബന്ധപ്പെട്ട ജോലികൾ ചെയ്യുന്ന തൊഴിലാളികൾ, ശുചീകരണ തൊഴിലാളികൾ, കാറ്ററിംഗ് മേഖലയിലെ തൊഴിലാളികൾ, ലൈസൻസ്ഡ് പോർട്ടർമാർ തുടങ്ങിയ വിഭാഗങ്ങളിലുള്ള തൊഴിലാളികളെല്ലാം റെയിൽവേയുടെ അനാസ്ഥ മൂലം കടുത്ത ദുരിതമാണ് അനുഭവിക്കുന്നത്.

കരാർഅനുബന്ധ തൊഴിലാളികൾ തങ്ങളുടെ തൊഴിലും വരുമാനവും നഷ്ടപ്പെട്ട് 2020 മാർച്ച് 25മുതൽ ദുരിതമനുഭവിക്കുകയാണ്. റെയിൽവേയിൽ എന്ന് വണ്ടികളോടിത്തുടങ്ങുമെന്നോ റെയിൽവേസ്റ്റേഷനുകൾ എന്ന് സജീവമാകുമെന്നോ, എന്ന് തങ്ങളുടെ തൊഴിൽ തിരികെ ലഭ്യമാകുമെന്നോ ഒരുനിശ്ചയവും ഇന്നും ഇല്ലാത്ത അവസ്ഥയാണ് ഉള്ളത്. കേന്ദ്രഗവൺമെന്റോ റെയിൽവെയോ വ്യക്തമായ ഒരു സമയപരിധി വെളിപ്പെടുത്തികാണുന്നുമില്ല. മെട്രോസർവ്വീസ് പുനരാരംഭിച്ചിട്ടും ട്രെയിൻ സർവ്വീസിനെ പറ്റി മൗനം പാലിക്കുകയാണ്. ദശാബ്ദങ്ങളായി റെയിൽവെ ജോലികളിൽ ഏർപ്പെട്ട് ജീവിതമാർഗ്ഗം കണ്ടെത്തിയിരുന്ന 10 ലക്ഷം കരാർ അനുബന്ധ തൊഴിലാളികളും അവരെ ആശ്രയിച്ച് ജീവിക്കുന്ന കുടുംബങ്ങളും ഇന്ന് കടുത്ത പ്രതിസന്ധി നേരിടുകയാണ്. ഒരു പുതിയ ജീവിതമാർഗ്ഗം കണ്ടെത്താനുള്ള സാദ്ധ്യത ഈ കോവിഡ് കാലത്ത് പ്രത്യേകിച്ചും വളരെ വിരളമാണ്. അതുകൊണ്ടുതന്നെ ഈ മഹാമാരികാലത്ത് അവരെയും കുടുംബങ്ങളെയും സംരക്ഷിക്കുവാൻ ആവശ്യമായ സാമ്പത്തികസഹായം സാധാരണനില പുനഃസ്ഥാപിക്കുന്നതുവരെ ലഭ്യമാക്കേണ്ടത് റെയിൽവെയുടെയും കേന്ദ്രഗവൺമെന്റിന്റെയും അടിയന്തിര കടമയാണ്. ●

# സംഘടനാവാർത്തകൾ

## സിഐടിയു കർഷകസംഘം കർഷകതൊഴിലാളി സെപ്തംബർ 5 ന്റെ സംയുക്ത സമരം

കേന്ദ്ര സർക്കാരിന്റെ തൊഴിലാളി വിരുദ്ധ കർഷക വിരുദ്ധ നയങ്ങൾക്കെതിരെ സിഐടിയു, കർഷക സംഘം, അഖിലേന്ത്യാ കർഷക തൊഴിലാളി യൂണിയൻ എന്നീ സംഘടനകൾ സംയുക്തമായി ആഹ്വാനം ചെയ്ത പ്രക്ഷോഭത്തിൽ സംസ്ഥാനത്തെ വിവിധ മേഖലകളിൽ നിന്നായി തൊഴിലാളികളും പൊതുജനങ്ങളും പങ്കാളികളായി. സിഐടിയു സംസ്ഥാന ജനറൽ സെക്രട്ടറി സ. എളമരം കരീം തിരുവനന്തപുരത്ത് ഏജീസ് ഓഫീസിനു മുൻപിൽ പ്രതിഷേധ ധർണ്ണയുടെ ഭാഗമായി.സിഐടിയു സംസ്ഥാന കമ്മിറ്റി അംഗങ്ങളുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ വിവിധ ജില്ലകളിലെ കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾക്ക് മുൻപിലും പഞ്ചായത്ത് തലങ്ങളിലും തൊഴിലാളികൾ സംയുക്ത ദേശീയ പ്രതിഷേധ സമരത്തിന്റെ ഭാഗമായി.

## കൺസ്യൂമർഫെഡ് തൊഴിലാളികളുടെ സൂചനാ പണിമുടക്ക്

കൺസ്യൂമർഫെഡ് വർക്കേഴ്സ് അസോസിയേഷൻ (സിഐടിയു) വിന്റെ സംസ്ഥാന ഭാരവാഹികളായ രണ്ട് സഖാക്കളെ കഴിഞ്ഞ ഒരു വർഷമായി സസ്പെൻഡ് ചെയ്തിട്ട് നാളിതുവരെ ജോലിയിൽ തിരിച്ചെടുക്കാത്തതിലും, ജീവനക്കാരുടെ വിവിധ ആവശ്യങ്ങൾ അടങ്ങിയ അവകാശപത്രികയിൽ മേൽ ചർച്ചകൾ നടത്തി ധാരണയായവ നടപ്പാക്കാത്തതിലും , ജീവനക്കാർക്ക് അർഹമായ പ്രമോഷനുകൾ നൽകാത്തതിലും പ്രതിഷേധിച്ച് ഏകപക്ഷീയമായി തീരുമാനങ്ങൾ കൈക്കൊള്ളുന്ന കൺസ്യൂമർഫെഡ് മാനേജ്മെന്റിനെതിരെ കൺസ്യൂമർഫെഡിലെ സിഐടിയു, ഐഎൻടിയുസി ഉൾപ്പെടെയുള്ള സംഘടനകൾ സെപ്തംബർ 5 ന് പണിമുടക്ക് സമരം നടത്തി. തിരുവനന്തപുരം കൺസ്യൂമർഫെഡ് റീജിയണൽ ഓഫീസിനു മുൻപിൽ വച്ച് നടന്ന പ്രതിഷേധ ധർണ്ണ സിഐടിയു സംസ്ഥാന സെക്രട്ടറി സ. വി ശിവൻകുട്ടി ഉദ്ഘാടനം ചെയ്തു..

## വിജയമോഹിനി മിൽ തൊഴിലാളികളുടെ അനിശ്ചിതകാല പണിമുടക്ക്

ദേശീയ തലത്തിൽ ഏഴാം സ്ഥാനമുള്ള തിരുവനന്തപുരത്തെ വിജയമോഹിനി മിൽ അടച്ചുപൂട്ടി 200ൽപരം തൊഴിലാളികളെ ദുരിതത്തിലാക്കുന്ന കേന്ദ്ര സർക്കാർ നടപടിയിൽ പ്രതിഷേധിച്ച് തൊഴിലാളികൾ നടത്തുന്ന സത്യാഗ്രഹ സമരകേന്ദ്രം സിഐടിയു സംസ്ഥാന ജനറൽ സെക്രട്ടറി സ.എളമരം കരീം സന്ദർശിച്ച് സംസാരിച്ചു. സിഐടിയു സംസ്ഥാന ട്രഷറർ സ.നന്ദകുമാർ, സംസ്ഥാന സെക്രട്ടറി സ.വി ശിവൻകുട്ടി എന്നീ സഖാക്കളും സംസാരിച്ചു. ഇന്ത്യയിൽ ഒട്ടാകെയുള്ള മില്ലുകൾ അടച്ചുപൂട്ടി വിൽപ്പനയ്ക്ക് വയ്ക്കുന്ന നടപടിയാണ് കേന്ദ്ര സർക്കാർ ഇപ്പോൾ ചെയ്യുന്നത്.കോവിഡിന്റെ മറവിൽ രാജ്യത്തെ പൊതുമേഖലകളെ സ്വകാര്യവത്കരിക്കുന്ന കേന്ദ്ര സർക്കാർ തിരുവനന്തപുരത്തെ വിജയമോഹിനി മിൽ ഉൾപ്പെടെ എൻടിസിയുടെ കീഴിൽ കേരളത്തിലുള്ള അഞ്ച് മില്ലുകളും വിൽപ്പന നടത്താനാണ് ലക്ഷ്യമിടുന്നത്. ലോക്ഡൗണിന്റെ മറവിൽ അടച്ച തിരുമല വിജയമോഹിനി മിൽ തുറക്കണമെന്നും തൊഴിലാളികളുടെ തടഞ്ഞുവെച്ച ശമ്പളം വിതരണം ചെയ്യണമെന്നുമാവശ്യപ്പെട്ട് സിഐടിയു ഉൾപ്പെടെയുള്ള ട്രേഡ് യൂണിയനുകളുടെ സംയുക്ത സമര സമിതിയുടെ നേതൃത്വത്തിൽ 48 മണിക്കൂർ ഉപവാസ സമരം നടത്തിയിരുന്നു.തൊഴിലാളി പ്രക്ഷോഭങ്ങൾക്ക് വില നൽകാതെ മിൽ അടച്ചുപൂട്ടാനും വിൽപ്പന ചെയ്യുന്നതിനുമുള്ള നീക്കത്തിനെതിരായാണ് ട്രേഡ് തൊഴിലാളികൾ അനിശ്ചിതകാല സത്യാഗ്രഹ സമരം ആരംഭിച്ചത്.

## മണപ്പുറം ഫിനാൻസിൽ നിന്നും പിരിച്ചുവിടപ്പെട്ട ജീവനക്കാർക്ക് സിഐടിയു സഹായം

മാനേജ്മെന്റിന്റെ പ്രതികാര നടപടിക്ക് വിധേയമായി പിരിച്ച് വിടപ്പെട്ട യൂണിയൻ അംഗങ്ങളായ ജീവനക്കാർക്ക് ധന സഹായവും ഭക്ഷ്യധാന്യ കിറ്റും വിതരണം ചെയ്തു. കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ബ്രാഞ്ചിലെ ജീവനക്കാരിയായ രസ്ന കൊയിലാണ്ടി ബ്രാഞ്ചിലെ ജീവനക്കാരനായ എം.കെ നികേഷ് എന്നിവർക്ക് സിഐടിയു കോഴിക്കോട് ജില്ല ജനറൽ സെക്രട്ടറി സ: പി.കെ.മുകുന്ദൻ സഹായം കൈമാറി. കീഴരിയ്യൂർ ലോക്കൽ കമ്മിറ്റി സെക്രട്ടറി പി.കെ.ബാബു, യൂണിയൻ ജനറൽ സെക്രട്ടറി സ: സി.സി.രതീഷ് എന്നിവർ പങ്കെടുത്തു.

# സീതാറാം യെച്ചൂരിയെ കള്ളക്കേസിൽ കുടുക്കാൻ ശ്രമിക്കുന്ന നടപടിയിൽ പ്രതിഷേധിക്കുക

**എളമരം കരീം**

ഡൽഹി കലാപത്തിന്റെ ആസൂത്രണ ഗൂഢാലോചനയിൽ സഖാവ് സീതാറാം യെച്ചൂരിയെ പ്രതിചേർക്കാൻ കേന്ദ്രസർക്കാരിന് കീഴിലുള്ള ഡൽഹി പോലീസ് നടത്തുന്ന ശ്രമം അത്യന്തം പ്രതിഷേധാർഹമാണ്. രാഷ്ട്രീയ എതിരാളികളെ കള്ളക്കേസിൽ കുടുക്കി ജയിലിലടച്ചാൽ ഭരണഘടനയെ അട്ടിമറിക്കാനും രാജ്യത്തെ കൊള്ളയടിക്കാനും ഈ സർക്കാർ കൈക്കൊള്ളുന്ന നടപടികൾക്കെതിരെയുള്ള പ്രതിഷേധ സ്വരങ്ങളെ ഇല്ലാതാക്കാം എന്ന വ്യാമോഹമാണ് ബിജെപി നേതൃത്വത്തിന്. പൗരത്വ നിയമ ഭേദഗതിക്കെതിരെ ജനങ്ങളാകെ ഒറ്റക്കെട്ടായി അണിനിരന്ന പ്രതിഷേധങ്ങൾ രാജ്യത്തങ്ങോളമിങ്ങോളം ഒരു വലിയ മുന്നേറ്റമായി വളർന്നപ്പോഴാണ് വളരെ ആസൂത്രിതമായി ഡൽഹിയിൽ കലാപം പൊട്ടിപ്പുറപ്പെട്ടത്. കലാപം അമർച്ചചെയ്യുന്നതിലും കലാപകാരികളെ അറസ്റ്റ് ചെയ്യുന്നതിലും ഡൽഹി പോലീസ് കാണിച്ച ഗുരുതരമായ കൃത്യവിലോപം വളരെയധികം ചർച്ചചെയ്യപ്പെട്ടതും വിമർശിക്കപ്പെട്ടതുമാണ്. ഈ കലാപത്തിനെതിരെ ശക്തമായ നിലപാടാണ് സിപിഐഎം സ്വീകരിച്ചത്. കലാപത്തിന് ആഹ്വാനം ചെയ്തുകൊണ്ട് വിദ്വേഷപ്രസംഗം നടത്തിയ ബിജെപി നേതാവ് കപിൽ മിശ്രയ്ക്കെതിരെയും കേന്ദ്ര മന്ത്രി അനുരാഗ് ഠാക്കൂറിനെതിരെയും ഒരു ചെറുവിരലനാക്കാൻ ധൈര്യപ്പെടാത്ത ഡൽഹി പോലീസ് അതിനെതിരെ നിലപാടെടുത്ത സീതാറാം യെച്ചൂരിയെ കലാപ ഗൂഢാലോചനാക്കേസിൽ പ്രതിയാക്കാൻ ശ്രമിക്കുന്നത് ഉന്നത രാഷ്ട്രീയ ഇടപെടലിന്റെ ഫലമായാണ്.

ജനാധിപത്യ വിരുദ്ധരായ ബിജെപിക്കാർക്കെതിരെ വരും ദിവസങ്ങളിൽ ശക്തമായ സമരങ്ങളും ജനകീയ മുന്നേറ്റങ്ങളും ഉയർന്നുവരും. അതിന്റെയെല്ലാം മുൻനിരയിൽ തന്നെ എന്നെത്തെയും പോലെ സിപിഐഎമ്മും സഖാവ് സീതാറാം യെച്ചൂരിയും ഉണ്ടാകും. ഈ വിരട്ടലുകൾക്ക് മുന്നിൽ അലിഞ്ഞില്ലാതാവുന്നതല്ല ഇടതുപക്ഷ പ്രത്യയശാസ്ത്രം.

# മാനവശേഷി സൂചികയിൽ ഇന്ത്യയുടെ റാങ്ക് 116

ആരോഗ്യ വിദ്യാഭ്യാസ രംഗങ്ങളിൽ രാജ്യങ്ങളുടെ പുരോഗതി വിലയിരുത്തി ലോക ബാങ്ക് തയാറാക്കുന്ന വാർഷിക മാനവശേഷി സൂചികയിൽ ഇന്ത്യയുടെ സ്ഥാനം 116. കഴിഞ്ഞ വർഷം റാങ്ക് 115 ആയിരുന്നു. 174 രാജ്യങ്ങളുടെ പട്ടികയിൽ ഇത്തവണ ഇന്ത്യയുടെ സ്ഥാനം ഒരു പടി താണു. കഴിഞ്ഞ മാർച്ചുവരെയുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ട് ലോകബാങ്കാണ് പുറത്തുവിട്ടത്. വരുമാനം കുറഞ്ഞ രാജ്യങ്ങളാണ് കുട്ടികളുടെ ആരോഗ്യ, വിദ്യാഭ്യാസ കാര്യങ്ങളിൽ ഗണ്യമായ പുരോഗതി നേടിയത്. കഴിഞ്ഞതവണ റിപ്പോർട്ടിനെതിരെ ഇന്ത്യ പ്രതിഷേധിച്ചിരുന്നു. ഇതിനെക്കുറിച്ച് ആരാഞ്ഞപ്പോൾ സൂചിക മെച്ചപ്പെടുത്താൻ ഉയർന്ന നിലവാരത്തിലുള്ള വിവരത്തിന് തന്റെ സംഘം ഇന്ത്യയടക്കമുള്ള രാജ്യങ്ങളുമായി ബന്ധപ്പെട്ടിരുന്നെന്ന് മാനവ വികസനത്തിൽ ലോകബാങ്കിന്റെ മുഖ്യ സാമ്പത്തിക ശാസ്ത്രജ്ഞയായ റോബെർട്ടഗാറ്റി പറഞ്ഞു.

# ആദരാഞ്ജലികൾ

## സ: പൂക്കോടൻ ചന്ദ്രൻ



ബീഡി വർക്കേഴ്സ് ഫെഡറേഷൻ സംസ്ഥാന സെക്രട്ടറിയും സിഐടിയു കണ്ണൂർ ജില്ലാ കമ്മിറ്റി അംഗവും മുതിർന്ന ട്രേഡ് യൂണിയൻ നേതാവുമായ സ: പൂക്കോടൻ ചന്ദ്രന്റെ വേർപാടിൽ സിഐടിയു സംസ്ഥാന കമ്മിറ്റിയുടെ ആദരാഞ്ജലികൾ

## സ: വി ലക്ഷ്മണൻ



സിഐടിയു മുൻ സംസ്ഥാന കമ്മിറ്റി അംഗവും കെഎസ്ഇബി വർക്കേഴ്സ് അസോസിയേഷൻ മുൻ സംസ്ഥാന ജനറൽ സെക്രട്ടറിയും ആയിരുന്ന സ: വി ലക്ഷ്മണന്റെ വേർപാടിൽ സിഐടിയു സംസ്ഥാന കമ്മിറ്റിയുടെആദരാഞ്ജലികൾ